# ക്രിസ്റ്റഡെൽഫിയൻസ്
# ബൈബിൾ പഠനപദ്ധതി

**Malayalam 11 Lesson Bible Course**



"നിന്റെ വചനം എന്റെ കാലിന്നു ദീപവും
എന്റെ പാതെക്കു പ്രകാശവും ആകുന്നു".
സങ്കീർത്തനം. 119: 105


**The Christadelphians**
**G.P.O. Box.159**
**Hyderabad. 500 001**
**A.P., India**

# പാഠം 1.
# ബൈബിളിനെക്കുറിച്ച്.

വായനാഭാഗം. സങ്കീ. 1: 19. 2തിമൊ. 3

ക്രിസ്തുവിൽ സഹോദരങ്ങളായ ഞങ്ങൾ വിശുദ്ധ വേദപുസ്തകത്തെ അതി ശ്രേഷ്ഠമായ പുസ്തകമായി കാണുകയും അതിലെ മഹത്തായ ആശയങ്ങൾ താങ്കളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നു.

ജീവിതത്തിന്റെ പൂർണ്ണതയെക്കുറിച്ച് ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. മനുഷ്യ സൃഷ്ടിയോട് ദൈവം സംസാരിക്കുന്ന വചനമാണ് വേദപുസ്തകം. മനുഷ്യർ ചെയ്യേണ്ടുന്ന കാര്യങ്ങളെക്കുറിച്ചുള്ള ഒരു സന്ദേശമാണ് അത്. ദൈവ സൃഷ്ടിയിൽ നമുക്ക് ഓരോരുത്തർക്കുമുള്ള സ്ഥാനം അത് കാണിച്ചുതരുന്നു, നമ്മുടെ വ്യക്തിപരവും സാന്മാർഗ്ഗികവും ആത്മികവുമായ നല്ല പാതകളെ അത് കാട്ടിത്തരുന്നു. അതുപോലെതന്നെ നാം മറ്റുള്ളവരോട് സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായി എങ്ങനെ ഇടപെടണമെന്ന് അറിയിക്കുന്നു.

ബൈബിൾ എന്ന പദത്തിന്റെ അർത്ഥം പുസ്തകം എന്നാണ്. ഇത് ജീവന്റെ പുസ്തകമാണ്. സമർപ്പണവും, അനുസരണവും ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്നു. ദൈവകല്പനകളെ അംഗീകരിക്കുക എന്നും അനുസരണമെന്നു പറഞ്ഞാൽ ആ കല്പനകൾക്കൊത്ത് അനുദിനം ജീവിക്കുക എന്നുമാണ് അർത്ഥം. ദൈവകല്പനകളെ പാലിക്കുന്നവർക്ക് മനസ്സമാധാനം തിരുവചനം വാഗ്ദത്തം ചെയ്യുന്നു.

*ക്രിസ്തു പറഞ്ഞു; എന്റെ സമാധാനം ഞാൻ നിങ്ങൾക്ക് തരുന്നു,*

സമാധാനത്തിന്റെയും ഐക്യത്തിന്റെയും വഴിയാണ് വിശുദ്ധ ബൈബിൾ ചൂണ്ടിക്കാണിക്കുന്നത്, നിങ്ങൾ ജീവിക്കുന്ന ചുറ്റുപാടുകളിലേക്ക് നോക്കുമ്പോൾ സൂര്യനും, ചന്ദ്രനും, നക്ഷത്രങ്ങളും എല്ലാം ഒരു നിയമം പാലിക്കുന്നതായി കാണാം. ആ നിയമം ദൈവം ചെയ്തതാണ്. എല്ലാം യോജിച്ചു മുന്നോട്ടു പോകുന്നു എന്നുള്ളത് ദൈവസൃഷ്ടിയായ പ്രകൃതി നിയമങ്ങളുടെ പ്രത്യേകതയാണ്. സുര്യൻ കിഴക്ക് ഉദിക്കുന്നു, പടിഞ്ഞാറ് അസ്തമിക്കുന്നു. ദൈവം നിശ്ചയിച്ച പദ്ധതി അനുസരിച്ച് എല്ലാം കൃത്യമായി നടക്കുന്നു. ദൈവം സർവ്വ ജ്ഞാനിയും, സർവ്വശക്തനുമാണ്. അവൻ ചെയ്യുന്നതിലൊക്കെയും പ്രത്യേക ലക്ഷ്യങ്ങളുണ്ട്.

വിശുദ്ധ ബൈബിൾ ദൈവത്തിന്റെ വചനമാണ് അഥവാ ദൈവത്തിന്റെ അരുളപ്പാടാണ്. ദൈവത്താൽ എഴുതപ്പെട്ടതാണ്. ദൈവം ഗ്രന്ഥ കർത്താവായിരിക്കുന്ന ഒരേ ഒരു ഗ്രന്ഥമാണ് വി. ബൈബിൾ. അതിന്റെ അർത്ഥം ദൈവം തൂലികയെടുത്ത് സ്വന്തം കൈകൊണ്ട് എഴുതിയെന്നതല്ല, പിന്നയോ ചില മനുഷ്യരുടെ കൈകളേയും മനസ്സുകളേയും പ്രേരിപ്പിച്ച് തന്റെ പദ്ധതികൾ മനുഷ്യരെ അറിയിയ്ക്കുകയത്രേ ചെയ്തത് എന്നാകുന്നു.

പഴയ നിയമത്തിൽ 39 ഉം പുതിയ നിയമത്തിൽ 27 ഉം പുസ്തകങ്ങളും ഉൾപ്പെട്ട 66 പുസ്തകങ്ങളുടെ ഒരുസമാഹാരമാണ് വി. ബൈബിൾ. അവ എഴുതുവാൻ രാജാക്കന്മാർ, പുരോഹിതന്മാർ, ധനികർ, ദരിദ്രർ, രാജ്യതന്ത്രജ്ഞന്മാർ, മുക്കുവർ, വൈദ്യന്മാർ, ചുങ്കംപിരിവുകാർ, മുതലായ വിവിധ തരക്കാരെ ദൈവം ഉപയോഗിച്ചു. 1500 വർഷങ്ങൾ കൊണ്ടാണ് ഈ പുസ്തകങ്ങൾ രചിയ്ക്കപ്പെട്ടിട്ടുള്ളത്. 2 തിമൊ. 3: 16 ഉം 17 ഉം വായിക്കുക. “എല്ലാ തിരുവെഴുത്തും (പഴയ നിയമവും പുതിയ നിയമവും) ദൈവവിശ്വാസിയമാണ്” അതുകൊണ്ടാണ് ബൈബിളിന്റെ കർത്താവ് ദൈവമാണെന്ന് പറയുന്നത്. ബൈബിൾ തർജ്ജമ ചെയ്തപ്പോൾ ചില പിശകുകളും അർത്ഥ വ്യത്യാസങ്ങളും ഒക്കെ കടന്നുകൂടിയിട്ടുണ്ട്. അതുകൊണ്ട് മലായാളം വേദപുസ്തകത്തോടൊപ്പം മറ്റുഭാഷകളിലുള്ള തർജ്ജമയും പ്രത്യേകിച്ച് ഇംഗ്ലീഷിലുള്ള തർജ്ജമയും നോക്കുന്നത് നന്നായിരിക്കും. ഈ പഠന പാഠങ്ങളിൽ ബൈബിൾ വാക്യങ്ങൾ പലയിടത്തും സൂചിപ്പിയ്ക്കുന്നുണ്ട്. ആ വാക്യങ്ങളെ വേദപുസ്തകത്തിൽ നിന്നു തന്നെ നേരിട്ടു നിങ്ങൾ വായിക്കണം. ഈ പഠനം പൂർത്തിയാക്കിക്കഴിയുമ്പോൾ ഏതെങ്കിലും തരത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് കിട്ടുമെന്ന് നിങ്ങൾ പ്രതീക്ഷിക്കരുത്. ദൈവത്തിന് പ്രസാദകരമായി ജീവിയ്ക്കുവാനുള്ള വഴി ഈ പഠന പദ്ധതിയിലൂടെ നിങ്ങൾക്കു കിട്ടിയെന്നുള്ളതു മാത്രമാണ് നിങ്ങൾക്ക് ലഭിയ്ക്കാവുന്ന ഒരു പ്രതിഫലം. വേദപുസ്തകത്തിന്റെ കർത്താവായ ദൈവത്തിന്റെ ഈ പുസ്തകം നിങ്ങൾ വായിച്ച് അർത്ഥം മനസ്സിലാക്കി അവന് പ്രസാദകരമായി ജീവിക്കുവാൻ ആഹ്വാനം ചെയ്യുന്നു. വി. വേദപുസ്തകത്തിലൂടെ ദൈവം നമ്മോട് അരുളിചെയ്യുന്നതെന്ത് എന്നു ചുരുക്കമായിതാഴെ എഴുതുന്നു.

1. ദൈവം ഏകനാണ്.
2. ഭൂമി എങ്ങനെ സൃഷ്ടിക്കപ്പെട്ടു? ഇപ്പോൾ ആയിരിക്കുന്നതുപോലെ ഭൂമി ആയിത്തീർന്നതെങ്ങനെ?
3. നമ്മുടെ ജീവിതത്തിന്റെ ഉദ്ദേശ്യമെന്ത്? നാം എന്തിനുജനിച്ചു എന്തുകൊണ്ട് മരിക്കുന്നു?
4. സ്നേഹവും നന്മയും അതോടൊപ്പം വിദ്വേഷവും തിന്മയും എന്തുകൊണ്ട് ഉണ്ടായിരിക്കുന്നു?



5. നിത്യജീവൻ നമുക്കു ലഭിക്കുവാൻ തക്കവണ്ണം മറ്റുള്ളവരോട് സഹകരിച്ച് ഐക്യത്തിൽ ജീവിക്കുവാൻ എങ്ങനെ സാധിക്കും?

ദൈവത്തിന്റെ പ്രമാണങ്ങളെ ലംഘിക്കുന്നതാണു പാപം. പാപത്തിന്റെ ശിക്ഷ മരണവുമാണ്.

6. യഹൂദ സ്ത്രീയായ മറിയത്തിൽ ദൈവം തന്റെ പുത്രനെ ജനിപ്പിച്ചു.
7. ക്രിസ്തു യേശുവിലുള്ള വിശ്വാസത്താൽ നമുക്കു പാപമോചനം തരുവാൻ ദൈവം ആഗ്രഹിക്കുന്നു.
8. പൂർണ്ണമായ ദൈവീക ആധിപത്യത്തോടുകൂടിയ ദൈവരാജ്യം ഈ ഭൂമിയിൽ ദൈവം സ്ഥാപിക്കും.
9. ഈ ഭൂമി നല്ല ഒരവസ്ഥയിലേക്കു മാറ്റപ്പെടും.
10. ദൈവകൃപയാൽ വചനവിശ്വാസികളായ വിശ്വസ്തർ പരിപൂർണ്ണരാക്കപ്പെടും. അവർ മരണത്തേയും കഷ്ടതകളെയും എന്നെന്നേക്കുമായി ജയിച്ചു വാഴും.

## ക്രിസ്തുവും പഴയനിയമവും

എല്ലാ കാര്യങ്ങളിലും വച്ച് ഏറ്റവും പ്രമുഖമായത് യേശു ക്രിസ്തുതന്നെയാണ്. അവനെ മൂലകല്ലായിട്ടാണ് ചിത്രീകരിച്ചിരിക്കുന്നത്. ദൈവത്തിന്റെ സകല പദ്ധതികളുടെയും കേന്ദ്രബിന്ദുവാണ് ക്രിസ്തു. അതുകൊണ്ട് പഴയ നിയമത്തിൽ ക്രിസ്തുവിനെക്കുറിച്ചുള്ള അനേകം പ്രവചനങ്ങൾ കാണാം. നമ്മെ അത്ഭുതപ്പെടുത്തുന്നത് ഈ പ്രവചനങ്ങൾ ക്രിസ്തുവിന്റെ ജനനത്തിന് നൂറുകണക്കിന് വർഷങ്ങൾക്കു മുൻപ് ഉണ്ടായിട്ടുള്ളവയാണ് എന്നുള്ളതാണ്.

*ചില ഉദാഹരണങ്ങൾ നോക്കാം.*

| **പഴയനിയമം** | **പുതിയനിയമം** |
|---|---|
| യഹോവയുടെ ദൂതൻ അബ്രഹാമിനെ വിളിച്ചു. നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും. ഉല്പ.22: 15, 18 | അബ്രഹാമിനും അവന്റെ സന്തതിയ്ക്കും വാഗ്ദത്തങ്ങൾ ലഭിച്ചു...... ‘നിന്റെ സന്തതിയ്ക്കും എന്ന ഏകനേക്കുറിച്ചത്രേ പറയുന്നത് അതു ക്രിസ്തുതന്നെ’ ഗലാ.3:16. |
| ‘കന്യക ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. അവന് ഇമ്മാനുവൽ എന്ന് പേർ വിളിക്കും’ യെശ. 7: 14. | മറിയയേ ഭയപ്പെടേണ്ട, നീ ഗർഭം ധരിച്ച് ഒരു മകനെ പ്രസവിക്കും. ലൂക്കോ.1: 31. |
| ‘ഒരു ഇടയനെപ്പോലെ അവൻ തന്റെ ആട്ടിൻകൂട്ടത്തെമേയിക്കും.യെശ. 40: 11. | ‘ഞാൻ നല്ല ഇടയനാകുന്നു’യോഹ.10: 11. |
| “സീയോൻ പുത്രിയേ, ആർപ്പിടുക. അവൻ കഴുതപ്പുറത്തും പെൺ കഴുതയുടെ കുട്ടിയായ ചെറു കഴുതപ്പുറത്തും കയറിവരുന്നു.”സഖ.9: 9, | ശിഷ്യന്മാർ കഴുതക്കുട്ടിയെ കൊണ്ടുവന്നു. കഴുതയുടെ പുറത്തു യേശു കയറി യാത്ര ചെയ്തു. മത്താ. 21: 7 ലൂക്കോ. 18: 35. മത്താ. 27 യോഹ.19. |
| സങ്കീ. 22 | മത്താ.27: 39-43. |
| പ്രത്യേകിച്ച് വാക്യം 7ഉം 8ഉം | യോഹ.19: 33-35. |
| ക്രിസ്തുവിന്റെ ക്രൂശുമരണം സങ്കീ.22: 16 | മത്താ.27: 27-35. |

ഈ പട്ടികയിൽ നിന്ന് പഴയ നിയമത്തെയും പുതിയ നിയമത്തെയും തമ്മിൽ സമന്വയിപ്പിക്കുന്ന സമാന ആശയങ്ങളുടെ ഒരു ശൃംഖല നമുക്കു ദർശിക്കാവുന്നതാണ്. ഈ ശൃഖലയാണ് ബൈബിളിനെ അതുല്യ ഗ്രന്ഥമായി വേർതിരിച്ചിരിക്കുന്നത്.

സംഭവങ്ങൾ യഥാർത്ഥമായി നടക്കുന്നതിന് വർഷങ്ങൾക്കുമുൻപ് അവ പ്രവചിക്കപ്പെട്ടിരുന്നു എന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്.

ചുരുക്കിപ്പറഞ്ഞാൽ യേശുക്രിസ്തു പൂർവ്വകാലങ്ങൾക്കു മുൻപേ മുൻ നിർണ്ണയിക്കപ്പെടുകയും, മുന്നറിയിക്കപ്പെടുകയും ചെയ്ത രാജാവും, മനുഷ്യ വർഗ്ഗത്തിന്റെ രക്ഷകനുമാകുന്നു. ഇതേക്കുറിച്ച് തുടർന്നുള്ള ഭാഗങ്ങളിൽ കുറെക്കൂടി വിശദമാക്കുന്നുണ്ട്. കഷ്ടതകളിലും അനിശ്ചിതാവസ്ഥകളിലും കഴിയുന്ന മനുഷ്യർക്ക് പഴയനിയമ കാല പ്രവചനങ്ങൾ പ്രശ്നങ്ങളെ അതിജീവിക്കുവാൻ പലപ്പോഴും പ്രചോദനങ്ങളായി നിലകൊള്ളുന്നു. സത്യവും നീതിയും, ന്യായവും ഇല്ലാത്ത ഈ ഭൂമിയിൽ "ഒരു രാജാവു നീതിയോടെ വാഴും" എന്ന വാഗ്ദത്തം അങ്ങേയറ്റം ആശ്വാസപ്രദംതന്നെ. ഇമ്മാതിരിയുള്ള പ്രവചനങ്ങളിൽ വിശ്വസിക്കുന്ന ദൈവത്തിന്റെ ജനം, യേശു ക്രിസ്തുവിലൂടെ ദൈവം ഇവിടെ നൽകാൻപോകുന്ന നന്മകളെ പ്രാപിപ്പാൻ പ്രത്യാശയോടെ കാത്തിരിക്കുന്നു. ഈ യേശുവിനേക്കുറിച്ചുള്ള സുവിശേഷമാണ് അബ്രഹാം, ദാവീദ്, യെശയ്യാവ് ആദിയായ പഴയ നിയമ വിശ്വാസികൾക്ക് ദൈവം, വെളിപ്പെടുത്തിക്കൊടുത്തത്.

അനേകരോട് ദയ കാണിച്ചിട്ടും അവസാനം ദയഒട്ടും ലഭിക്കാതെ ക്രൂരമായി കൊല്ലപ്പെട്ടതായി പുതിയനിയമത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന യേശു ഇതുതന്നെയാണ്.

ഈ യേശു ശക്തിയോടും മഹത്വത്തോടുംകൂടെ സർവ്വ ഭൂമിയേയും വാഴുവാൻ വീണ്ടും വരുമെന്ന് പഴയനിയമവും പുതിയനിയമവും തറപ്പിച്ചു പറയുന്നു.

## പാഠത്തിന്റെ ചുരുക്കം

1. വേദപുസ്തകം വേർതിരിക്കപ്പെട്ടതും അതുല്യവുമായ ഒരു പുസ്തക സഞ്ചയമാണ്.
2. ദൈവമാണ് ബൈബിളിന്റെ കർത്താവ്.
3. ദൈവത്തിന്റെ പദ്ധതികളിലെ കേന്ദ്ര ബിന്ദുവാണ് യേശുക്രിസ്തു.
4. വാഗ്ദത്ത രാജാവും രക്ഷകനുമായിരിക്കുന്ന യേശുവിനെക്കുറിച്ചുള്ള പൂർണ്ണവിവരങ്ങളാണ് വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്.



## ചോദ്യങ്ങൾ

**1.** വിശുദ്ധ വേദപുസ്തകം എന്നത്
   1. മുഴുവനും ദൈവവിശ്വാസിയമാണ്.
   2. ഭാഗികമായി യാഥാർത്ഥവും ഭാഗികമായി സങ്കല്പവും ആണ്.
   3. ശക്തന്മാരായ ആളുകളെക്കുറിച്ചുള്ള ഒരു ചരിത്ര ഗ്രന്ഥം ആണ്.

**2.** യേശുക്രിസ്തു ഒരു ഇടയനായിരുന്നു എന്ന് നിങ്ങൾക്കെങ്ങനെ സ്ഥാപിക്കാൻ കഴിയുന്നു?

**3.** വേദപുസ്തകം ദൈവത്തിന്റെ വചനമാണെന്ന് നിങ്ങൾ വിശ്വസിക്കുവാൻ ചിലകാരണങ്ങൾ എഴുതുക.

# പാഠം 2
# നമുക്ക് എന്തും വിശ്വസിക്കാമോ?

വായനാഭാഗം: 1 രാജാ 18, ഗലാ 1. 2തിമൊ.4: 1-4.

ജനിച്ച ഒരു മനുഷ്യൻ ഇഷ്ടപ്പെട്ടാലും ഇഷ്ടപ്പെട്ടില്ലെങ്കിലും മരിക്കും. മരിച്ചവരിൽനിന്ന് കുറേപ്പേരെ ദൈവം ഉയിർപ്പിച്ച് വീണ്ടും ജീവൻ കൊടുക്കും. വീണ്ടും ജീവൻ ലഭിക്കാതെ എന്നേയിക്കുമായി ആരും മരിച്ചുപോകുവാൻ ദൈവം ആഗ്രഹിക്കുന്നില്ല. യോഹ. 3: 16, 17. ദയവായി വായിക്കുക. ദൈവത്തിൽനിന്ന് നന്മകൾ അനുഭവിക്കാൻ എല്ലാവരും ആഗ്രഹിക്കുന്നുണ്ട്. നന്ദിയുള്ളവരായി അനുസരണമുള്ളവരായി, വിധേയരായി നാം ജീവിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം അങ്ങനെ ജീവിക്കുന്നെങ്കിൽ നമുക്ക് നിത്യജീവൻ തരുവാൻ ദൈവം ആഗ്രഹിക്കുകയും അവസാനത്തോളം നമ്മെ പരിപാലിക്കുകയും ചെയ്യുന്നു. രണ്ടുകാര്യത്തിന് പൂർണ്ണ സ്വാതന്ത്ര്യം ദൈവം നമുക്കു തരുന്നു. ദൈവത്തെയും അവന്റെ വചനത്തെയും മറന്ന് അവരവരുടെ ഇഷ്ടം അനുസരിച്ച് ജീവിച്ച് അവസാനം നശിച്ചുപോകുക. അല്ലെങ്കിൽ ദൈവത്തെ സ്നേഹിച്ച് അവസാനം നിത്യജീവൻ കരസ്തമാക്കുക. ഇതാണ് ആ രണ്ടുകാര്യങ്ങൾ, ഇതിൽ ഏത് താങ്കൾ തെരഞ്ഞെടുക്കും?.

ഇതിൽ ഏതുസ്വീകരിച്ചാലും അതിനുള്ള പൂർണ്ണ സ്വാതന്ത്ര്യവും ഉത്തരവാദിത്വവും നമുക്കു തന്നെയാണ്. ദൈവത്തോടു മത്സരിക്കുന്ന ഒരു പിശാചിനെ ചിലർ കുറ്റപ്പെടുത്താറുണ്ട്. ദൈവം വളരെ വ്യക്തമായി പറയുന്നു. "ഞാനല്ലാതെ മറ്റൊരു ദൈവം ഇല്ല" എന്ന്. യെശയ്യ. 45: 18. യെശയ്യ 46: 9.

ദൈവപ്രമാണങ്ങളെ സ്വീകരിക്കുന്നവർക്ക് പ്രതിഫലവും, നിരസിക്കുന്നവർക്ക് ശിക്ഷയും ദൈവം ഒരുക്കിയിരിക്കുന്നു. പ്രതിഫലമെന്നത് ഈ ഭൂമിയിൽ ലഭിക്കാൻ പോകുന്ന നിത്യജീവൻ ആകുന്നു. ശിക്ഷ എന്നത് നിത്യനാശവും (രണ്ടാം മരണം) ആകുന്നു. ഈ പാഠപദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത് ശരിയായ ഒരു തെരഞ്ഞെടുപ്പ് നടത്തുവാൻ നിങ്ങളെ സഹായിക്കുക എന്നുള്ളതാണ്. ഇവിടെ ദൈവവചനമായ ബൈബിൾ അത്യാവശ്യമായിരിക്കുന്നു.

## ബൈബിളിന്റെ പ്രാധാന്യം

2 തിമൊ. 3: 15, 16. വായിച്ചുകൊണ്ട് ഈ വിഷയത്തെക്കുറിച്ച് ചിന്തിക്കുക. രക്ഷയിലേക്ക് നമ്മെ നയിക്കുന്ന ദൈവത്തിന്റെ ശക്തിയാണ് ദൈവവചനം അഥവാ ബൈബിൾ.. ദൈവത്തെ പ്രസാദിപ്പിക്കുവാനും നിത്യത



നേടുവാനുമുള്ള അറിവ് ദൈവവചനം നമുക്കു നൽകുന്നു. ഉപദേശത്തിനും, ശാസനത്തിനും, ഗുണീകരണത്തിനും, നീതിയിലെ അഭ്യാസത്തിനും പ്രയോജനം ഉള്ളതാകുന്നു ബൈബിൾ.

വേദപുസ്തകം എന്തു പഠിപ്പിക്കുന്നു എന്നുള്ളത് മനസ്സിലാക്കാനാണ് ഈ പദ്ധതിയിൽ നിങ്ങൾ ചേർന്നിരിക്കുന്നത്. ഒരു വാക്യം മാത്രം കണ്ട് ഒരു ഉപദേശസത്യം രൂപീകരിക്കരുതേ എന്നു പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ആ വാക്യത്തോട് ബന്ധമുള്ള അനേക വാക്യങ്ങൾ മറ്റുഭാഗങ്ങളിൽ ചിതറി കിടപ്പുണ്ട്. കഴിയുന്നിടത്തോളം ആ വാക്യങ്ങളെല്ലാം ഒന്നിച്ചു ചേർത്ത് ചിന്തിച്ചിട്ടു മാത്രമേ ഒരു സത്യത്തിൽ എത്തിച്ചേരാവു.

ഉദാഹരണത്തിന് യോഹ. 10: 30. വായിച്ചിട്ട് യേശുവും പിതാവും ഒന്നാണെന്നും യേശു ദൈവത്തിനു സമനാണെന്നും അനേകർ വിശ്വസിക്കുകയും പഠിപ്പിക്കയും ചെയ്യുന്നുണ്ട്. എന്നാൽ ക്രിസ്തു പറഞ്ഞത് ശ്രദ്ധിക്കുക "എന്റെ പിതാവ് എന്നെക്കാൾ വലിയവനത്രേ" യോഹ. 10: 29, 14: 28. അതുകൊണ്ട് വേദപുസ്തക സത്യങ്ങൾ മനസ്സിലാക്കുവാൻ ഒരിക്കലും ബൈബിളിലെ ഒരു വാക്യം മാത്രം എടുക്കരുത്.

ബൈബിൾവായന നമുക്ക് ആവേശ ജനകമാണ്. പൗലൊസ് പറയുന്നത് വചനം പഠിക്കുക. വചനസത്യങ്ങളെ യഥാർത്ഥമായി പ്രസംഗിക്കുക എന്നാണ്. 2തിമൊ. 2: 15 ഈ കാര്യത്തിൽ നിങ്ങളെ സഹായിക്കാനാണ് ഞങ്ങൾ [CHRISTADELPHIANS] (ക്രിസ്തുവിൽ സഹോദരങ്ങൾ) എന്ന പേരിലറിയപ്പെടുന്നവർ പരിശ്രമിക്കുന്നത്. ദൈവം നിങ്ങളോടു പറയുന്നത് നിങ്ങൾ മനസ്സിലാക്കുന്നുവെങ്കിൽ മാത്രമേ ഈ പഠന പദ്ധതികൊണ്ട് പ്രയോജനം ഉണ്ടാകുകയുള്ളു. സുവിശേഷം എന്ന പദം വേദപുസ്തകത്തിൽ പലയിടത്തും കാണാം. അതിന്റെ അർത്ഥം 'നല്ല വാർത്ത' എന്നാണ്. തിന്മയും കഷ്ടതയും നിറഞ്ഞ ഈ ഭൂമിയെ സമാധാന പൂർണ്ണമായ, സന്തോഷ നിർഭരമായ ഒരു ലോകമായി രൂപാന്തരപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. അതിനുള്ള ഒരു പദ്ധതിയെക്കുറിച്ചുള്ള വിശദീകരണമാണ് വിശുദ്ധ വേദപുസ്തകം. ഇതേക്കുറിച്ച് കൂടുതലായി അടുത്തപാഠങ്ങളിൽ കാണാം. നല്ലതു ചെയ്യുവാൻ ഇച്ഛിച്ചിട്ടും തിന്മചെയ്യുന്ന മനുഷ്യനോട് കരുണകാട്ടുന്ന ഒരു ദൈവത്തെ വേദപുസ്തകത്തിലൂടെ നാം അടുത്തറിയുന്നു. പാപത്തിന്റെ ഫലത്തിൽ നിന്ന് ആർക്കും സ്വയം രക്ഷപെടാൻ സാധ്യമല്ല. ദൈവത്തിന്റെ പുത്രനായ ക്രിസ്തു ജീവിച്ചു മരിച്ചത് നമുക്കു വേണ്ടിയാണ്. ക്രിസ്തുവിലൂടെ നമ്മുടെ പാപങ്ങളെ ദൈവം ക്ഷമിക്കുന്നു. ആ പാപങ്ങൾ എത്ര കഠിനമായിക്കൊള്ളട്ടെ, പാപമോചനം ലഭിച്ചാൽ നാം നിത്യജീവന് അർഹരായിത്തീരുന്നു.

പാപം ക്ഷമിക്കപ്പെടുന്നില്ലെങ്കിലോ നിത്യജീവനുള്ള പ്രത്യാശക്ക് വഴിയില്ല. അതുകൊണ്ട് സുവിശേഷം കേട്ട് വിശ്വസിക്കുന്നവർക്ക് വലിയ ഒരു സന്തോഷം ഒരിക്കിയിരിക്കുന്നു എന്നുള്ളത് ബൈബിളിലെ ഒരു വലിയ സന്ദേശമാണ്.

നിങ്ങൾ ഈ പാഠം പഠിച്ചുപോകുമ്പോൾ വേദപുസ്തകത്തിൽ കാണുന്ന പല ആശയങ്ങളും തികച്ചും വ്യത്യസ്തമായിട്ടാണ് മിക്ക സഭകളും ഇന്നു പഠിപ്പിക്കുന്നത് എന്നു കാണാവുന്നതാണ്. ക്രിസ്തുവിന്റെയും അപ്പൊസ്തലന്മാരുടെയും പഠിപ്പിക്കൽ ക്രിസ്തുവിന്റെ മരണശേഷം വളച്ചൊടിക്കപ്പെടുകയും വികൃതമാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടോടുകൂടി റോമൻ കത്തോലിക്കാസഭ ശക്തി പ്രാപിക്കുകയും നാലാം നൂറ്റാണ്ടായപ്പോഴേയ്ക്കും രാഷ്ട്രീയ സ്വാധീനത്താൽ സത്യവചനത്തിൽ റോമാ, യവന, മിസ്രേമ്യ തത്ത്വചിന്തകൾ കടന്നുകൂടുകയും ചെയ്തു. ഈ ചിന്തകൾ തികച്ചും മനുഷ്യ ബുദ്ധിയിൽനിന്ന് ഉളവായതാണ്. റോമ. 1: 21-25 വായിയ്ക്കുക.

യഹൂദന്മാരുടെ ഏകദൈവവിശ്വാസം ക്രമേണ ത്രീയേക വിശ്വാസമായി മാറിയത് ഇതിന് നല്ലൊരു ഉദാഹരണമാണ്. ബൈബിൾ പറയുന്നത് ദൈവം ഏകനാണെന്നാണ്. അതുപോലെ മറ്റൊന്ന് മനുഷ്യന് മരിക്കാത്ത ഒരു ആത്മാവുണ്ടെന്നും ദുഷ്ടാത്മാക്കൾ നരകത്തിൽ ബന്ധിക്കപ്പെടുമെന്നും പ്രസ്തുത ആത്മാക്കൾ ശുദ്ധീകരണ സ്ഥലത്തേയ്ക്ക് അയക്കപ്പെടുമെന്നും നല്ല ആത്മാക്കൾ സ്വർഗ്ഗത്തിലെത്തുമെന്നും അവർ പഠിപ്പിക്കുവാൻ തുടങ്ങി. അതിന്റെ ഫലമായി ആത്മാക്കളുടെ രക്ഷക്കായി നേർച്ചകാഴ്ചകൾ തുടങ്ങിയ ശേഷക്രിയകളും പ്രാർത്ഥനകളും നടത്തേണ്ടതുണ്ടെന്നും സഭകൾ പഠിപ്പിക്കുന്നു. എന്നാൽ വചനസത്യം മറ്റൊന്നാണ്. മരിച്ചവർ ഒന്നും അറിയുന്നില്ല. അവർ കല്ലറകളിലാണ്, അതുപോലെ ദൈവത്തോടു മത്സരിക്കുന്ന ഏതോ ഒരു അമാനുഷിക ശക്തിയോ വ്യക്തിയോ ഉണ്ടെന്ന് സഭകൾ പഠിപ്പിയ്ക്കുന്നു. എന്നാൽ ബൈബിൾ പറയുന്നത് മനുഷ്യന്റെ ഹൃദയം എല്ലാറ്റിനേക്കാളും കപടമുള്ളത് എന്നാണ്. മനുഷ്യന്റെ മോഹങ്ങളും അഭിലാഷങ്ങളുമാണ് മനുഷ്യനെ പാപത്തിലേക്ക് നയിക്കുന്നത് എന്നാണ് ബൈബിൾ പഠിപ്പിക്കുന്നത്. ഇന്നത്തെ സഭകളുടെ അബദ്ധോപദേശങ്ങളിൽ ചിലതു മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

അതുകൊണ്ട് നാം വിശ്വസിക്കേണ്ടത് എന്ത് എന്നു ചിന്തിക്കേണ്ടി യിരിക്കുന്നു. അന്ത്യകാലത്ത് കള്ളപ്രവാചകന്മാർ വന്ന് നിങ്ങളെ തെറ്റിക്കുമെന്ന് വേദപുസ്തകം, പ്രത്യേകിച്ച് പുതിയനിയമം, മുന്നറിയിപ്പു നല്കുന്നു. അതുകൊണ്ടാണ് മത്തായി 7: 15 കള്ളപ്രവാചകന്മാരെ



സൂക്ഷിച്ചുകൊൾവിൻ. ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളാണവർ ക്രിസ്തുവിന്റെ മുന്നറിയിപ്പു ഓർത്തുകൊള്ളുക അപ്പൊസ്തൊലനായ പൗലൊസും ഇതേ വചനം തന്നെ അ.പ്ര. 20: 17-38ൽ പറുയുന്നുണ്ട്. ക്രിസ്തുവിന്റെ ശിഷ്യന്മാരെ നാശത്തിലേയ്ക്കു വലിച്ചിഴയ്ക്കുന്ന കൊടിയ ചെന്നായ്ക്കൾ തങ്ങളുടെ ഇടയിൽ നിന്ന് പുറപ്പെട്ടുവരുമെന്നും അവരെ സൂക്ഷിച്ചുകൊള്ളണമെന്നും പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നു. പൗലൊസ് സന്ദർശിച്ചിട്ടുള്ള എല്ലായിടത്തും കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവാൻ മുന്നറിയിപ്പു നല്കുന്നുണ്ട്.

**2 തെസ്സ. 2: 2.**

"ഇനി സഹോദരന്മാരേ....... കർത്താവിന്റെ നാൾ അടുത്തിരിക്കുന്നു........... ഞങ്ങൾ എഴുതി എന്ന ഭാവത്തിലുള്ള ലേഖനത്താലോ........... സുബോധം വിട്ട് വേഗത്തിൽ ഇളകുകയും ഞെട്ടിപോകുകയും അരുത്.

**2 തിമൊ. 4: 3.**

"അവർ പത്ഥ്യോപദേശം പൊറുക്കാതെ കർണ്ണരസമാകുമാറ് സ്വന്ത മോഹങ്ങൾക്കൊത്തവണ്ണം ഉപദേഷ്ടാക്കന്മാരെ പെരുക്കുകയും സത്യത്തിനു ചെവികൊടുക്കാതെ കെട്ടുകഥ കേൾപ്പാൻ തിരിയുകയും ചെയ്യുന്ന കാലം വരും."

**ഗലാ. 1: 7-9.**

"ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളവാൻ ഇച്ഛിക്കുന്നു. ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്ന് ഒരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ. മറ്റു സുവിശേഷങ്ങളിലേയ്ക്ക് തിരിയരുതെന്ന്" പൗലൊസ് ഊന്നി പറയുന്നതിന്റെ പ്രാധാന്യം 7ാം വാക്യത്തിൽ നമുക്കു വായിക്കാം. പത്രോസും ഇതേകാര്യം തന്നെ നമ്മെ ഓർമ്മിപ്പിക്കുന്നു.

**2 പത്രൊ. 1: 2-3.**

"എന്നാൽ കള്ള പ്രവാചകന്മാരും ജനത്തിന്റെ......... ദുരുപദേഷ്ടാക്കന്മാർ......... മതഭേദങ്ങളെ നുഴയിച്ച്......... ശീഘ്രനാശം വരുത്തും............... അവർ നിമിച്ചം സത്യമാർഗ്ഗം ദുഷിക്കപ്പെടും.............

ഇതും ഇതുപോലെയുള്ള അനേക വേദഭാഗങ്ങളും വ്യക്തമാക്കുന്നത് വേദ വിപരീതങ്ങളായ അസത്യങ്ങൾ പഠിപ്പിക്കുന്ന അനേകർ എഴുന്നേറ്റുവരും എന്നുള്ളതാണ്. അനേകം സഭകൾ ഉണ്ടായെന്നുവരാം അവർ കൂടിവരുന്നത് യേശുവിന്റെ നാമത്തിലാണെന്നു പറയും. യഥാർത്ഥത്തിൽ അവർ

ക്രിസ്തുവിന്റെ എതിരാളികളാണ് കള്ളപ്രവാചകന്മാരെയും വേദവിപരീതങ്ങളെയും സൂക്ഷിക്കുക. നിങ്ങൾ കേൾക്കുന്നത് വേദപുസ്തകവുമായി ഒത്തുനോക്കുക. വിദേശ രാജ്യങ്ങളിൽ നിന്ന് പണം പറ്റിക്കൊണ്ട് നാമമാത്രമായി സുവിശേഷവേലയിൽ ഏർപ്പെടുന്ന സഭാനേതാക്കന്മാരെ നാം സൂക്ഷിക്കണം. പണത്തിന്റെ സ്വാധീനം കൊണ്ട് അവർക്ക് അനേകം അനുയായികളെ ലഭിച്ചുവെന്നുവരാം. ഇതൊക്കെ നമ്മുടെ ചുറ്റും കാണുന്ന കാര്യങ്ങളല്ലേ?.

**നാം വിശ്വസിക്കുന്നത് എന്തായാലും അതു ശരിയാകുമോ?**

ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നത് നാം എന്തു വിശ്വസിക്കണം എന്നുള്ളത് വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണെന്നാണ്. ദൈവം നമ്മെ അംഗീകരിക്കണമെങ്കിൽ പ്രവാചകന്മാരും ക്രിസ്തുവും അപ്പൊസ്തൊലന്മാരും പറഞ്ഞ വചനം ഒരു മാറ്റവും വരുത്താതെ വിശ്വസിക്കേണ്ടത് അത്യാവശ്യമാണ്.

വിശ്വസിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദമായി അടുത്ത പാഠങ്ങളിൽ വിവരിക്കുന്നതാണ്. ഈ പാഠപദ്ധതിയിൽ ഉൾക്കൊള്ളുന്ന എല്ലാ പാഠങ്ങളും നിങ്ങൾ പഠിക്കാൻ മനസ്സുവെയ്ക്കുന്നുവെങ്കിൽ നിങ്ങൾ തീർച്ചയായും സത്യം അറിയുന്നവരായിത്തീരും. ആ സത്യം നിങ്ങളെ സ്വതന്ത്രരാക്കും.

ഒരു കാര്യം ഞങ്ങൾ പറയട്ടെ. ഈ പാഠപദ്ധതി നിങ്ങൾ പൂർത്തിയാക്കിയാൽ നിങ്ങളുടെ ജീവിതത്തിന് ഒരു മാറ്റംവരും. ദൈവത്തെക്കുറിച്ചും അവന്റെ പുത്രനായ ക്രിസ്തുവിനെക്കുറിച്ചും അറിയുക എന്നുള്ളത് നമ്മുടെ ആത്മീക ജീവിതത്തിന് അത്യന്താപേക്ഷിതമാണ്.

ദൈവത്തിന് പ്രസാദകരമായി നാം ജീവിക്കുന്നുവെങ്കിൽ നമുക്ക് ധന്യമായ ഒരു ജീവിതം ഭാവിയിൽ ഈ ഭൂമിയിൽത്തന്നെ ദൈവം ഒരുക്കും എന്നുള്ളത് ഏറ്റവും സന്തോഷകരമായ വാർത്തയാണ്.

## ചോദ്യങ്ങൾ:–

1. മറ്റു പുസ്തകങ്ങളിൽ നിന്നെല്ലാം വേദപുസ്തകം എപ്രകാരം വ്യത്യസ്തമായിരിക്കുന്നു?

2. നിങ്ങൾ വേദപുസ്തകം വിശ്വസിപ്പാൻ ഉള്ള ഒരു കാരണം എഴുതുക.

3. 2 തിമൊഥെയൊസിൽ തിരുവചനത്തെക്കുറിച്ച് പൗലോസ് പറയുന്നതെന്ത്?



# പാഠം 3
# ദൈവത്തെപ്പറ്റി തിരുവെഴുത്ത് പഠിപ്പിക്കുന്നത് എന്ത്?

വായനാഭാഗം : ഉല്പത്തി. 1, യെശയ്യ 45, ലൂക്കൊ 1.

## ദൈവം

മർക്കൊസ് 12: 28-29 ൽ ക്രിസ്തു ഏറ്റവും പ്രധാനപ്പെട്ട ഒരു സത്യം പറയുന്നുണ്ട്. ക്രിസ്തുവിനോടു ചോദിച്ച ഒരു ചോദ്യത്തിന് ഉത്തരമായി പറയുന്നതാണ് പ്രസ്തുത ഭാഗം. എല്ലാറ്റിലും മുഖ്യകല്പന1 ഏത് എന്നായിരുന്നു ചോദ്യം. ക്രിസിതു പറഞ്ഞ മറുപടി ശ്രദ്ധിക്കുക. *നമ്മുടെ ദൈവമായ കർത്താവ് ഏക കർത്താവ്.* അതിന്റെ അർത്ഥം ക്രിസ്തുവിന്റെയും നമ്മുടെയും ദൈവം ഏകൻ എന്നാണ്. ഏകദൈവം എന്നാൽ മൂന്നുവ്യക്തികളുടെ സമുച്ചയമായ ഒരു ദൈവമെന്നോ ക്രിസ്തു ദൈവമാണെന്നോ അർത്ഥം വരുന്നില്ല.

1 കൊരി. 8: 6 ൽ പൗലൊസ് നമ്മോടു പറയുന്നത് ശ്രദ്ധിക്കുക. *പിതാവായ ഏകദൈവമേ നമുക്കുള്ളു.* അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതും ആകുന്നു യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്. അവൻ മുഖാന്തരം സകലവും, അവൻ മുഖാന്തരം നാമും ആകുന്നു. അതിനു ശേഷം പൗലൊസ് പറയുന്നത് പ്രത്യേകം ശ്രദ്ധിക്കണം. വാക്യം 7. എന്നാൽ എല്ലാവരിലും ഈ അറിവില്ല. ഇതെത്ര സത്യമായിരിക്കുന്നു? എല്ലാവരിലും ഈ അറിവ് ഇന്ന് ഇല്ല.

ദൈവം ഏകനാണെന്ന് ഈ പാഠപദ്ധതിയുടെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുള്ള മറ്റുവേദഭാഗങ്ങൾ നിങ്ങൾ കണ്ടുകാണുമല്ലോ. ദയവായി താഴെ കാണുന്ന ബൈബിൾ ഭാഗങ്ങൾ നോക്കുക. ആവർത്തനം. 6: 4, യെശയ്യ. 44: 6-8. യെശയ്യ. 45: 5-6, 14, 21, യെശയ്യ. 46: 9 എഫേസ്യർ. 4: 6 ൽ പൗലൊസ് പറയുന്നത് എല്ലാവർക്കും പിതാവ് ആയവൻ ഒരുവൻ എന്നാണ്. വേദപുസ്തകത്തിന്റെ ആദിമുതൽ അവസാനംവരെ പുത്രനായ ദൈവം ത്രിത്വം എന്നീ പദങ്ങൾ നിങ്ങൾക്ക് ബൈബിളിൽ കാണാൻ സാധ്യമല്ല. ക്രിസ്തു ദൈവമാണെന്ന് അവകാശപ്പെട്ടു എന്ന് ആരോപിച്ചുകൊണ്ട് ക്രിസ്തുവിനെ കല്ലെറിയാൻ ജനങ്ങൾ ശ്രമിച്ചതായി പുതിയ നിയമത്തിൽ രണ്ടു ഭാഗത്ത് രേഖപ്പെടുത്തിയിരിക്കുന്നു. ആ രണ്ടു സ്ഥലത്തും യേശു അതു നിഷേധിച്ചതായും കാണാം. യോഹ. 5: 18-38. വരെയും 10: 29, 38. വരെയും വായിക്കുക.

ദൈവത്തെക്കുറിച്ചും, ക്രിസ്തുവിനെക്കുറിച്ചും, പരിശുദ്ധാത്മാവിനെക്കുറിച്ചുമുള്ള പാഠങ്ങൾ ഈ പദ്ധതിയിൽനിന്നു പഠിച്ചുകഴിയുമ്പോൾ ഏതെങ്കിലും വേദഭാഗം ദൈവം ഏകനായിരിക്കുന്നപോലെ ത്രിയേകനുമാണ് എന്ന് കാണിക്കുന്നതായി സംശയം തോന്നിയാൽ അതു ഞങ്ങൾക്ക് ദയവായി എഴുതുക.

ദൈവത്തിന്റെ ശക്തി സ്വഭാവം ഉദ്ദേശ്യം എന്നിവ ബൈബിളിൽ വ്യക്തമായി പ്രതിപാദിക്കുന്നു. ഉല്പത്തി. 1: 1 ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നും. 1 തിമൊ. 1: 17. നിത്യരാജാവായി അക്ഷകനും അദൃശനും ആയ ഏക ദൈവത്തിന്.......... എന്നും 1തിമൊ. 6: 16ൽ താൻ മാത്രം അമർത്യതയുള്ളവനും............ എന്നും നാം വായിക്കുന്നു. ഈ ഭാഗങ്ങളിലെല്ലാം ദൈവത്തിന്റെ ശക്തിയും സ്വഭാവവും ആണു കാണുന്നത്.

ദൈവത്തെക്കുറിച്ച് പ്രവാചകൻ സംസാരിക്കുന്നത് കേൾക്കുക. യെശയ്യാ. 55: 8-11 (ഈ ഭാഗം താങ്കൾതന്നെ നേരിട്ടു വായിക്കണം) ദൈവത്തിന്റെ അതിഭയങ്കരമായ വല്ലഭത്വത്തെയാണ് അവിടെ ചിത്രീകരിച്ചിരിക്കുന്നത്. 11-ാം വാക്യത്തിൽ ദൈവത്തിന്റെ വചനത്തിന്റെ ശക്തി സൂചിപ്പിക്കുന്നതു ശ്രദ്ധിക്കുക. വചനത്തിന്റെ –ബൈബിൾ സത്യങ്ങളുടെ– ശക്തി മനുഷ്യ ഹൃദയങ്ങളിൽ ക്രിയ ചെയ്യാതിരിക്കുകയില്ല.

ദൈവത്തിന് മാറ്റമോ ഗതിഭേദമോ ഇല്ല. യാക്കോബ് 1: 17. നമ്മോടുള്ള സ്നേഹംപ്രതി താൻ എല്ലാം നമുക്കായി സൃഷ്ടിച്ചു. നാം ജീവിക്കുന്നതുതന്നെ അവന്റെ സ്നേഹം ഒന്നുകൊണ്ടുമാത്രമാണ്. നമ്മുടെ പാപങ്ങൾകൊണ്ട് ദൈവത്തെ പലപ്പോഴും ദുഃഖിപ്പിച്ചിട്ടും ദൈവം നമ്മെ സ്നേഹിക്കുന്നു. തന്റെ ഏകജാതനായ പുത്രനെ തന്നുകൊണ്ട് ലോകത്തിന്റെ പാപത്തെ നീക്കിക്കളയാൻ തക്ക സ്നേഹം പിതാവാം ദൈവം കാണിച്ചു. 5-ാം പാഠത്തിൽ ക്രിസ്തുവിനെക്കുറിച്ചു പഠിക്കുമ്പോൾ ഈ ആശയത്തിന്റെ വിശദീകരണം കുറേക്കൂടി ലഭിക്കും. മലാഖി. 3 ന്റെ 16-17 വായിക്കുക. ദൈവം നമുക്കു തരാൻ പോകുന്ന സൗഭാഗ്യങ്ങൾ കാണുക. ഇനി ദൈവത്തെക്കുറിച്ച് ബൈബിൾ പറയുന്ന ചിലഭാഗങ്ങൾകൂടി നോക്കാം.

1. ദൈവം സ്രഷ്ടാവും സ്വർഗ്ഗസ്ഥനും ആകുന്നു. സ്വർഗ്ഗത്തിൽ വസിക്കുന്ന ദൈവം ഭൂമിയെ മനുഷ്യർക്കു കൊടുക്കുന്നു. സ്വർഗ്ഗം യഹോവയുടേതാണ്. മത്തായി. 6: 9. സങ്കീ. 115: 16.
2. ദൈവം മഹത്വത്തിലും തേജസ്സിലും വസിക്കുന്നു. ആ ദൈവത്തെ മനുഷ്യനു കാണാൻ സാധിച്ചിട്ടില്ല. ആർക്കും അടുക്കാൻ കഴിയാത്ത വെളിച്ചത്തിൽ വസിക്കുന്നവനാണു ദൈവം 1 തിമൊ. 6: 16, സങ്കീ. 104: 2.



1 കൊരി. 11: 7. എന്നീ ഭാഗങ്ങൾ വായിക്കുക. പുരുഷൻ ദൈവത്തിന്റെ പ്രതിമയും തേജസ്സും ആണ്.
3. ദൈവം സ്വർഗ്ഗത്തിൽ വസിക്കുന്നു എങ്കിലും അവന്റെ ആത്മാവ്, ശക്തി, എല്ലായിടത്തും ഉണ്ട്. ദൈവത്തെ ഒളിച്ച് നമുക്ക് ഒരിടത്തും പോകാൻ സാധ്യമല്ല. യിരമ്യാ. 23: 24. സങ്കീ. 139: 7.
4. എന്നേക്കും ജീവിക്കുന്ന ദൈവത്തിന് ആരംഭമോ അവസാനമോ ഇല്ല. സങ്കീ. 90:2. ഉല്പത്തി. 1: 1.
5. ദൈവം നീതിമാനും പാപരഹിതനും ആണ്. അവൻ നീതിമാനായി നിലനിന്നുകൊണ്ട് നീതിയെ പ്രസിദ്ധമാക്കുന്നു. ആ നീതിക്കു നിരക്കാത്തതെല്ലാം തെറ്റാണ്. ഇയ്യോ 34:10. റോമർ. 9: 14.
6. ദൈവം കരുണാസമ്പന്നനും പാപങ്ങളെ ക്ഷമിക്കുന്നവനും ആണ്. തന്നെ സ്നേഹിക്കാത്തവരോടു പ്രതികാരം ചെയ്യുന്നവനുമാണ്. പുറപ്പാ. 34: 6-7.
7. ദൈവം സർവ്വജ്ഞാനിയാണ്. അവൻ എല്ലാം അറിയുന്നു. നമ്മുടെ വിചാരങ്ങളെല്ലാം അവൻ അറിയുന്നു. സങ്കീ. 139: 1-18
8. ദൈവം മനുഷ്യരുടെ രാജത്വത്തിന്മേൽ വാഴുന്നു. ദാനി. 4:17.

നാം ഈ പാഠത്തിൽനിന്നും മനസ്സിലാക്കിയതിന്റെ ചുരുക്കം എന്തെന്നു നോക്കാം ദൈവം ഏകനാണ്. അവനിൽതന്നെ അവൻ പൂർണ്ണനാണ്. ദൈവം പരമാധികാരിയും സർവ്വജ്ഞാനിയും പരിപൂർണ്ണനും സർവ്വശക്തനെങ്കിലും മഹാകാരുണ്യവാനും കൃപാലുവും കോപിക്കുന്നതിൽ അമാന്തം കാണിക്കുന്നവനും ആകുന്നു. അവൻ സ്വർഗ്ഗത്തിൽ വസിക്കുന്നു. എന്നാൽ ഭൂമിയിൽ നടക്കുന്നതെല്ലാം താൻ അറിയുന്നു. അവയെല്ലാം തന്റെ നിയന്ത്രണത്തിൽ ഇരിക്കുന്നു. മനുഷ്യന്റെ വിചാരങ്ങൾ ഓരോന്നും അവൻ അറിയുന്നു.

ദൈവം നീതിമാനാകുന്നു. തന്റെ വചനത്തിലെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാൻ ദൈവം മനുഷ്യനെ ആഹ്വാനം ചെയ്യുന്നു. നാം ദൈവത്തോടു കടപ്പെട്ടിരിക്കുന്നു. അവന്റെ പ്രമാണങ്ങളെ പാലിക്കാൻ നാം യത്നിക്കേണ്ടതാണ്. അങ്ങനെ ആയാൽ നമ്മുടെ ചിന്തയേയും തീരുമാനങ്ങളെയും അതു നന്നായി സ്വാധീനം ചെയ്യും അപ്പോൾ ദൈവത്തെ നാം പ്രസാദിപ്പിക്കുന്നവരാകുകയും സ്വയം സംതൃപ്തി അനുഭവിക്കുകയും ചെയ്യും.

## മാലാഖമാർ

സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം ജീവിക്കുന്ന മാലാഖമാർ അമർത്യരാണ്. ദൈവത്തിന്റെ ജ്ഞാനത്തിനും ശക്തിക്കും ഒത്തവണ്ണം പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെടുന്ന സേവകാത്മാക്കളാണവർ. ദൈവത്തിന്റെ ആജ്ഞയെ

നിർവ്വഹിക്കുന്നവരാണവർ. എബ്ര. 1: 7-14. സങ്കീ. 104: 20-22. ദൈവത്തിന്റെ സന്ദേശവാഹകരാണവർ പുറപ്പാ. 23: 20-23. ഉം ഉല്പത്തി.16: 7-13 ഉം വായിക്കുക. പുറപ്പാ. 3: 2-4 ഉം അപ്പൊ. പ്ര. 7: 30-32 ഉം വായിക്കുമ്പോൾ ദൂതൻ യഹോവയുടെ സ്ഥാനത്തുനിന്നു പ്രവർത്തിക്കുന്നതായി കാണാം.

ദൂതന്മാർ ദൈവത്തിന്റെ ശക്തിയെ വെളിപ്പെടുത്തുന്ന കാണപ്പെടുന്ന ദൈവങ്ങളായി വേദപുസ്തകത്തിൽ ചിത്രീകരിക്കപ്പെട്ടിട്ടുണ്ട്.. അവർ സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പം വസിക്കുന്ന അമർത്യരായ ആജ്ഞാനുവർത്തികളാണ്. ദൈവശക്തി മനുഷ്യർ കാണത്തക്കവണ്ണം ദൂതന്മാർ പ്രവർത്തിച്ചു വെളിപ്പെടുത്തുന്ന രംഗങ്ങൾ ബൈബിളിൽ കാണാം. ഉല്പത്തി. 1:26. നോക്കുക നമുക്കു നമ്മുടെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിക്കാം എന്ന് മാലാഖമാർ ദൈവത്തിന്റെ സ്ഥാനത്തു നിന്നുകൊണ്ട് പറയുകയാണ്. അവർ ദൈവത്തിന്റെ വേലക്കാരാണ്.

യേശുക്രിസ്തു തന്റെ പിതാവായ ദൈവത്തിന്റെ മഹത്വത്തെ തന്റെ ജീവിതത്തിലൂടെ ലോകത്തിനു കാണിച്ചുകൊടുത്തു. യേശു ഒരിക്കലും താൻ ദൈവമാണെന്ന് അവകാശപ്പെട്ടിട്ടില്ല. അങ്ങനെയൊരു അവകാശം താൻ ഉന്നയിച്ചതായി മറ്റുള്ളവർ കുറ്റപ്പെടുത്തിയിട്ടുണ്ട്. ക്രിസ്തു മതനിഷ്ഠയുള്ള ആത്മാർത്ഥതയുള്ള ഒരു യഹൂദനായിരുന്നു. അവൻ ദൈവമാണെന്നു പറയാൻ യേശു ഒരിക്കലും ഇടകൊടുത്തിട്ടില്ല യോഹ. 5: 37 ൽ ക്രിസ്തു പറയുകയാണ് “നിങ്ങൾ ദൈവത്തിന്റെ ശബ്ദം കേൾക്കയോ ദൈവത്തിന്റെ രൂപം കാണുകയോ ചെയ്തിട്ടില്ല” ഈ പ്രസ്താവന കേൾക്കുമ്പോൾ ആദ്യം നമുക്ക് വിശ്വസിക്കാൻ തോന്നുകയില്ല. കാരണം ദൈവത്തിന്റെ ശബ്ദം നാം കേട്ടിട്ടില്ലേ. അവൻ നമ്മുടെ ഇടയിൽ നടക്കുന്നു സംസാരിക്കുന്നു എന്നൊക്കെ ബൈബിളിന്റെ പലഭാഗത്തും കാണുന്നുവല്ലോ എന്നാൽ ക്രിസ്തു കള്ളം പറയുമോ? ഇല്ല സുക്ഷ്മമായി വചനം പഠിക്കുമ്പോൾ കാണാൻ കഴിയുന്ന ഒരു സത്യമാണ് മാലാഖമാരാണ് സംസാരിച്ചത്, നടന്നത്, പ്രത്യക്ഷപ്പെട്ടത് എന്നൊക്കെ. ഉദാഹരണത്തിന്. പുറപ്പാ. 23: 20-23. നോക്കുക.



## ചോദ്യങ്ങൾ

1 ശരിയായത് ടിക് ചെയ്യുക

ദൈവം 1) മൂന്നു വ്യക്തികളോടു കൂടിയ ത്രീയേകനാണ്.
2) ഏകനും സ്രഷ്ടാവും ആണ്.
3) വ്യക്തിയല്ല സൃഷ്ടിപരമായ ശക്തിയാണ്.

2. ദൈവത്തെ നമുക്ക് എങ്ങനെ അറിയാം?

3. ക്രിസ്തു ദൈവത്തിന്റെ പുത്രനാണെന്ന് എങ്ങനെ മനസ്സിലാക്കാം?

4. ദൈവം ക്രിസ്തുവിനെക്കാൾ വലിയവനാണെന്നു കാണിക്കുന്ന ഒരു വേദഭാഗം എഴുതുക.

---

N.B. മലയാളം ബൈബിളിൽ ദൂതൻ എന്നു കണ്ടാലുടൻ മാലഖയാണെന്നു ധരിക്കരുത്. Angel നും Messenger നും മലയാള തർജ്ജമ ദൂതൻ എന്ന ഒറ്റപ്പദമാണ്. യൂദാ 6 ലും, 2പത്രോ. 2: 4 ലും കാണുന്ന ദൂതന്മാർ മനുഷ്യരാണ്. അവർ ആരെന്ന് അറിയാൻ സംഖ്യ. 16-ാം അദ്ധ്യായം മുഴുവനും വായിക്കുക. ഭൂമി വായ്പിളർന്ന് ആ ദൂതന്മാരെ വിഴുങ്ങിക്കളഞ്ഞ സംഭവം കാണാം. പുരോഹിതൻ ദൈവത്തിന്റെ ദൂതനാണ്. മലാഖി. 2: 7

# പാഠം 4
# പരിശുദ്ധാത്മാവും വരങ്ങളും

വായനാഭാഗം: ഉല്പത്തി. 1. 1 കൊരി. 13.

## പരിശുദ്ധാത്മാവ്.

വേദപുസ്തകത്തിലെ ഒന്നാമത്തെ വാക്യം ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു എന്നാണ്. ഉല്പത്തി. 1: 1. സൃഷ്ടി നടത്താൻ എത്രമാത്രം ബുദ്ധിയും ശക്തിയും ഉപയോഗിച്ചുകാണും! സങ്കീ. 33: 6, 9 ഉം പറയുന്നതു നോക്കുക. യഹോവയുടെ വചനത്താൽ ആകാശവും അവന്റെ വായിലെ ശ്വാസത്താൽ അതിലെ സകല സൈന്യവും ഉളവായി. അവൻ അരുളി ചെയ്തു. യിരമ്യാ 10: 12 ൽ പറയുന്നു അവൻ തന്റെ ശക്തിയാൽ ഭൂമിയെ സൃഷ്ടിച്ചു. തന്റെ ജ്ഞാനത്താൽ ഭൂമണ്ഡലത്തെ സ്ഥാപിച്ചു. തന്റെ വിവേകത്താൽ ആകാശത്തെ വിരിച്ചു എന്ന്. 13 ാം വാക്യവും വായിക്കുക.

ദൈവത്തിന്റെ പ്രവർത്തനശക്തിയെ ബൈബിളിൽ വിളിക്കുന്നത് ദൈവാത്മാവ് എന്നാണ്. (ഉല്പത്തി 1: 2) ദൈവം തന്റെ ആത്മാവിനാൽ അല്ലെങ്കിൽ ശക്തിയാൽ തന്റെ ഉദ്ദേശ്യങ്ങൾ നടപ്പിലാക്കുന്നു. മാലാഖമാരിലൂടെ, മനുഷ്യരിലൂടെ സംഭവങ്ങളിലൂടെ, പ്രകൃതിയിലൂടെ, അങ്ങനെ വിവിധ മാദ്ധ്യമങ്ങളിലൂടെയാണ് ദൈവത്തിന്റെശക്തി പ്രവർത്തിക്കുന്നത്. ചിലയിടങ്ങളിൽ ആത്മാവിനെ- ശക്തിയെ- പരിശുദ്ധാത്മാവ് എന്നുവിളിച്ചിട്ടുണ്ട്. സങ്കീ. 51: 11. പുതിയ നിയമത്തിൽ ധാരാളമായി പരിശൂദ്ധാത്മാവ് എന്ന പ്രയോഗം കാണാമെങ്കിലും പഴയനിയമത്തിൽ വളരെ അപൂർവ്വമായിട്ടേ ഇതു പ്രയോഗിച്ചിട്ടുള്ളു. സ്പിരിറ്റ് ഗോസ്റ്റ്എന്നൊക്കെ ഇംഗ്ളീഷിൽ കാണുന്ന ഈ ആത്മാവു പിതാവാം ദൈവത്തിൽനിന്ന് വേർപെട്ടു നിൽക്കുന്ന ഒരു പ്രത്യേക ശക്തിയുള്ള വ്യക്തിയോ അശരീര ഭാവമോ അല്ല. അത് പിതാവാം ദൈവത്തിന്റെ ശക്തി തന്നെയാണ്.

ദൈവത്തിന്റെ ശക്തിയായ പരിശുദ്ധാത്മാവാണ് യേശുവിനെ ജനിപ്പിച്ചത്. പരിശുദ്ധാത്മാവാണ് മറിയയിൽ നിഴലിട്ടത്. ആ പരിശുദ്ധാത്മാവ് അത്യുന്നതന്റെ ശക്തിയായിരുന്നു. ലൂക്കൊ. 1: 35. വായിക്കുക. വിശുദ്ധ പ്രജ ദൈവത്തിന്റെ പുത്രനാണ്. ആ പുത്രനും ആ പുത്രന്റെ പിതാവും രണ്ടാണ്. അവർ ത്രിത്വത്തിന്റെ രണ്ടു ഭാഗങ്ങളാണെന്നു കാണിക്കുന്ന ഒരു സൂചനയും ആ വാക്യങ്ങളിൽ ഇല്ല.



പ്രവാചകന്മാരെയും അപ്പൊസ്തലന്മാരെയും വേദപുസ്തക രചനക്ക് പ്രാപ്തരാക്കിയത് ദൈവം തന്റെ ആത്മാവിനാലാണ്. ദൈവം ആവശ്യപ്പെട്ട പ്രകാരം വചനം എഴുതുവാൻ അവരുടെ മനസ്സുകളെ ദൈവം ഉത്തേജിപ്പിച്ചു. അത് 2 പത്രൊ. 1: 21 ൽ നമുക്കു വായിച്ചറിയാം. പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല. മനുഷ്യൻ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ. അതുകൊണ്ട് എല്ലാതിരുവെഴുത്തും ദൈവശ്വാസീയമാകയാൽ........... 2 തിമൊ. 3: 16 കൂടി വായിക്കുക.

## ശിഷ്യന്മാർക്കു പരിശുദ്ധാത്മാവിനെ ലഭിച്ചു.

ക്രിസ്തു ശിഷ്യന്മാരെ പഠിപ്പിച്ച വചനസത്യങ്ങൾ പിൽക്കാലത്ത് പ്രചരിപ്പിക്കുവാൻ ആവശ്യമായ ശക്തി ഉയരത്തിൽനിന്ന്, *ദൈവത്തിൽനിന്ന്* കൊടുക്കാം എന്ന് ക്രിസ്തു ഒരിക്കൽ അവർക്ക് വാഗ്ദാനം ചെയ്തു. അത് യോഹ. 14: 24-26 വാക്യങ്ങൾ വായിച്ചറിയാം ക്രിസ്തു അവരോടു പറഞ്ഞ വചനം അവരെ ഓർമ്മിപ്പിക്കുകയാണ് പരിശുദ്ധാത്മാവ് ചെയ്തത്. പരിശുദ്ധാത്മാവിന്റെ സഹായത്താൽ അവർ വചനം ഓർക്കുകയും അതു രേഖപ്പെടുത്തുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഒരു രീതി നമുക്ക് പിൽക്കാലത്തു കാണാനും കഴിയുന്നുണ്ട്. പരിശുദ്ധാത്മാവിനെ തന്റെ പിതാവാണ് അയയ്ക്കുന്നതെന്നും നാം ഇവിടെ വായിക്കുന്നു. ഉയരത്തിൽനിന്നും ശക്തി ലഭിക്കുവോളം നിങ്ങൾ കാത്തിരിപ്പിൻ എന്നു പറയുവാനും കാരണം അതാണ്. ഇവിടെ ആ ശക്തിയെ ഒരു വ്യക്തിയായിട്ടാണ് ക്രിസ്തു പറയുന്നത്. അതുകൊണ്ട് പരിശുദ്ധാത്മാവിനെ ദൈവത്തിൽ നിന്നും വിഭിന്നനായ മറ്റൊരു ദൈവമായി ചിലർ കാണുന്നു. ദൈവശക്തിക്ക് വ്യക്തിത്വം കൊടുത്തു ചിത്രീകരിച്ചിരിക്കുന്നു എന്നുചിന്തിക്കുവാൻ പലർക്കും സാധിക്കുന്നില്ല. വ്യക്തിയല്ലാത്ത ഭാവങ്ങളെ വ്യക്തിത്വം കൊടുത്തു ചിത്രീകരിക്കുന്ന ബൈബിൾ ഭാഗങ്ങൾ കാണുമ്പോൾ ഈ സംശയം മാറിപ്പോകും. സദൃശ്യ. 8ാം അദ്ധ്യായത്തിൽ ദൈവത്തിന്റെ ജ്ഞാനത്തെ സത്രീയായി ചിത്രീകരിച്ചിരിക്കുന്നതു നോക്കുക.

അപ്പൊ. പ്രവൃ. 1: 5ൽ ക്രിസ്തു ശിഷ്യന്മാർക്കു വാഗ്ദാനം കൊടുത്തു. നിങ്ങൾക്കോ ഇനി ഏറെനാൾ കഴിയും മുൻപേ പരിശുദ്ധാത്മാവുകൊണ്ട് സ്നാനം ലഭിക്കും. അതു സംഭവിച്ചത് 2ാം അദ്ധ്യായത്തിൽ വായിക്കാൻ കഴിയുന്നു. അത്മാവ് ശക്തിയോടെ വന്നു. അവർ ഇരുന്നിടം ഇടിമുഴക്കംകൊണ്ടു നിറഞ്ഞു. വലിയ കാറ്റടിക്കുംപോലെ അനുഭവപ്പെട്ടു. അവർ അത്ഭുതങ്ങൾ ചെയ്യുവാൻ തുടങ്ങി. വേദപുസ്തകം എഴുതിയവർ പരിശുദ്ധാത്മാവിന്റെ ശക്തിയാലാണ് ആ ക്രിയ ചെയ്തത് എന്നു നാം കണ്ടുകഴിഞ്ഞു. അതുമാത്രമല്ല യേശുക്രിസ്തു ഒരിക്കൽ പറഞ്ഞു ഞാൻ നിങ്ങളോടു പറഞ്ഞ വചനങ്ങൾ ആത്മാവും ജീവനും ആകുന്നു എന്ന്

(യോഹ. 6: 63) തിരുവചനം വായിക്കുമ്പോൾ അതു ഗ്രഹിക്കുന്നുവെങ്കിൽ നാം ദൈവത്തിന്റെ ആത്മാവിനെയാണ് ഉൾക്കൊള്ളുന്നത്. എഫെസ്യർ. 6: 17 കാണുക. ദൈവവചനം ആത്മാവിന്റെ വാളാണ്. അത് നമ്മിൽ വലിയപ്രവൃത്തികൾ ചെയ്യുന്നു. നമ്മുടെ ജീവിതത്തെതന്നെ മാറ്റിമറിക്കുന്നു. നമ്മുടെ വിശ്വാസം താൽപര്യങ്ങൾ ലക്ഷ്യങ്ങൾ ഇവയെല്ലാം സാരമായി സ്പർശിക്കപ്പെടുന്നു.

## നാം പരിശുദ്ധാത്മാവിനെക്കുറിച്ച് എന്തു പഠിച്ചു?

1. പരിശുദ്ധാത്മാവ് ദൈവത്തിന്റെ ശക്തിയാണ്. അത് ഒരു പ്രത്യേക വ്യക്തിയല്ല.
2. പരിശുദ്ധാത്മാവിനാലാണ് വചനം എഴുതപ്പെട്ടത്.
3. ദൈവത്തിന്റെ ശക്തിയാലാണ്, പരിശുദ്ധാത്മാവിനാലാണ്, കന്യകമറിയ ഗർഭം ധരിച്ച് യേശുവിനെ പ്രസവിച്ചത്.
4. പ്രവാചകന്മാരും ശിഷ്യന്മാരും അത്ഭുതങ്ങൾ ചെയ്തത് ദൈവത്തിന്റെ ആത്മാവിനാലാണ്. ആ ആത്മാവാണ് പരിശുദ്ധാത്മാവ്.

## പരിശുദ്ധാത്മാവിന്റെ വരങ്ങൾ

ശിഷ്യന്മാർക്ക് പ്രത്യേകമായ ശക്തികൾ കൊടുക്കുമെന്ന് ക്രിസ്തു വാഗ്ദാനം കൊടുത്തിരുന്നു. അതേക്കുറിച്ച് മർക്കൊ. 16: 17-18 ൽ വായിക്കാം. എന്തിനാണ് ഈ ശക്തി അവർക്കുകൊടുത്തത്? ശിഷ്യന്മാർ പ്രസംഗിച്ചു നടക്കുന്ന സുവിശേഷം അവരുടെതല്ല സ്വർഗ്ഗസ്ഥനായ പിതാവാം ദൈവത്തിന്റേതാണെന്ന് യേശു തെളിയിക്കുകയാണു ചെയ്തത്.

പെന്തെക്കൊസ്തനാൾ വന്നപ്പോൾ ശിഷ്യന്മാർ ഒരിക്കലും പഠിക്കാത്ത ഭാഷകളിൽ പ്രസംഗിക്കുവാൻ തുടങ്ങി. അതായിരുന്നു ഭാഷാവരം അതിനു അന്യഭാഷ എന്നും പേർ പറയും. അപ്പൊ. പ്രവൃ. 2: 1-11. വായിച്ചാൽ മനസ്സിലാക്കാം. അന്നത്തെ സഭയെ നയിക്കുവാൻ വിവിധ വരങ്ങൾ നൽകി ശിഷ്യന്മാരെ ദൈവം നിലനിർത്തി. അതുമൂലം ധാരാളം ആളുകൾ വിശ്വസിക്കാനും സ്നാനം ഏറ്റു വിശ്വാസത്തിൽ നിലനിന്നുപോകാനും ഇടയായി. പരിശുദ്ധാത്മാവിന്റെ വരങ്ങൾകൊണ്ട് അന്യർക്കു പ്രയോജനം കിട്ടിയിരുന്നു. 1 കൊരി.12 ന്റെ 28 ലും 29 ലും പൗലൊസ് വരങ്ങളുടെ ഒരു പട്ടിക കൊടുത്തിട്ടുണ്ട്. അവ വചനം പഠിക്കുവാൻ വേണ്ടി ദൈവം കൊടുത്തതാണെന്നു കാണാം. പുതിയനിയമം എഴുതപ്പെട്ടതോടുകൂടി ഈ പ്രത്യേകവരങ്ങൾ ദൈവത്തിൽ നിന്ന് ലഭിക്കേണ്ടതിന്റെ ആവശ്യം കുറഞ്ഞുതുടങ്ങി. ഒരു ക്രിസ്ത്യാനി അറിയേണ്ടതെല്ലാം പ്രത്യേകിച്ച് ദൈവത്തെക്കുറിച്ചും ദൈവത്തിന്റെ പദ്ധതികളെക്കുറിച്ചും അറിയേണ്ട കാര്യങ്ങൾ പൂർണ്ണമായും ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട്



ഭാഷാവരം പ്രവചനവരം മുതലായ വരങ്ങളെ ദൈവം മടക്കി എടുത്തു എന്നു ന്യായമായി ചിന്തിക്കാം. മാത്രമല്ല പൗലൊസ് അക്കാര്യം പറയുന്നുമുണ്ട്. 1.കൊരി 13: 8. വായിക്കുക. "പ്രവചനവരമോ അതു നീങ്ങിപ്പോകും. (നീങ്ങാതെ ഇന്നും ഉണ്ടെങ്കിൽ ദൈവവചനത്തോട് പലതും കൂട്ടിച്ചേർക്കേണ്ടതായിവരും, ശാപം കിട്ടുകയുംചെയ്യും) ഭാഷാവരമോ അതു നിന്നുപോകും ജ്ഞാനമോ അതു നീങ്ങിപ്പോകും (ഇവിടെ ജ്ഞാനം എന്നത് അറിവാണ് ആണ്. പഴയനിയമ കാലത്തും അപ്പൊസ്തലന്മാരുടെ കാലത്തും ദൈവവചനത്തിന്റെ മർമ്മങ്ങളെക്കുറിച്ചുള്ള ജാഞാനം – അറിവ് – ദൈവം പരിശുദ്ധാത്മാവിനാൽ നേരിട്ടു കൊടുത്തിരുന്നു. മർമ്മങ്ങളെ അറിവാൻ വരം ലഭിച്ച അവർ അതു രേഖപ്പെടുത്തി, അതാണ് ബൈബിൾ. ബൈബിളിന്റെ ആവിർഭാവത്തോടു കൂടി ഈ ജ്ഞാനം നമുക്കു നേരിട്ടുതരേണ്ട ആവശ്യം ഇല്ലാതായി. അതുകൊണ്ടാണ് ജ്ഞാനമോ അതു നീങ്ങിപ്പോകും എന്നു പറഞ്ഞിരിക്കുന്നത്.)

ഈ വരങ്ങളെല്ലാം ഒറ്റയടിക്ക് എടുത്തു മാറ്റപ്പെടുകയായിരുന്നില്ല. വരങ്ങൾ ലഭിച്ചവർ മരിച്ചു മൺമറഞ്ഞതോടു കൂടിയാണ് അത് നീങ്ങിപ്പോയത്. അവർ അത് മറ്റ് അനുയായികളിലേക്കു പകർന്നുകൊടുത്തിട്ടില്ല. അപ്പൊ. പ്രവൃ. 8ന്റെ 14 മുതൽ 24 വരെയും 1കൊരി. 13: 13 ഉം വായിച്ചാൽ ഈ സത്യം മനസ്സിലാകും.

### *പരിശുദ്ധാത്മാവിന്റെ വരങ്ങൾ ഒന്നാം നൂറ്റാണ്ടിൽ നിലനിന്നിരുന്നത് ഇന്നും ഉണ്ടോ?*

പൗലൊസ് 1 കൊരി. 13 ൽ എഴുതിയതു നാം വായിച്ചല്ലോ. അതുകൊണ്ട് ഈ ചോദ്യത്തിന് ഉത്തരം ഇല്ല (ഇന്നു നിലവിലില്ല) എന്നാണ്. ദൈവത്തിന്റെ വചനം പൂർണ്ണമായി എഴുതപ്പെടുന്നതുവരെ ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാർ പ്രവർത്തിച്ച അത്ഭുതങ്ങളിലൂടെ മനുഷ്യർക്കു വചനത്തിൽ വിശ്വാസ്യത നിലനിർത്തുകയായിരുന്നു ലക്ഷ്യം. ഇന്നു നാം അറിയേണ്ട വചനങ്ങളെല്ലാം പൂർണ്ണമായി രേഖപ്പെടുത്തി കിട്ടിയിരിക്കുന്നു. അതിനോടു കൂട്ടാനോ കുറക്കാനോ ആർക്കും അധികാരമില്ല. യഥാർത്ഥ സഭ ഇന്നു ബൈബിൾ പഠിപ്പിക്കുകയാണു ചെയ്യേണ്ടത്. ഇന്നും പ്രവചനവരത്തിലും മറ്റും വിശ്വസിക്കുന്നവർ ദൈവ വചനത്തെ നിന്ദിക്കുകയാണ്. കാരണം ദൈവ വചനത്തിൽ ഇല്ലാത്തത് പ്രവചിച്ചു പറഞ്ഞാൽ അത് ദൈവത്തിന്റെ ആത്മാവിൽ നിന്നുള്ളതല്ല. ബൈബിളിൽ ഉള്ളതുതന്നെ പ്രവചിച്ചു എന്നു പറയേണ്ടതില്ലല്ലോ. ദയവായി താഴെ കാണുന്ന ഭാഗങ്ങൾ വായിക്കുക. മർക്കൊ. 16: 17-18, പ്രവൃത്തി. 3: 6-7. (ആ സംഭവം മുഴുവനും വാക്യം 1 മുതൽ 8 വരെ വായിക്കുക.) 16: 9. 26-27. 14: 8-10.

നാം വേദപുസ്തകം വായിക്കുമ്പോൾ (അർത്ഥം ഗ്രഹിച്ചുകൊണ്ട് വായിക്കുമ്പോൾ) യഥാർത്ഥത്തിൽ നമുക്കു ദൈവത്തിന്റെ ആത്മാവിനെ, പരിശുദ്ധാത്മാവിനെയാണു, ലഭിക്കുന്നത്. നാം രക്ഷപ്രാപിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ വചനം വായിച്ച് സത്യം ഗ്രഹിക്കാവുന്നത്ര ഗ്രഹിക്കുകയും അതനുസരിച്ച് ജീവക്കുകയുമാണ് വേണ്ടത്. പരിശുദ്ധാത്മാവു സത്യത്തിന്റെയും വിവേകത്തിന്റെയും ആത്മാവാണ്. ബഹളത്തിന്റെ ആത്മാവല്ല. സത്യവചനമാണ് നാം പ്രാപിക്കേണ്ട യഥാർത്ത ആത്മാവ്. യോഹ. 6: 63. വചനം ആത്മാവാണ്. യോഹ. 14: 16-17 ഉം പിതാവിനോടു ചോദിച്ച് നമുക്കു യേശു അയച്ചുതന്ന സത്യത്തിന്റെ ആത്മാവാണ് യഥാർത്ഥത്തിൽ സത്യവചനമായ സത്യവേദപുസ്തകം. ദൈവത്തിന്റെ ശക്തിയായ പരിശുദ്ധാത്മാവ് ഇന്നു നമ്മോടുകൂടി ഉണ്ട്. അത് ബൈബിൾ ആണ്. വചനത്തിലൂടെയല്ലാതെ പരിശുദ്ധാത്മാവിനെ കാത്തിരുന്നു. പ്രാപിക്കാം എന്നു പറയുന്നവർ നമ്മേ വഞ്ചിക്കുകയാണ്. മരിച്ചവരെ ഉയർപ്പിക്കാനോ അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിക്കുവാനോ മരണകരമായത് കടിച്ചാൽ മരിക്കാതിരിക്കുവാനോ രോഗികളെ സൗഖ്യമാക്കാനോ ഉള്ള കഴിവ് ഇന്ന് കാത്തിരുന്നു പ്രാപിക്കാം എന്ന് അവകാശപ്പെടുന്നവർ ജനങ്ങളെ ചതിക്കുകയാണ് ചെയ്യുന്നത്. സമയവും ആരോഗ്യവും പണവും അതിനുവേണ്ടി ഇനി ചെലവഴിക്കരുതെ എന്നു വിനയത്തോടെ അപേക്ഷിക്കുന്നു. ഈ ലോകത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി വേദപുസ്തകം പരിശോധിച്ച് പഠിച്ചുമനസ്സിലാക്കി പ്രാർത്ഥനയും വായനയും പ്രബോധനവും കൂട്ടായ്മയും മുടങ്ങാതെ നടത്തി രക്ഷപ്രാപിക്കുവാൻ ദൈവം നമ്മേക്കുറിച്ചാഗ്രഹിക്കുന്നു. ദൈവം വെളിപ്പെടുത്തിയ പരിജ്ഞാനം നാം പ്രാപിക്കുക പരിജ്ഞാനമില്ലായ്കയാൽ എന്റെ ജനം നശിച്ചുപോകുന്നു എന്ന വാക്യം ഓർക്കുക.

## പാഠത്തിന്റെ ചുരുക്കം

1. പരിശുദ്ധാത്മാവിന്റെ വരങ്ങൾ ആദിമ ക്രൈസ്തവ സഭയ്ക്കു കൊടുത്തിരുന്നു.

2. അത് രണ്ട് ഉദ്ദേശ്യങ്ങളോടെയാണ് കൊടുത്തിരുന്നത്.
    1) വിശ്വാസികൾക്ക് അടയാളത്തിനും ഉറപ്പിനും.
    2) ആദിമ നൂറ്റാണ്ടിലെ സഭയുടെ കെട്ടുപണിക്ക്.

3. പുതിയനിയമം എഴുതപ്പെടുന്നതുവരെ മാത്രമേ പരിശുദ്ധാത്മവരങ്ങളിൽ ഭൂരിപക്ഷവും നിലനിന്നിട്ടുള്ളു.



## ചോദ്യങ്ങൾ

1. പരിശുദ്ധാത്മാവ്
    1) ത്രിത്വത്തിൽ മൂന്നാമനാണ്.
    2) ദൈവത്തിന്റെ ശക്തിയാണ്.

2. വേദപുസ്തകം എഴുതപ്പെട്ടത് പരിശുദ്ധാത്മാവിനാലാണെന്നു കാണിക്കുന്ന ഒരു വേദ വാക്യം എഴുതുക.

3. ശിഷ്യന്മാർ പരിശുദ്ധാത്മാവിനെ എന്നു പ്രാപിച്ചു? അത് അവർ പ്രാപിച്ചു എന്നതിന്റെ പ്രത്യക്ഷ അടയാളം എന്തായിരുന്നു.

4. ഇന്ന് പരിശുദ്ധാത്മാവിനെ കാത്തിരുന്നു പ്രാപിക്കാമോ?

5. ആദ്യനൂറ്റാണ്ടിലെ ക്രിസ്ത്യാനികൾക്കു പരിശുദ്ധാത്മ വരങ്ങൾ കൊടുത്തിരുന്നതിന്റെ ഒരു കാരണം എഴുതുക.

6. ഈ വരങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് ഏതാണ്?

7. ഇന്ന് അത്ഭുതങ്ങൾ ചെയ്യാനുള്ള വരം പ്രാപിച്ച ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?

---

# പാഠം 5.
# യേശു ക്രിസ്തു

വായനാഭാഗം: ലൂക്കൊ: 2. എബ്രായ. 1, 2.

## യേശു ആരായിരുന്നു?

യേശു സാധാരണക്കാരനായ ഒരു വ്യക്തി അല്ലായിരുന്നു. അവൻ സാക്ഷാൽ ദൈവത്തിന്റെ പുത്രനായിരുന്നു. ലൂക്കൊസിന്റെ സുവിശേഷത്തിൽ അവന്റെ ജനനത്തെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്വഭാവമഹിമയുള്ള യഹൂദകന്യകയായിരുന്ന മേരിയോട് ദൈവത്തിന്റെ ഒരു ദൂതൻ സംസാരിച്ചു. ലൂക്കൊ.1: 30, 35. "മറിയേ ഭയപ്പെടേണ്ട നിനക്കു ദൈവത്തിന്റെ കൃപ ലഭിച്ചു. നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും അവന് യേശു എന്നു പേർ വിളിക്കണം".

അതിന് മറിയ ദൂതനോട് "ഞാൻ പുരുഷനെ അറിയായ്കയാൽ ഇത് എങ്ങനെ സംഭവിക്കും."എന്നു പറഞ്ഞു. ദൂതൻ അവളോട് പരിശുദ്ധാത്മാവ് നിന്റെ മേൽ വരും. അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു. അതുകൊണ്ട് യേശു മറിയയുടെയും ദൈവത്തിന്റെയും പുത്രനായി ജനിച്ചു. അവനു മനുഷ്യ സ്വഭാവം അമ്മയിൽനിന്നും, ദൈവസ്വഭാവം പിതാവാം ദൈവത്തിൽ നിന്നും പൈതൃകമായി ലഭിച്ചിരുന്നു. ഒരു സാധാരണ ശിശു വളരുന്നപോലെ ശാരീരികവും മാനസികവുമായി യേശു വളർച്ച പ്രാപിച്ചുകൊണ്ടേയിരുന്നു. ലൂക്കൊ. 2: 51.

യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യന്റെയും കൃപയിലും മുതിർന്നുവന്നു. ഇവിടെ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കുക. ക്രിസ്തു ജനിച്ചപ്പോൾ ജ്ഞാനവും വളർച്ചയും കൃപയും ആവശ്യമായ പരിധിയിൽ പ്രാപിച്ചുകൊണ്ടല്ല ജനിച്ചത്. പിന്നയോ അവന് പ്രായം കൂടുംതോറും മറ്റു ശിശുക്കളെപ്പോലെ അവ പ്രാപിക്കുകയാണു ചെയ്തത്. അവൻ ജനനത്താൽ ദൈവമോ ദൈവതുല്യനോ മാലാഖയോ ആയിരുന്നില്ല എന്നുവ്യക്തം. എന്തുകൊണ്ടെന്നാൽ മറ്റു ശിശുക്കളെപ്പോലെ അവനും എല്ലാറ്റിലും വളർന്നുകൊണ്ടിരുന്നു. മുപ്പതു വയസ്സായപ്പോൾ അവനെ പിതാവാം ദൈവം കഷ്ടാനുഭവങ്ങളിലൂടെ അനുസരണം പഠിച്ചു തികഞ്ഞവനാകാൻ, അങ്ങനെ തന്നെ അനുസരിക്കുന്നവർക്ക് നിത്യരക്ഷയുടെ കാരണ ഭൂതനാകാൻ ആവശ്യമായ പരിശീലനം നല്കിക്കൊണ്ടിരുന്നു. (എബ്രാ. 5: 8, 9. റോമർ. 5: 19)



ക്രിസ്തു അങ്ങനെ അനുസരണം പഠിച്ചു എന്നു വചനത്തിൽ നിന്നും മനസ്സിലാക്കുന്നു. ക്രിസ്തുവിനെ ദൈവമായി വിശ്വസിക്കുന്നവർ ഇവിടെ എന്തുപറയും? അതുകൊണ്ടാണു ക്രിസ്തു ദൈവത്തിനു തുല്യനല്ല എന്ന് പലപ്രാവശ്യം പറഞ്ഞിട്ടുള്ളത്. ക്രിസ്തു എന്നും ദൈവത്തിന് കീഴ്പ്പെട്ടവനാണ്. ചിലവേദഭാഗങ്ങൾ നോക്കാം.

1. ലൂക്കൊസ് 18: 19. അതിന് യേശു, എന്നെ നല്ലവൻ എന്നു പറയുന്നത് എന്ത്? ദൈവം ഒരുവനല്ലാതെ നല്ലവൻ ആരും ഇല്ല.

2. യോഹ. 5: 19. ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു പിതാവു ചെയ്തു കാണുന്നതല്ലാതെ പുത്രന് സ്വതേ ഒന്നും ചെയ്വാൻ കഴിയുകയില്ല.

3. യോഹ. 14: 28. ഞാൻ പോകയും നിങ്ങളുടെ................. പിതാവ് എന്നെക്കാൾ വലിയവനല്ലോ.

4. 1 കൊരി. 15: 28. എന്നാൽ അവനു സകലവും കീഴ്പ്പെട്ടു വന്നശേഷം.............. പുത്രൻ താനും സകലവും തനിക്കു കീഴാക്കിക്കൊടുത്തവന് (പിതാവിന്) കീഴ്പ്പെട്ടിരിക്കും.

യേശു വളർന്ന് മുപ്പതു വയസ്സായപ്പോഴാണ് സുവിശേഷപ്രചരണം തുടങ്ങിയത്. അവൻ പിതാവാം ദൈവത്തെ പൂർണ്ണമായും അനുസരിച്ചു സേവിച്ചു. കഠിനാദ്ധ്വാനം ചെയ്ത് എല്ലാ പരീക്ഷകളേയും ജയിച്ചു. അതാണു ക്രിസ്തുവും മറ്റുമനുഷ്യരും തമ്മിലുള്ള വ്യത്യാസം. നമ്മേപ്പോലെ അവനും പലസ്വഭാവങ്ങളിൽ പരീക്ഷിക്കപ്പെട്ടു. മത്തായി. 4: 1 മുതൽ 11 വരെ വായിക്കുക. ജഡമോഹം കൺമോഹം ജീവനത്തിന്റെ പ്രതാപം ഇവയാൽ ക്രിസ്തു പരീക്ഷിക്കപ്പെട്ടു. ഓരോ പരീക്ഷയിലും ദൈവവചനം എന്ന ആയുധം കൊണ്ട് വിജയം വരിച്ചു. നമ്മേപ്പോലെ പരീക്ഷികളിൽ പരാജയപ്പെട്ടില്ല. 2കൊരി. 13: 4. മർക്കൊ. 10: 18 ലൂക്കൊസ്. 22: 43. മത്തായി. 4: 11 ഇവ വായിക്കുക. നമുക്കു സമസ്വഭാവമുള്ളവനാണ് ക്രിസ്തു. എങ്കിൽ മാത്രമേ നമ്മേ രക്ഷിപ്പാൻ അവനു കഴിയുകയുള്ളു. യേശു ദൈവമായിരുന്നെങ്കിൽ അവന് പൂർണ്ണമായി ദൈവ പ്രകൃതി സ്വതേ ഉണ്ടായിരിക്കുകയും പരീക്ഷകൾ ഉണ്ടാവുകയും ചെയ്യുകയില്ലായിരുന്നു. യാക്കൊബ്. 1: 13

മൂന്നര വർഷത്തെ പരസ്യ ശുശ്രുഷയ്ക്കു ശേഷം ക്രിസ്തു മരിച്ചു ദൈവത്തിനു മരിക്കാൻ കഴിയുകയില്ലല്ലോ. ദാനിയേൽ 21: 7. 1 തിമോ. 6: 16. മാലാഖമാർക്കും മരിക്കാൻ സാധിക്കുകയില്ല എന്നും ഓർക്കുക.

ലൂക്കോ.20: 35-36. അതുകൊണ്ട് യേശു മർത്യനായ മനുഷ്യപുത്രനും ദൈവപുത്രനും ആയിരുന്നു. ചില ആളുകൾ പറയും യേശുവിന്റെ ശരീരമേ മരിച്ചുള്ളു ആത്മാവ് മരിച്ചില്ലാ എന്ന്. "അവൻ തന്റെ പ്രാണനെ മരണത്തിന് ഒഴുക്കിക്കളഞ്ഞു. യെശയ്യാ. 53: 12. ക്രിസ്തു തന്റെ ഐഹിക ജീവതകാലത്ത് തന്നെ മരണത്തിൽ നിന്നും രക്ഷിപ്പാൻ കഴിയുന്നവനോട് (പിതാവാം ദൈവത്തോട്) ഉറച്ച നിലവിളിയോടും................ അപേക്ഷകഴിച്ചു. എബ്ര. 5: 7. യേശു നിലവിളിച്ചു പ്രാണനെ (gost) വിട്ടു. മത്തായി 27: 50 മർക്കൊ. 15: 37. ആത്മാവിനെ ഏല്പിക്കുന്നു എന്നു നിലവിളിച്ചു പറഞ്ഞിട്ടു പ്രാണനെ വിട്ടു (ലൂക്കൊ.23: 46.) എന്റെ ജീവനെ വീണ്ടും പ്രാപിക്കേണ്ടതിന് ഞാൻ അതിനെ കൊടുക്കുന്നതുകൊണ്ട് (യോഹ. 10: 17) യേശു തല ചായ്ച്ചു ആത്മാവിനെ ഏൽപിച്ചുകൊടുത്തു. (യോഹ. 19: 30) മേൽ പറഞ്ഞ ഭാഗങ്ങൾ ശ്രദ്ധിക്കുക പ്രാണൻ ജീവൻ ആത്മാവ് എന്നീ മലയാള പദങ്ങൾ ഒരു ഗ്രീക്കുപദത്തിന്റെ തന്നെ തർജ്ജമയാണ്. മൂലഗ്രന്ഥത്തിൽ ഉള്ള നെഫേഴ്സ്, സൈക്ക എന്നീ പദങ്ങളെ മലയാളത്തിൽ ശ്വാസം, പ്രാണൻ ജീവൻ, ആത്മാവ്, മനസ്സ് എന്നെല്ലാമാണ് തർജ്ജമ ചെയ്തിട്ടുള്ളത്. ചുരുക്കിപ്പറഞ്ഞാൽ ശ്വാസം അല്ലെങ്കിൽ ജീവനാണ് ആത്മാവ്. മനുഷ്യനും മൃഗത്തിനും ഉള്ള ജീവൻ അല്ലെങ്കിൽ ശ്വാസം ഒന്നത്രേ. സഭാപ്രസംഗി. 3: 19.

കുറ്റമറ്റ ഒരു ജീവിതംകൊണ്ട് ക്രിസ്തു നമുക്ക് ദൈവത്തിന്റെ സ്വഭാവവും വചനവും വെളിപ്പെടുത്തിതന്നു. എബ്രായർ 1 ന്റെ 1 മുതൽ 4 വരെ വായിക്കുക. വേദഭാഗങ്ങൾ വായിക്കുന്നില്ലെങ്കിൽ ആശയം പൂർണ്ണമായികിട്ടുകയില്ല.

## ദൈവിക പദ്ധതിയുടെ ആകെ കൂടിയുള്ള രൂപം.

ദൈവം എല്ലാം അറിയുന്നു. ഭൂതവും വർത്തമാനവും ഭാവിയും അറിയുന്നു. മനുഷ്യനെ സൃഷ്ടിച്ച് ഭൂമിയിലാക്കാൻ പദ്ധതി തയ്യാറാക്കുമ്പോഴേ ദൈവത്തിന് അറിയാം മനുഷ്യൻ തെറ്റിപ്പോകും എന്ന്. അവർ പാപം ചെയ്ത് അകന്നാലും തന്നെ സേവിക്കാൻ ഒരു സംഘം ആളുകൾ ഉണ്ടാകുമെന്നും ദൈവത്തിന് അറിയാം. പാപത്തെ വെറുക്കുന്ന ദൈവം തന്റെ ജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും പാരമ്യതയിൽ പാപികളായ മനുഷ്യരെ നീതീകരിച്ചു തിരിച്ചെടുക്കാൻ വലിയ ഒരു പദ്ധതി തയ്യാറാക്കി. മനുഷ്യവർഗ്ഗത്തിന്റെ പ്രതിനിധിയായി എന്നാൽ പാപം ചെയ്യാത്ത ഒരു മനുഷ്യനെ തന്നെ അതിനു ബലിയായി അർപ്പിക്കണമായിരുന്നു. അപ്രകാരം ഒരു മനുഷ്യനെ സൃഷ്ടിക്കുവാൻ ദൈവത്തിനേ കഴിയു. ക്രിസ്തുവിനെ ജനിപ്പിച്ചതിന്റെ സാഹചര്യം ഇതായിരുന്നു. ഇതേക്കുറിച്ച് മറ്റൊരു പാഠത്തിൽ നാം വിശദമായി പഠിക്കും. ക്രിസ്തുവിന്റെ ജനനം ചരിത്രത്തിൽ ഒരിക്കൽ സംഭവിക്കും വണ്ണം ദൈവം മുൻകണ്ടിരുന്നു. റോമർ 4: 17 ൽ പൗലൊസ് പറയുന്നത്. "ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കുകയും



ചെയ്യുന്നവനായ ദൈവം" എന്നാണ് യിരമ്യ 1: 4-5. എഫേ. 1: 4-5. 1പത്രോ 1: 20. മുതലായവയും ഇതോടൊപ്പം ചേർത്തുവായിക്കുക. അവൻ ലോകസ്ഥാപനത്തിനു മുമ്പേ മുന്നറിയപ്പെട്ടവനും.......... ലോകസ്ഥാപനത്തിനു മുമ്പേ നമ്മേ അവനിൽ തിരഞ്ഞെടുക്കുകയും (1 പത്രോ.1: 20 എഫേ. 1: 4) യേശുവിനെയും അവന്റെ പ്രവർത്തനത്തെയും ദൈവം മുമ്പേ കണ്ടിരുന്നു എന്നത് വേദപുസ്തകത്തിന്റെ പലഭാഗങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള ആശയം ആണ്. ജനനത്തിനു മുൻപ് പിതാവിനോടൊപ്പം യേശു ഉണ്ടായിരുന്നു എന്ന പഠിപ്പിക്കൽ വേദവിപരീതമാണ്. വചനം ജഡമായി എന്നു പറഞ്ഞാൽ വചനം നിവൃത്തിയായി എന്നേ അർത്ഥമുള്ളു അവൻ മുന്നറിയപ്പെട്ടവൻ (foreordained) എന്നു പറഞ്ഞാൽ ഉണ്ടാകും മുൻപേ അറിയപ്പെട്ടവൻ എന്നാണ്. ദൈവത്തിന്റെ പദ്ധതി ലോകത്തിന്റെ ഉല്പത്തിക്കുമുൻപേ ഉണ്ട്. അതാതിന്റെ സമയത്തുമാത്രമേ അതു നടപ്പിലാകു എന്നു ചുരുക്കം. മനുഷ്യരുടെ പ്രവൃത്തിയും അങ്ങനെയല്ലെ?. ഓരോ ദിവസവും ചെയ്യേണ്ടത് മുൻകൂട്ടി നിശ്ചയിക്കുന്നു പ്ലാനിങ്ങ് നേരത്തെ നടത്തുക സ്വാഭാവികമല്ലേ, പക്ഷേ ഇക്കാര്യത്തിൽ മനുഷ്യനും ദൈവവും തമ്മിൽ ഒരു വ്യത്യാസം ഉണ്ട് മനുഷ്യന്റെ (പ്ലാൻ) പദ്ധതിമുഴുവനും നടപ്പിലാക്കാൻ അവനു സാധിക്കുന്നില്ല. ദൈവത്തിന്റെ പദ്ധതി പൂർണ്ണമായും നടക്കുന്നു.

## യേശു യഥാർത്ഥത്തിൽ സ്വർഗ്ഗത്തിൽ നിന്നും വന്നവനാണോ?

ഇക്കാര്യത്തെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ നിലവിലുണ്ട്. ക്രിസുതുവിന്റെ പുർവ്വാസ്തിക്യം എന്ന വിഷയം ഇവിടെ കടന്നു വരുന്നു. നമുക്ക് യോഹ. 6: 38. എടുക്കാം. ഞാൻ എന്റെ ഇഷ്ടമല്ല.......... ഞാൻ സ്വർഗ്ഗത്തിൽ നിന്നു വന്നിരിക്കുന്നത്. ഈ വാക്യം വായിക്കുമ്പോൾ ക്രിസ്തു നേരത്തെ സ്വർഗ്ഗത്തിൽ ഉണ്ടായിരുന്നു എന്നു ചിന്തിക്കും. അതേ അദ്ധ്യായത്തിൽ (6-ാം അദ്ധ്യായം 53, 54. വാക്യങ്ങൾ നോക്കുക) എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനു നിത്യജീവൻ ഉണ്ട്............. എന്നെ തിന്നുന്നവൻ എൻമൂലം ജീവിക്കും ഇവിടെ ക്രിസുതുവിനെ തിന്നുക എന്നുപറയുന്നത് ഒരു ഭാഷാ പ്രയോഗം മാത്രമാണ്. പ്രതിരൂപാത്മകമായും ആലങ്കാരികമായും ഉള്ള ഭാഷാപ്രയോഗം ബൈബിളിൽ ഉണ്ട്. ഞാൻ സ്വർഗ്ഗത്തിൽ നിന്നുവന്നു എന്നു പറഞ്ഞാൽ ആക്ഷരികമായി വന്നു എന്നല്ല പിന്നയോ സ്വർഗ്ഗത്തിന്റെ (ദൈവത്തിന്റെ) പദ്ധതിപ്രകാരം വന്നു എന്നേ അതിനർത്ഥമുള്ളു. യോഹ. 6 ന്റെ 31 ാം വാക്യം വായിക്കുമ്പോൾ യേശു ഇപ്രകാരം പറഞ്ഞതായികാണാം. അവർക്കു തിന്നാൻ ദൈവം സ്വർഗ്ഗത്തിൽ നിന്ന് അപ്പം കൊടുത്തു എന്ന് യിസ്രായേൽ ജനത്തിന് തിന്നാൻ മന്നാ കൊടുത്തതിനെപ്പറ്റി യേശു പറയുന്ന ഭാഗമാണല്ലോ അത്. അതിന്റെ അർത്ഥം സ്വർഗ്ഗത്തിൽ നേരത്തെ തന്നെ അപ്പമോ മന്നയോ

ഉണ്ടായിരുന്നുവെന്നും അതു ഭൂമിയിലേക്ക് ഇട്ടുകൊടുത്തതാണെന്നും ആരും പറയുകയില്ലല്ലോ. ആക്ഷരികമായ അർത്ഥമല്ല ആശയമാണ് നാം അവിടെ ഗ്രഹിക്കുന്നത്. മന്നാ ഭൂമിയിൽ ഉണ്ടക്കിക്കൊടുത്തു എന്നു സാരം.

യോഹ. 1: 6 ൽ ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു എന്ന് യോഹന്നാനെപ്പറ്റി പറഞ്ഞിട്ടുള്ളത് ശ്രദ്ധിക്കുക. അവന്റെ ജനനത്തെപ്പറ്റി ലൂക്കൊ. 1: 5–25ഉം 57–80. ഉം വായിച്ചാൽ മനസ്സിലാക്കാൻ സാധിക്കും ഒരു മുതിർന്ന മനുഷ്യനായി സ്വർഗ്ഗത്തിൽ യോഹന്നാൻ ഉണ്ടായിരുന്നുവെന്നും അവിടെ നിന്ന് ഭൂമിയിലേക്കു വന്നതാണെന്നും ആരും പറയുമെന്നു തോന്നുന്നില്ല. ദൈവം അവനെ അയച്ചു എന്നു പറഞ്ഞാൽ പ്രത്യേക ഉദ്ദേശ്യങ്ങളോടുകൂടി യോഹന്നാനെ ദൈവം നിയോഗിച്ചു എന്നു മാത്രമേ അർത്ഥമാകുന്നുള്ളു.

കന്യകമറിയയുടെ ഗർഭപാത്രത്തിൽ യേശു ജനിക്കും മുൻപേ ദേഹരഹിതനായോ ദേഹസഹിതനായോ ആത്മീക രൂപിയായോ അരുപിയായോ യേശു സ്വർഗ്ഗത്തിൽ പിതാവാം ദൈവത്തോടുകൂടി ഉണ്ടായിരുന്നില്ല. ഇന്നേക്ക് 2000 കൊല്ലങ്ങൾക്കു മുൻപ് ഭൂമിയുടെ സൃഷ്ടിപ്പിന് 4000 കൊല്ലങ്ങൾക്കു ശേഷം ദൈവശക്തിയായ പരിശുദ്ധാത്മാവിനാൽ മറിയയിൽ ഉല്പാതിതമായ വിശുദ്ധ പ്രജയാണ് ക്രിസ്തു. ദയവായി ലൂക്കൊ. 1: 35 വായിക്കുക. ലോക സൃഷ്ടിക്കുമുൻപേ ദൈവത്തിന്റെ പദ്ധതിയിൽ ക്രിസ്തുവിനെക്കുറിച്ചും മാത്രമല്ല എല്ലാ സൃഷ്ടികളെക്കുറിച്ചും ദൈവത്തിന് മുൻ നിർണ്ണയം ഉണ്ടായിരുന്നു. അവൻ ദൈവമോ മാലാഖയോ അല്ല. അവൻ ദൈവത്തിന്റെ പുത്രനായിരുന്നു. മനുഷ്യ പ്രകൃതി അവനും ഉണ്ടായിരുന്നതുകൊണ്ടാണ് അവൻ മരിക്കാൻ ഇടയായത്. അവന് നമ്മേപ്പോലെ മർത്യസ്വഭാവം ഉണ്ടായിരുന്നു. അവൻ നമ്മേപ്പോലെ സകലത്തിലും പരീക്ഷിക്കപ്പെടുകയും സദൃശനായിതീരുകയും ചെയ്തു എന്നാൽ അവൻ ഒരിക്കലും നമ്മേപ്പോലെ പരീക്ഷകളിൽ പരാജിതനായില്ല. എല്ലാ പരീക്ഷകളേയും അവൻ അതിജീവിച്ചു. അവൻ ഒന്നിലും പാപം ചെയ്തില്ല.

ക്രിസ്തു എത്ര നല്ലവനായി ജീവിച്ചു നമ്മേ സ്നേഹിച്ചു. ഇന്ന് അവൻ ദൈവത്തിന്റെ വലത്തു ഭാഗത്ത് ഇരുന്ന് നമുക്കുവേണ്ടി പക്ഷപാതം ചെയ്യുന്നു റോമർ. 8: 34.

ഇക്കാര്യം പൗലൊസ് ഗലാത്യർക്ക് എഴുതുന്ന ലേഖനത്തിൽ (ഗലാ. 4: 4-5.) പറയുന്നുണ്ട്. കാലത്തിന്റെ സമ്പൂർണ്ണതയിൽ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിപ്പിച്ചത് നാം പുത്രത്വം വാങ്ങേണ്ടതിനു തന്നെയാണ്.



കാലസമ്പൂർണ്ണത എന്ന പദത്തിന്റെ ആശയം ഗ്രഹിക്കാൻ മർക്കൊ. 1: 14-15. ഉം തീത്തോ. 1: 2-4 ഉം വായിക്കുക.

ഈ ഭാഗങ്ങൾ വായിക്കുമ്പോൾ വ്യക്തമായി മനസ്സിലാകുന്നത് ദൈവിക പദ്ധതിയുടെ പ്രാരംഭത്തിൽ യേശു ഉണ്ടായിരുന്നു എന്നാണ്. യേശു അന്ന് ഉണ്ടായിരുന്നത് പദ്ധതിയിൽ മാത്രമാണ്. ശാരീരികമായി ഇല്ലായിരുന്നു അന്ന് ക്രിസ്തു ആത്മരൂപിയായോ മനുഷ്യരൂപിയായോ ഇല്ലായിരുന്നു.

**യേശുക്രിസ്തു രക്ഷകനായും മദ്ധ്യസ്ഥനായും**

ക്രിസ്തു ക്രൂശിക്കപ്പെട്ടപ്പോൾ ശിഷ്യന്മാർ ഇടയനില്ലാത്ത ആടുകളെപ്പോലെ ചിതറിപ്പോയി. അവരുടെ പ്രത്യാശ അസ്തമിച്ചു. ക്രിസ്തു ഉയിർത്തതോടുകൂടി അവരെല്ലാം ഒന്നിച്ചു ചേരാൻ തുടങ്ങി. യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും നടക്കാൻ തുടങ്ങി. അ.പ്ര. 2 ന്റെ 29 മുതൽ 36വരെ വായിക്കുക.

അന്നുമുതൽ ക്രിസ്ത്യാനികൾ പെരുകിവർദ്ധിക്കാൻ തുടങ്ങി. അതൊടൊപ്പം ക്രിസ്ത്യാനികൾ പീഡനകൾക്കു വിധേയരായി. എന്നിട്ടും ക്രിസ്ത്യാനികൾ തളർന്നില്ല. കാരണം അവർ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കണ്ടവരാണ്. ജീവിക്കുന്ന ക്രിസ്തുവിൽ നിന്നു നേരിട്ടു കേട്ടവരാണ്. അവരുടെ വിശ്വാസത്തെയും അനുഭവത്തെയും ആർക്കും ചോദ്യം ചെയ്യാൻ അന്നു കഴിഞ്ഞിരുന്നില്ല. നിർമ്മിത കഥകളെക്കൊണ്ട് സുവിശേഷം വ്യാപിപ്പിക്കേണ്ട കാര്യവും അന്നില്ലായിരുന്നു. 1കൊരി. 15: 6ൽ പൗലൊസ് പറയുന്നു ഏകദേശം 500 ആളുകൾ ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയിർത്തവനായി കണ്ടു എന്ന്. മരിച്ചവരിൽ നിന്നു ക്രിസ്തു ഉയിർത്തതിനാൽ തന്നിൽ വിശ്വസിക്കുന്ന അനേകർ മരണത്തിൽനിന്നും ജീവനിലേക്കു കടക്കും എന്ന ഉറപ്പ് ജനങ്ങൾക്കു കിട്ടി മത്താ. 18: 11. 1 തിമൊ.1: 15. എബ്ര. 7: 24-25 കൂടിവായിക്കുക

നാമെല്ലാം പാപികളാണ്, ഇന്നും ജീവിക്കുന്ന യേശു നമ്മേ വിളിക്കുന്നു. അവൻ നമ്മേ രക്ഷിക്കാൻ പ്രാപ്തനാണ്. ക്രിസ്തുവിലൂടെ പാപമോചനം ഏതു പാപിക്കും ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. വായനക്കാരോട് ഞങ്ങൾ ഒരു കാര്യം അറിയിക്കട്ടെ. താങ്കൾ മരിക്കുന്ന ദിവസം വരുന്നു. ദൈവം താങ്കൾക്കുവേണ്ടി എന്തെങ്കിലും ചെയ്തില്ലെങ്കിൽ താങ്കൾ മൃതന്മാരുടെ കൂട്ടത്തിൽ എന്നേക്കും വിശ്രമിക്കേണ്ടിവരും. ഇതിന് പ്രാധാന്യം കൊടുത്താലും ഇല്ലെങ്കിലും ഇതു സംഭവിക്കാൻ പോകുന്ന ഒരു കാര്യം ആണെന്ന് ഓർക്കുക. ദൈവത്തിന്റെ പദ്ധതിക്ക് മാറ്റം വരാൻ പോകുന്നില്ല. എന്നാൽ നമുക്കുവേണ്ടി ദൈവം ക്രിസ്തുവിനെ നമ്മുടെ രക്ഷകനായി

നിയമിച്ചിട്ടുണ്ടെന്ന് പ്രത്യേകം ശ്രദ്ധിക്കുക. ദൈവം ക്രിസ്തുവിനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ച് നിത്യജീവൻ നൽകി നിലനിർത്തിയിരിക്കുന്നു. അതുപോലെതന്നെ ക്രിസ്തുവിൽ വിശ്വസിക്കുന്നവരെയും ദൈവം നിത്യജീവൻ നൽകി നിലനിർത്താൻ ആഗ്രഹിക്കുന്നു. ഈ പദ്ധതി ആര് അംഗീകരിച്ച് അനുസരിക്കുന്നുവോ അവർക്ക് അതിന്റെ പ്രയോജനം ലഭിക്കും. എബ്രാ. 12: 2 ക്രിസ്തുവിന്റെ അവസാന വാക്കുകളിൽ (മർക്കൊ. 16: 16) വിശ്വസിക്കുകയും സ്നാനപ്പെടുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും. അ. പ്ര. 4: 10-12. വായിക്കുക.

ക്രിസ്തുവില്ലാത്ത ജീവിതം അക്ഷരം കൂടാത്ത സാഹിത്യം പോലെയും സംഖ്യയില്ലാത്ത കണക്കുപോലെയും നക്ഷത്രങ്ങളെ കൂടാത്ത ജ്യോതി ശാസ്ത്രം പോലെയും ശൂന്യമാണ്.

## മദ്ധ്യസ്ഥനായ ക്രിസ്തു

ദൈവിക പദ്ധതിയിൽ ക്രിസ്തുവിന്റെ സ്ഥാനം എന്താണ്? ദൈവ പുത്രനാകയാൽ പരീക്ഷകളെ അതിജീവിച്ച് പാപത്തിൻമേൽ വിജയം പ്രാപിച്ചു. മനുഷ്യ പുത്രനാകയാൽ നമ്മേപ്പോലെ പാപസ്വഭാവങ്ങളെ നേരിട്ട് എങ്ങനെ പാപങ്ങളിൽമേൽ വിജയം വരിക്കാം എന്നു കാണിച്ചുതന്നു. അതുകൊണ്ടാണ് എബ്രായ ലേഖകൻ ഇങ്ങനെ എഴുതിയത്. "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല. പാപം ചെയ്യാതെ സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ. നമുക്കുള്ളത്" (ഇവിടെ മലയാള തർജ്ജമയിൽ തെറ്റു വന്നിട്ടുണ്ടന്ന് ഇംഗ്ലീഷ് ബൈബിളിലും ഡയഗ്ളോട്ടും നോക്കിയാൽ കാണാവുന്നതാണ്.) എബ്രാ. 4: 15. [He was tempted in every point just like us, yet not sinned.] യേശുക്രിസ്തു ദൈവപുത്രനും മനുഷ്യപുത്രനും ആയിരുന്നതുകൊണ്ട് ക്രിസ്തു മാത്രമേ മനുഷ്യനും ദൈവത്തിനും മധ്യേ മദ്ധ്യസ്ഥനായി നിൽക്കാൻ യോഗ്യനായിട്ടുള്ളു. അവൻ ക്രൂശു മരണത്തോളം അനുസരണമുള്ളവനായിതീർന്നു. ഈ അനുസരണം യേശുവിനെ പിതാവാം ദൈവം പഠിപ്പിച്ചതാണെന്ന് എബ്രാ. 5 ന്റെ 7, 8 ഉം വായിച്ചാൽ മനസ്സിലാക്കാം, അതുകൊണ്ട് പൗലൊസ് പറഞ്ഞത് എത്ര ശരിയായിരിക്കുന്നു 1 തിമൊ. 2: 5, 6. വായിക്കുക. കന്യമറിയത്തിലൂടെയോ വിശുദ്ധന്മാരിൽ കൂടിയോ ഉള്ള പ്രാർത്ഥന ദൈവിക പദ്ധതിയിലുള്ളതല്ല എന്ന് എത്ര വ്യക്തമായി ബൈബിൾ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തു മാത്രമേ മദ്ധ്യസ്ഥനായുള്ളു. അവൻ മാത്രമാണ് വാതിൽ. ക്രിസ്തു എന്ന രക്ഷകനെയും മദ്ധ്യസ്ഥനെയും എത്രമാത്രം നാം അറിയണം എന്ന് ഇവിടെ നാം ഗ്രഹിക്കുന്നു.



ഇനി ക്രിസ്തു രാജാവായി വരേണ്ടവനാണ്. പീലാത്തോസ് ക്രിസ്തുവിനെ ചോദ്യം ചെയ്തപ്പോൾ ക്രിസ്തു പറഞ്ഞമറുപടി ശ്രദ്ധിക്കുക. അതേ ഞാൻ രാജാവാണ് അതിനായിട്ടാണ് ഞാൻ പിറന്നത്.......... യോഹ.18: 37 യേശുക്രിസ്തു ലോകത്തിന്റെ മുഴുവനും രാജാവാകും എന്ന് കാണിക്കുന്ന ധാരാളം വാക്യങ്ങൾ ബൈബിളിൽ ഉണ്ട്. അന്ന് ഈ ലോകം ദൈവരാജ്യമായി മാറും. അപ്പോൾ നിന്റെ രാജ്യം വരേണമേ എന്ന കർത്തൃപ്രാർത്ഥന ആക്ഷരികമായി നിറവേറും. ക്രിസ്തുവിനെക്കാൾ നല്ല ഒരു ഭരണാധികാരിയെ ലോകത്തിനു ലഭിക്കുകയില്ല. ക്രിസ്തു രാജാവായി വാഴുമ്പോൾ ഈ ഭൂമി അതി ശ്രേഷ്ഠമായ ഒരവസ്ഥയെ പ്രാപിക്കും. അതേക്കുറിച്ച് വിശദമായി പഠനം അടുത്ത പാഠങ്ങളിൽ കാണാം. (പാഠം 7 ൽ)

**ഈ പാഠത്തിലൂടെ നാം ഗ്രഹിച്ച ബൈബിൾ സത്യങ്ങൾ**

1. ക്രിസ്തു ദൈവത്തിന്റെ പദ്ധതിയിലെ കേന്ദ്രബിന്ദുവാണ്.
2. ക്രിസ്തു മറിയയിൽ ദൈവത്തിന്റെ മകനായി ജനിക്കും മുൻപേ ആളത്വമായി ഇല്ലായിരുന്നു.
3. ക്രിസ്തു ദൈവപുത്രനാണ്. പുത്രനായ ദൈവമല്ല. അവൻ നമ്മുടെ സ്വഭാവങ്ങൾക്കു സദൃശ്യനായിരുന്നു.
4. ക്രിസ്തു ജനിച്ചത് തന്നിൽ വിശ്വസിക്കുന്നവരെ അവരുടെ പാപത്തിന്റെ ശിക്ഷയിൽ നിന്ന് – മരണത്തിൽനിന്ന് – രക്ഷിക്കാനാണ്.

## ചോദ്യങ്ങൾ

1. യേശുവിന്റെ പിതാവ് ആര്
   1) ജോസഫ്, 3) ദൈവം,
   2) പരിശുദ്ധാത്മാവ് 4) പിതവില്ല.

2. ദൈവരാജ്യം
   1) ഭൂമിയിൽ വരാനിരിക്കുന്ന ക്രിസ്തുവിന്റെ ഭരണം
   2) ഇന്നത്തെ ക്രൈസ്തവ സഭ,
   3) മനുഷ്യ ഹൃദങ്ങളിലെ സമാധാനം,
   4) സ്വർഗ്ഗത്തിൽ ദൈവത്തോടൊപ്പമുള്ള ജീവിതം,

3. യേശു ദൈവത്തിന്റെ പുത്രനാണ് ദൈവം അല്ല എന്നതിന് ഒരു ചെറിയ വിശദീകരണം എഴുതുക.

4. യേശുവിനെക്കാൾ വലിയവനാണ് പിതാവാം ദൈവം എന്നു കാണിക്കുന്ന ഒരു വേദവാക്യം എഴുതിക.

5. ഇന്നത്തെ മിക്ക സഭകളുടെയും പഠിപ്പിക്കലായ ത്രിത്വോപദേശത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായം എന്ത്?

# പാഠം 6.
# ദൈവത്തിന്റെ വാഗ്ദാനങ്ങൾ

വായനാഭാഗം: ഉല്പത്തി. 12: 2. ശമുവേൽ 7. സങ്കീ. 72. ഗലാത്യ. 1.

ദൈവത്തിന്റെ വാഗ്ദത്ത ക്രിസ്തു പഠിച്ച സുവിശേഷവുമായി ബന്ധപ്പെട്ടു കിടക്കുന്നു നമുക്ക് നിത്യരക്ഷവേണമെങ്കിൽ ക്രിസ്തു അറിയിച്ച സുവിശേഷം അറിയുകയും അത് അനുസരിക്കുകയും വേണം. മർക്കൊസ് 15: 15 ഉം 16 ഉം വായിക്കുക.

പത്രൊസ് തന്റെ രണ്ടാമത്തെ ലേഖനത്തിൽ ഇപ്രകാരം എഴുതിയിരിക്കുന്നു 2പത്രൊ. 1: 4. "അവയാൽ അവൻ നമുക്കു വിലയേറിയതും അതിമഹത്തുമായ വാഗ്ദത്തങ്ങളും നല്കിയിരിക്കുന്നു. ഇവയാൽ നിങ്ങൾ ലോകത്തിൽ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞിട്ട് ദിവ്യസ്വഭാവത്തിന് കൂട്ടാളികളായി തീരുവാൻ ഇടവരുന്നു."

ദൈവം നല്കിയ ഈ വിലയേറിയ വാഗ്ദത്തങ്ങൾ ബൈബിളിൽ രേഖപ്പെടുത്തിയിട്ടുള്ളതുകൊണ്ട് നാം എത്ര ഭാഗ്യവാന്മാരാണ്. ഈ വാഗ്ദത്തങ്ങളിൽ ചിലത് നടന്നുകഴിഞ്ഞു. അതുകൊണ്ട് നമുക്കു വാഗ്ദത്തങ്ങളിൽ വിശ്വസിക്കാൻ ബുദ്ധിമുട്ടില്ല. ഇനി നടക്കാനുള്ള വാഗ്ദത്തങ്ങളും നടക്കുകതന്നെ ചെയ്യും. ഈ വാഗ്ദത്തങ്ങൾ വിലയേറിയതാണ്. കാരണം അതു പൂർണ്ണമായി നടക്കാനുള്ള സമയം ഏറ്റവും അടുത്തു വന്നിരിക്കുന്നു.

ദൈവത്തിന്റെ പദ്ധതിയിൽ ഈ വാഗ്ദത്തങ്ങളാണ് പ്രമുഖമായിട്ടുള്ളത്. അത് നമ്മുടെ ഭാവി ജീവിതത്തെ സാരമായി ബാധിക്കുന്നതാണ്.

അവ എന്താണ്?
അവ ആർക്കാണു കൊടുത്തിരിക്കുന്നത്?
അവ നിവർത്തിയായിക്കഴിഞ്ഞുവോ?

ഇവയുടെ ഉത്തരം അറിയുവാൻ അ. പ്ര. 26: 6-7. റോമർ 9: 3-4. വായിക്കുക. നമ്മുടെ പിതാക്കന്മാർക്കു കൊടുത്ത വാഗ്ദത്തങ്ങൾ എത്രയും ശ്രദ്ധേയങ്ങളത്രേ. ഈ പിതാക്കന്മാർ അബ്രഹാമും, യിസഹാക്കും, യാക്കോബും ആണ്. അവരിൽ നിന്നല്ലോ യഹൂദജാതി ഉണ്ടായത്. പിന്നീട് ആ വാഗ്ദത്തങ്ങൾ ദാവീദിനു കൊടുത്തു അത് നമുക്കു ശ്രദ്ധിക്കാം.



## അബ്രഹാമിനു ലഭിച്ച വാഗ്ദത്തം

ഏകദേശം 4000 വർഷങ്ങൾക്കു മുൻപ് അബ്രഹാം ഊർ എന്ന പട്ടണത്തിൽ ജീവിച്ചിരുന്നു. ഇന്നത്തെ ഇറാക്കാണ് അത്. യിസ്രയേൽ രാജ്യത്തിന് 1200 കി.മീ കിഴക്കാണ് ഈ പട്ടണം. അവിടുത്തെ നിവാസികൾ വിഗ്രഹങ്ങളെ ആരാധിക്കുന്നവരായിരുന്നു. ചന്ദ്ര ദേവനായിരുന്നു പ്രധാന ദേവൻ. അബ്രഹാം ഏക സത്യദൈവത്തെ വിശ്വസിക്കുകയും ആരാധിക്കുകയും ചെയ്തുവന്നു. ഒരു ദിവസം ദൈവം അബ്രഹാമിനെ വിളിച്ച് ഇപ്രകാരം പറഞ്ഞു. ഉല്പ. 12: 1-3 ൽ ആ സന്ദേശം വായിക്കാം. അതിൽ പ്രധാനമായി നാം കാണുന്നത് സ്വന്തം ഭവനത്തെയും നാടിനെയും അബ്രഹാം ഉപേക്ഷിക്കണം എന്നായിരുന്നു. ദൈവം ഭാവിയിൽ കാണിപ്പാനിരിക്കുന്നിടത്തേക്കു പുറപ്പെടുക എന്നത് അതിലെ മറ്റൊരു കാര്യം ആണ്. ചുരുക്കത്തിൽ മൂന്നു പ്രാധാന വാഗ്ദത്തങ്ങൾ ആ സന്ദേശത്തിൽ നാം കാണുന്നു.

1. ഞാൻ നിന്നെ ഒരു വലിയ ജാതിയാക്കും.
2. ഞാൻ നിന്നെ അനുഗ്രഹിക്കും.
3. നിന്നാൽ ഭൂമിയിലെ എല്ലാ വംശങ്ങളും അനുഗ്രഹിക്കപ്പെടും.

അബ്രഹാം ദൈവത്തെ വിശ്വസിച്ചു അനുസരിച്ചു. എങ്ങോട്ടു പോകുന്നു എന്നറിയാതെ ഇറങ്ങിത്തിരിച്ചു. അതൊരു ദീർഘയാത്രയായിരുന്നു. കനാനിലേക്കുള്ള യാത്രയായിരുന്നു അത്. കനാൻ ഇന്നത്തെ യിസ്രയേലാണ്. യാത്ര ആരംഭിച്ചു കഴിഞ്ഞ് ദൈവം കൂടുതൽ വാഗ്ദത്തങ്ങൾ കൊടുക്കാൻ തുടങ്ങി.

4. 1) നീ കാണുന്ന ഭൂമി നിനക്കു ശാശ്വതമായി തരും.
   2) അത് നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും.

ഉല്പ.13:14, 17.

5. അബ്രഹാമിന്റെ സന്തതികളിൽ ഒരാൾ ശത്രുപട്ടണത്തിന്റെ വാതിൽ പിടിച്ചടക്കും.

6. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ വർദ്ധിക്കും.

## അതിശ്രേഷ്ഠമായ വാഗ്ദത്തം

ദൈവം അബ്രഹാമിന് ഭൂമിയെ ശാശ്വതമായി അനുഭവിക്കുക എന്ന വാഗ്ദത്തം ആണ് കൊടുത്തത്. ശാശ്വതമായി അവകാശമാക്കാൻ ശാശ്വതമായി ജീവിക്കണമല്ലോ. അപ്പോൾ ആ വാഗ്ദാനത്തിൽ നിത്യജീവനും

അടങ്ങിയിട്ടുണ്ട്. പക്ഷേ ഇന്ന് അബ്രാഹാം ജീവനോടെ ഉണ്ടോ? അബ്രഹാമിനു മാത്രമല്ല സന്തതിക്കും ഈ നിത്യജീവൻ വാഗ്ദാനം ചെയ്തുവല്ലോ. അന്ന് അബ്രഹാമിനും സാറയ്ക്കും മക്കളേ ഇല്ല. ഒരു സന്തതിയെ–മകനെ–ദൈവം വാഗ്ദാനം ചെയ്യുകയും ചെയ്തു. മാത്രമല്ല ആ സന്തതിയുടെ വംശപരമ്പര വലിയ ഒരു ജാതി ആകുമെന്നും പറഞ്ഞിരുന്നു.

## ദൈവം അബ്രഹാമിനോട് ഉടമ്പടി ചെയ്യുന്നു

ഉല്പത്തി 15ാം അദ്ധ്യായം എടുക്കുക. അവിടെ ദൈവം അബ്രഹാമിനു കൊടുത്ത ഉടമ്പടിയുടെ വിശദീകരണം കാണാം. കാലം കടന്നുപോയി അബ്രഹാം വയസ്സനായി. വാഗ്ദത്തപുത്രനെ കിട്ടിയില്ല. എന്നിട്ടും വീണ്ടും വാഗ്ദത്തം പുതുക്കി ഉറപ്പിക്കുന്നു. നിന്റെ സന്തതി ആകാശത്തിലെ നക്ഷത്രങ്ങളെപ്പോലെ വർദ്ധിക്കും. 6 ാം വാക്യത്തിൽ അബ്രഹാം ദൈവത്തിൽ വിശ്വസിച്ചു അത് അവന് നീതിയായി കണക്കിട്ടു എന്നു നാം വായിക്കുന്നു. അബ്രഹാം നമ്മേപ്പോലെ തന്നെ പാപത്തിൽ നിന്നും സ്വതന്ത്രൻ അല്ലായിരുന്നു. എന്നാൽ അവൻ ദൈവത്തിന് ഇഷ്ടകരമായി ജീവിച്ചു അതുമൂലം അബ്രഹാമിനോട് ഒരു ഉടമ്പടി ദൈവം ചെയ്യുകയാണ്. അത് ഒരിക്കലും മാറ്റമില്ലാത്ത ഒരു വാഗ്ദത്തമായിരുന്നു ഉല്പ. 15: 8-18. വായിച്ചാൽ ആ ഉടമ്പടി എങ്ങനെ ദൈവം നിർവഹിച്ചു എന്നുകാണാം ഇന്ന് മനുഷ്യർ തമ്മിൽ ഉടമ്പടികൾ ചെയ്യുമ്പോൾ ഇരുഭാഗക്കാരും ഉടമ്പടിയിൽ ഒപ്പുവയ്ക്കും. അന്ന് അബ്രഹാമിന്റെ കാലത്ത് മൃഗത്തെ കൊന്നാണ് ഉടമ്പടി ഉറപ്പിക്കുന്നത് കൊന്ന മൃഗത്തെ രണ്ടു ഭാഗമായി പിളർന്നുവയ്ക്കും. അവയുടെ മധ്യത്തിലൂടെ ഉടമ്പടി ചെയ്യുന്ന ഇരുഭാഗത്തുള്ളവരും നടക്കും അതായിരുന്നു നടപടിക്രമം. എന്നാൽ ഈ സംഭവത്തിൽ ദൈവം ഇടയിലൂടെ നടന്നില്ല. പകരം ജ്വലിക്കുന്ന ഒരു പന്തം ഇടയിലൂടെ കടന്നുപോയതായി അബ്രഹാം കണ്ടു. അന്ന് യഹോവ അബ്രഹാമിനോട് ഒരു ഉടമ്പടി ചെയ്തു.

*അബ്രഹാമിന് 99 ഉം സാറയ്ക്ക് 90 വയസ്സായപ്പോൾ മാത്രമാണ് ദൈവം തന്റെ വാഗ്ദത്തം നിറവേറ്റി യിസഹാക്കിനെ പുത്രനായി കൊടുത്തത്.*

ഉല്പത്തി 22–ാം അദ്ധ്യായത്തിൽ അബ്രഹാമിന്റെ വിശ്വാസത്തെയും ദൈവാശ്രയത്തെയും പരീക്ഷിക്കുന്ന ഒരു മഹാസംഭവം നമുക്കു വായിക്കാൻ കഴിയുന്നു. 22 ന്റെ ആദ്യത്തെ 14 വാക്യങ്ങൾ വായിക്കുക. ഏക ജാതനായ മകനെ യാഗം കഴിക്കണം. പക്ഷേ ആ മകന്റെ സന്തതി പരമ്പരകളെ വലിയ ജാതി ആക്കുമെന്ന് നേരത്തെ വാഗ്ദത്തം ഉണ്ടുതാനും. അബ്രഹാം എന്തു ചെയ്യും? ദൈവം വാഗ്ദത്തങ്ങളിൽ വിശ്വസ്തനാണെന്നു അബ്രഹാമിന് അറിയാം. പൗലൊസ് എബ്രാ 11 ന്റെ 17-19 ൽ പറയുന്നതു ശ്രദ്ധിക്കുക. "വിശ്വാസത്താൽ അബ്രഹാം പരീക്ഷിക്കപ്പെട്ടപ്പോൾ യിസഹാക്കിനെ യാഗം



അർപ്പിച്ചു. യിസഹാക്കിൽ നിന്നു ജനിക്കുന്നവർ നിന്റെ സന്തതിയെന്നു വിളിക്കപ്പെടും എന്നു അരുളപ്പാടു ലഭിച്ചു. വാഗ്ദത്തങ്ങളെ കൈക്കൊണ്ടവൻ തന്റെ ഏക ജാതനെ അർപ്പിച്ചു. മരിച്ചവരുടെ ഇടയിൽ നിന്ന് ഉയർപ്പിപ്പാൻ ദൈവം ശക്തൻ എന്ന് എണ്ണുകയും അവരുടെ ഇടയിൽ നിന്നെഴുന്നേറ്റവനെപ്പോലെ അവനെ തിരികെ പ്രാപിക്കുകയും ചെയ്തു." ഈ വാക്യങ്ങളിൽ അബ്രഹാമിന്റെ വിശ്വാസം വ്യക്തമാക്കിയിരിക്കുന്നു. മകനെ കൊന്നാലും ദൈവം ജീവിപ്പിക്കും എന്ന് അവൻ വിശ്വസിച്ചു. ഉല്പ. 22: 15-18. വായിക്കുക. ദൈവം വാഗ്ദത്തങ്ങൾ വീണ്ടും വർദ്ധിപ്പിച്ചു നല്കുകയാണ്.

## യിസഹാക്കിനെക്കാൾ വലിയവനായ ഒരു സന്തതി

4000 കൊല്ലങ്ങൾക്കുമുൻപു നടന്ന ഈ കാര്യങ്ങൾ വായിക്കുമ്പോൾ വലിയ പ്രാധാന്യം നാം ആ സംഭവത്തിന് കാണുന്നില്ലായിരിക്കാം. പക്ഷേ പുതിയ നിയമത്തിന്റെ താളുകളിൽ ആദ്യത്തെ വാക്യമായി നാം ഇങ്ങനെ വായിക്കുന്നു. അബ്രഹാമിന്റെ പുത്രനായ യേശുക്രിസ്തു അബ്രഹാമിന് വാഗ്ദത്തം ചെയ്തുകിട്ടിയ സന്തതിയാണ് എന്ന് നാം മനസ്സിലാക്കുന്നു. ഗലാത്യർ 3: 16 പൗലൊസ് പറയുന്നു അബ്രഹാമിനും അവന്റെ സന്തതിക്കും വാഗ്ദത്തങ്ങൾ ലഭിച്ചു. സന്തതികൾക്കും എന്ന് അനേകരെക്കുറിച്ചല്ല നിന്റെ സന്തതിക്കും എന്ന് ഏകനെക്കുറിച്ചത്രേ പറയുന്നത് അതു ക്രിസ്തുതന്നെ.

അതുകൊണ്ട് ദൈവം അബ്രഹാമിനു നല്കിയ വാഗ്ദത്തങ്ങളിൽ ഒന്നാണല്ലോ യിസ്രയേൽ രാജ്യം. അബ്രഹാം ശാശ്വതമായി കൈവശമാക്കും എന്നുള്ള വാഗ്ദത്തം കർത്താവായ യേശുക്രിസ്തുവിനും ദൈവം നല്കി എന്നത് പ്രത്യേകം മനസ്സിലാക്കുക. ക്രിസ്തു രാജാവായി ലോകത്തിൽ ഇനി വരുമ്പോൾ യരുശലേമിൽ ദാവീദിന്റെ സിംഹാസനത്തിൽ ഇരുന്നുകൊണ്ട് ഭൂമിയെ വാഴുമ്പോൾ ഈ വാഗ്ദത്തങ്ങൾ നിറവേറപ്പെടുന്നതായി കാണാൻ കഴിയും. അന്നു വാഗ്ദത്തങ്ങളെല്ലാം നിവർത്തിയാകും.

## നമുക്കു ഈ വാഗ്ദത്തങ്ങളിൽ പങ്കുവേണ്ടേ?

നാം യേശുവിൽ വിശ്വസിച്ചാൽ, യേശു പഠിപ്പിച്ചത് വിശ്വസിച്ചാൽ ഈ വാഗ്ദത്തങ്ങൾ നമുക്കും അനുഭവിക്കാം അതാണു ഗലാത്യർ 3: 26-29 വ്യക്തമാക്കുന്നത്. 29-ാം വാക്യം പ്രത്യേകം ശ്രദ്ധിക്കുക. നിങ്ങൾ ക്രിസ്തുവിനുള്ളവരായാൽ നിങ്ങൾ അബ്രഹാമിന്റെ സന്തിതികളാകും അങ്ങനെ അബ്രഹാമിന്റെ വാഗ്ദത്തങ്ങൾക്കു പങ്കാളികളാകാം. നിത്യജീവന് ക്രിസ്തു അവകാശിയായതുപോലെ നിങ്ങൾക്കും നിത്യജീവൻ പ്രാപിക്കാം മാത്രമല്ല ലോകത്തിന് സന്തോഷം വരുത്തുവാൻ ക്രിസ്തുവിനോടൊപ്പം നിങ്ങൾക്കും പ്രവർത്തിക്കുവാൻ ദൈവം അവസരം നൽകും.

എന്തുകൊണ്ടെന്നാൽ ഉല്പത്തി 22: 18 ൽ പറഞ്ഞിരിക്കുന്ന ഒരു വാഗ്ദത്തം നിങ്ങൾ ഓർത്തു നോക്കുക "നിന്റെ സന്തതി മുഖാന്തരം ഭൂമിയിലുള്ള സകല ജാതികളും അനുഗ്രഹിക്കപ്പെടും" യേശു ക്രിസ്തു ദൈവരാജ്യം ഈ ഭൂമിയിൽ സ്ഥാപിക്കാൻ വരും ഈ വാഗ്ദത്തം ഉൾപ്പെടെയുള്ള ദൈവിക വാഗ്ദത്തങ്ങൾ എല്ലാം അപ്പോൾ നിവർത്തിയാകും.

**അബ്രഹാമിന് ഈ വാഗ്ദത്തങ്ങൾ ലഭിച്ചുവോ?**

അബ്രഹാം വാഗ്ദത്തങ്ങൾ പ്രാപിച്ചില്ല. മരിച്ചു പോകുകയും ചെയ്തു. എബ്രായർ 11 ന്റെ 13 വായിച്ചു നോക്കുക. വിശ്വാസത്തിൽ മരിച്ചവരാരും ഇതുവരെ വാഗ്ദത്ത നിവൃത്തി പ്രാപിച്ചില്ല. യേശു ക്രിസ്തു രണ്ടാമതു വരുമ്പോൾ അവരെ ഉയർപ്പിച്ച് നിത്യത കൊടുക്കുമെന്നാണ് വചനം നമ്മേ പഠിപ്പിക്കുന്നത്.

**പാഠത്തിന്റെ ചുരുക്കം**

1. അബ്രഹാം ദൈവവിളി അനുസരിച്ച് ഊർപട്ടണം വിട്ട് എവിടേയ്ക്കെന്ന് അറിയാതെ വിശ്വാസത്തിൽ ഇറങ്ങി പുറപ്പെട്ടു.

2. തന്നെ വിളിച്ചത് കനാനിലേക്കായിരുന്നു. (ഇന്നത്തെ യിസ്രയേൽ) അത് നിത്യമായി അവകാശമാക്കുമെന്നാണ് ദൈവം കൊടുത്ത വാഗ്ദത്തം.

3. അബ്രഹാമിന് ഒരു വാഗ്ദത്ത സന്തതിയെ ദൈവം കൊടുത്തു. ആ സന്തതി ഒരു ജാതിയായി തീരും എന്നും ആ സന്തതി ബഹുവംശങ്ങൾക്കു അനുഗ്രഹമായി തീരുമെന്നും ദൈവം വാഗ്ദത്തം ചെയ്തു.

4. അബ്രഹാമിന് വാർദ്ധക്യത്തിൽ ഒരു പുത്രൻ ജനിച്ചു. അവനാണ് യിസഹാക്ക്. യേശു ക്രിസ്തുവും അബ്രഹാമിന്റെ സന്തതിയായി ജനിച്ചു യിസ്ഹാക്കിന്റെയുംക്രിസ്തുവിന്റെയും ജനനം അസാധാരണ സ്വഭാവത്തോടുകൂടി ആയിരുന്നു.

5. നാം ക്രിസ്തുവിനുള്ളവർ എങ്കിൽ അബ്രഹാമിന്റെ മക്കളും വാഗ്ദത്തങ്ങൾക്ക് അവകാശികളും ആകുന്നു.

6. യേശു മടങ്ങി വന്ന് ദൈവരാജ്യം ഭൂമിയിൽ പുനസ്ഥാപിക്കുമ്പോൾ വാഗ്ദത്തങ്ങളെല്ലാം നിറവേറും.



നിങ്ങൾ ഇതു വിശ്വസിക്കുന്നുവെങ്കിൽ നിങ്ങൾക്കും നിത്യജീവൻ കിട്ടും ഈ പാഠം ഒരിക്കൽക്കൂടി വായിക്കുന്നത് നല്ലതല്ലേ. ദയവായി ഒന്നുകൂടി വായിക്കുക വാഗ്ദത്തങ്ങൾക്കു പങ്കുള്ളവരാകുക.

---

## ചോദ്യങ്ങൾ

1. യിസ്രയേൽ രാജ്യം–കനാൻ നാട്–അബ്രഹാമിനു വാഗ്ദത്തം ചെയ്തു കിട്ടിയത് എത്ര കാലത്തേക്കാണ്?

2. സകലവംശങ്ങളും അനുഗ്രഹിക്കപ്പെടുന്നത് അബ്രഹാമിന്റെ ഏതു സന്തതിയിൽകൂടിയാണ്?

3. അബ്രഹാമിനു ലഭിച്ച വാഗ്ദത്തങ്ങളിലെ പ്രധാന കാര്യങ്ങൾ എന്തെല്ലാം?

4. അബ്രഹാമിനെ നീതീകരിച്ചത് എന്തിനാലാണ്?

5. അബ്രാഹാമിനു ലഭിച്ച വാഗ്ദത്തങ്ങളിൽ നാം എങ്ങനെ പങ്കാളികളാകും?

# പാഠം 7
# ഭൂമിയെ സംബന്ധിച്ചുള്ള ദൈവത്തിന്റെ പദ്ധതിയും ലക്ഷ്യങ്ങളും

വായനാഭാഗം. എബ്രായർ. 11. 2ശമുവേൽ 7. ദാനിയേൽ 2
ദൈവം ദാവീദിനു കൊടുത്ത വാഗ്ദത്തം

ദാവീദ് യിസ്രായേലിന്റെ രണ്ടാമത്ത രാജാവായിരുന്നു. ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള മനുഷ്യനത്രേ ദാവീദ്. ദൈവം ദാവീദിനെ ഇഷ്ടപ്പെട്ടിരുന്നു. അവന് നാഥാൻ പ്രവാചകൻ മുഖാന്തരം വാഗ്ദത്തങ്ങളെ കൊടുത്തു. 2ശമുവേൽ 7: 12-16. "നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്കാലം തികഞ്ഞിട്ട് നിന്റെ പിതാക്കന്മാരോടുകൂടി നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും. അവൻ എന്റെ നാമത്തിൽ ഒരു ആലയം പണിയും. ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും. ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും........... നിന്റെ ഗൃഹവും നിന്റെ രാജത്വവും എന്നേക്കും ഉറച്ചിരിക്കും."

അനേകം കഷ്ടനഷ്ടങ്ങൾക്കുശേഷം ദാവീദ് യരുശലേമിൽ ഒരു അരമനപണിത് അതിൽ വസിച്ച് യിസ്രയേലിനെ ഭരിച്ചു ദൈവം തന്നെ അനുഗ്രഹിച്ചവിധം അവൻ സ്മരിച്ചപ്പോൾ യഹോവയുടെ പെട്ടകത്തെക്കുറിച്ച് ഓർമ്മവന്നു. അന്ന് അത് ഒരു കൂടാരത്തിൽ ആയിരുന്നു. പെട്ടകം മനോഹരമായി സൂക്ഷിക്കുവാൻ ഒരു വിശിഷ്ടമായ ആലയം പണിയുവാൻ ദാവീദ് ആഗ്രഹിച്ചു. പെട്ടകം എന്നു പറഞ്ഞാൽ ദൈവം മോശെയിലൂടെ യിസ്രയേൽ മക്കൾക്ക് കൊടുത്ത പത്തു കൽപനകൾ സൂക്ഷിച്ചുവച്ചിട്ടുള്ള ഒരു പെട്ടിയാകുന്നു. ദൈവത്തിന്റെ തേജസ് ആ പേടകത്തെ പൊതിയുന്നു എന്നു കാണിക്കുന്ന ഒരു ആവരണം അതിനുണ്ടായിരുന്നു. ആ ആവരണത്തിന് കൃപാസനം എന്നുപേരാകുന്നു. ദാവീദ് നാഥാൻ പ്രവാചകനോടു താൻ ചെയ്യാൻ ആഗ്രഹിക്കുന്നതു പറഞ്ഞു. അത് അങ്ങനെതന്നെ ചെയ്യുക എന്നു നാഥാൻ മറുപടിയും പറഞ്ഞു. പക്ഷേ അന്നു രാത്രിതന്നെ ദൈവം നാഥാനോടു സംസാരിച്ചു. അത് ദാവീദിനോടുള്ള പ്രത്യേക ദൂതായിരുന്നു. അതാണ് 2 ശമു 7: 12, 16വരെ നാം വായിക്കുന്നത്. അവിടെ ദാവീദിന് ഒരു സന്തതിയെ ദൈവം വാഗ്ദാനം ചെയ്യുന്നതായി കാണാം. സന്തതി എന്നപദം പ്രത്യേകം ശ്രദ്ധിക്കണം. സന്തതികൾ എന്നല്ല



സന്തതി എന്ന് ഏകനെക്കുറിച്ചാണ് പറയുന്നത്. അവൻ എന്റെ നാമത്തിനു ഒരു ആലയം പണിയും. അവന്റെ രാജ്യത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും. [വാക്യം 13] ഇത് ദാവീദിന്റെ മരണത്തിനു ശേഷമായിരിക്കും നടക്കേണ്ടത് എന്ന് 12-ാം വാക്യത്തിൽ പറയുന്നു.

## ദാവീദിന്റെ സന്തതിയെപ്പറ്റി അല്പം കാര്യങ്ങൾക്കൂടി

ദാവീദിനു ശലോമോൻ എന്നു പേരുള്ള മകൻ ഉണ്ടായി, അവൻ ദാവീദിനു ശേഷം ഭരണം ഏറ്റു. ദാവീദ് ജീവനോടിരിക്കുമ്പോൾതന്നെ ശലോമോൻ രാജാവായി വാഴിക്കപ്പെട്ടു. ശലോമോൻ എന്നേക്കും വാണില്ല. പക്ഷേ 2ശമു 7: 14ൽ വായിക്കുന്നത് ഞാൻ അവനു പിതാവും അവൻ എനിക്കു പുത്രനും ആകും എന്നാണ്. ആ സന്തതി യേശു ക്രിസ്തുവാണെന്ന് ലൂക്കോ. 1: 32. വായിച്ചാൽ മനസ്സിലാകും. ക്രിസ്തുവിന്റെ പിതാവു ദൈവമാണല്ലോ. മാത്രമല്ല അവൻ എന്നേക്കും വാഴേണ്ടവനും ആണ്. യശയ്യ 49: 6ൽ ക്രിസ്തു ലോകം മുഴുവന്റെയും ഭരണാധികാരിയാകും എന്ന പ്രവചനം കാണാം. എബ്ര 11: 39-40 വായിക്കുമ്പോൾ ക്രിസ്തുവിന്റെ രണ്ടാം വരവിൽ അബ്രഹാമും ദാവീദും എന്നു വേണ്ട പഴയ നിയമ പിതാക്കന്മാരെല്ലാം പുതിയനിയമ വിശ്വാസികളോടൊപ്പം പ്രതിഫലം സ്വീകരിക്കുന്നതു നാം കാണുന്നു. എബ്ര. 11-ാം അദ്ധ്യായം മുഴുവൻ ശ്രദ്ധയോടെ വായിക്കുക ഈ സത്യത്തിന്റെ വിശദീകരണം നിങ്ങൾക്കു ലഭിക്കും.

പുതിയ നിയമം ആരംഭിക്കുന്നതുതന്നെ (മത്തായി 1: 1) അബ്രഹാമിന്റെ പുത്രനായ ദാവീദിന്റെ പുത്രനായ യേശു ക്രിസ്തു എന്നാണ് . നാം ഇതുവരെ ഗ്രഹിച്ച പ്രധാന ആശയം ഇപ്രകാരം സംഗ്രഹിക്കാം.

1. ദൈവം ദാവീദിന് ഒരു സന്തതിയെ വാഗ്ദത്തം ചെയ്തു.
2. ആ സന്തതി ദൈവത്തിന്റെ പുത്രനും ആയിരിക്കണം.
3. ദാവീദിന്റെ സിംഹാസനത്തിൽ എന്നേക്കും വാഴുന്നവനാകണം അവൻ.
4. ഈ യോഗ്യതകളെല്ലാം ഒത്തിണങ്ങിയത് ക്രിസ്തുവിനാണ്.
5. അവൻ ഭരണത്തിൽ വരുമ്പോൾ വിശ്വസ്തരായ എല്ലാ ദൈവമക്കൾക്കും അവൻ നിത്യജീവൻ കൊടുക്കും. അവർ ക്രിസ്തുവിനോടുകൂടി ദൈവരാജ്യം എന്നേക്കും അനുഭവിക്കും.

## ഭൂമിയെപ്പറ്റിയുള്ള ദൈവിക പദ്ധതി.

ഈ ഭൂമിയുടെ ഭാവി എന്തെന്ന് ബൈബിൾ വളരെ വ്യക്തമായി പറയുന്നുണ്ട്. അതു മനസ്സിലാക്കുമ്പോഴാണ് വേദപുസ്തകവും മനുഷ്യരും തമ്മിലുള്ള ബന്ധം എത്ര അധികം ദൃഢമായിരിക്കുന്നു എന്നു ബോധ്യമാകുന്നത്. ബൈബിൾ ശരിക്കു വായിച്ചറിഞ്ഞിട്ടുള്ളവർക്കു ഭൂമിക്ക്

എന്തു സംഭവിക്കും. ക്രിസ്തു വരുമ്പോൾ എന്തെല്ലാം സംഭവിക്കും എന്നൊക്കെ യാതൊരു സംശയവും കൂടാതെ മനസ്സിലായിട്ടുണ്ട്. ഊഹിച്ചെടുത്തോ മാനുഷിക കല്പനകളാൽ രൂപപ്പെടുത്തിയോ പറയേണ്ട യാതൊരു കാര്യവും ഈ വിഷയങ്ങളെ സംബന്ധിച്ച് ഇല്ല. കാരണം ബൈബിൾ ഒരു സാധാരണ ഗ്രന്ഥമല്ല. ദൈവത്തിന് മനുഷ്യരെക്കൊണ്ടും ഈ ഭൂമിയെക്കൊണ്ടുമുള്ള പദ്ധതി എന്തെന്ന് വ്യക്തമായി ചിത്രീകരിച്ചിട്ടുള്ള ഗ്രന്ഥമത്രേ ബൈബിൾ. എല്ലാറ്റിന്റെയും സ്രഷ്ടാവായ സർവ്വ ശക്തനായ ദൈവത്തെക്കുറിച്ച് അറിയാവുന്നവർ മനസ്സിലാക്കിയിട്ടുണ്ട് അവൻ വ്യർത്ഥമായിട്ടല്ല പാർപ്പിനത്രേ ഭൂമിയെ സൃഷ്ടിച്ചിരിക്കുന്നത് എന്ന്. യശയ്യ 45: 18. സങ്കീ. 115: 16. സങ്കീ. 78: 69. സദൃശ 16: 6. എന്നീ ഭാഗങ്ങൾ വായിക്കുക. ഈ ഭൂമിയെ ദൈവം നശിപ്പിക്കുകയില്ല. ഭൂമിയിലെ ദുഷ്ടതയേയും ദുഷ്ടന്മാരെയും നശിപ്പിക്കും. ഇന്നു കണുന്ന കലഹം, അഴിമതി, പട്ടിണി, രോഗം യുദ്ധം, ക്ഷാമം ആദിയായവയെല്ലാം കാണുന്ന ക്രിസ്തുവിന്റെ ഭരണകാലത്തോടുകൂടി പൂർണ്ണമായി തുടച്ചു മാറ്റപ്പെടും. വെളി. 20: 3 മുതൽ 5 വരെ വായിക്കുക. നമുക്കു സങ്കൽപിക്കാൻ കഴിയാത്ത നന്മകളാൽ സമ്പൂർണ്ണമായ ഒരു രാജ്യമായിരിക്കും വരാൻ പോകുന്നത്. നിന്റെ രാജ്യം വരേണമേ എന്ന പ്രാർത്ഥന അന്നു നിവൃത്തിയാകും ഈ ഭൂമിയെക്കുറിച്ചു ദൈവത്തിനു പറയാനുള്ളത് നമുക്കു കേൾക്കാം. വെളി. 4: 11. സഭാപ്ര. 1: 4. യശയ്യ. 45: 5, 13. യശയ്യ 45: 18, 23. എന്നിവയും വായിച്ചു നോക്കുക (വായിക്കുന്നില്ലെങ്കിൽ ദൈവിക പദ്ധതി അറിയാതെപോകും.) ദൈവത്തിന്റെ ഇഷ്ടം സ്വർഗത്തിലെപ്പോലെ ഭൂമിയിലും ആകും.

ദാനിയേൽ പ്രവാചകൻ ദൈവിക ശുശ്രൂഷയിൽ മഹാനായ ഒരു വ്യക്തിയായിരുന്നു. ബാബേലിലെ അത്യുന്നതമായ സ്ഥാനത്ത് ദാനിയേൽ എത്തിച്ചേർന്നു. തുടർന്നുള്ള ചില സംഭവവികാസങ്ങൾ ദാനിയേൽ 2–ാം അദ്ധ്യായത്തിൽ നിന്നും നാം വായിച്ചറിയുന്നു. അതിന്റെ 44–ാം വാക്യത്തിൽ സ്വർഗ്ഗസ്ഥനായ ദൈവം ഒരിക്കലും നശിച്ചുപോകാത്ത ഒരു രാജത്വം സ്ഥാപിക്കും എന്നുണ്ടല്ലോ. 35 ാം വാക്യത്തിൽ ഈ രാജത്വം ഭൂമിയാകെ വ്യാപിക്കും എന്നു എഴുതിയിട്ടുണ്ട്.

ആ രാജ്യത്തിൽ ഒരു രാജാവ് വേണമല്ലോ. ദൈവം സ്ഥാപിക്കുന്ന രാജ്യത്തിന് നേതൃത്വം കൊടുക്കാൻ ദൈവപുത്രനായ യേശുവിനേക്കാൾ ആർക്കാണ് യോഗ്യത? ക്രിസ്തു ദൈവത്താൽ ശക്തീകരിക്കപ്പെട്ടവനും അതേ സമയം മനുഷ്യനിലുള്ള ബലഹീനതകളെ ശരിക്ക് അറിയാവുന്നവനും ആകയാൽ ആ പദവിക്ക് സർവ്വഥായോഗ്യനാണ്. യേശുക്രിസ്തു ഭരണം ഏറ്റെടുത്തുകഴിഞ്ഞാൽ പിന്നെ ഭരണ സംവിധാനത്തിൽ അപാകതകളോ ന്യൂനതകളോ ഉണ്ടാവുകയില്ല. ക്രിസ്തുവിന്റെ ജനനത്തിനു മുൻപുതന്നെ



യേശുക്രിസ്തുവിന്റെ അമ്മയോട് മാലാഖ ഇക്കാര്യങ്ങളെല്ലാം അറിയിച്ചിരുന്നു. ലൂക്കൊ. 1: 32ഉം 33 ഉം വായിക്കുക. യേശു ഈ ലോകത്തിൽ ആയിരുന്നപ്പോൾ രാജാവല്ലായിരുന്നു. ഇനി വരുന്നത് രാജാവായിട്ടാണ് മത്തായി 25:–31. മനുഷ്യപുത്രൻ തന്റെ തേജസ്സോടെ സകല വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ അവൻ തന്റെ തേജസ്സിന്റെ സിംഹാസനത്തിൽ ഇരിക്കും. 34 ാം വാക്യം രാജാവ് തന്റെ വലത്തുള്ളവരോട്......... ഇവിടെ ഒരു കാര്യം ഓർമ്മിക്കുന്നതു കൊള്ളാം. യശയ്യ. 7: 12–16 ൽ നാം വായിക്കുന്ന പ്രവചനം അതായത് ദാവീദിനു കൊടുത്ത വാഗ്ദത്തം നിവൃത്തിയാക്കുകയാണ്. യോഹ. 18: 36–37. ൽ നീ രാജാവോ? എന്ന് പീലാത്തോസ് ചോദിക്കുമ്പോൾ ക്രിസ്തു പറഞ്ഞ മറുപടി അതേ ഞാൻ രാജാവുതന്നെ. അതിനായിട്ടത്രേ ഞാൻ ലോകത്തു വന്നിരിക്കുന്നത് എന്നാണ്. സങ്കീ. 2: 7–9 വരെ നോക്കാം "യഹോവ എന്നോട് അരുളിച്ചെയ്തു നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു. ഞാൻ നിനക്ക് ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും" വെളി 11 ന്റെ 15ഉം 19ന്റെ 15മുതൽ 16വരെയും വായിക്കുക.

## ഈ ഭൂമിയിലേക്കുള്ള ക്രിസ്തുവിന്റെ മടങ്ങിവരവ്.

ദൈവത്തിന്റെ പദ്ധതി തന്റെ മകനായ ക്രിസ്തു സകല ഭൂമിക്കും രാജാവായിരിക്കുക എന്നതാണ്. സകല മനുഷ്യരും ക്രിസ്തുവിനെ മുഖാമുഖം കാണുംവിധം അവൻ രാജാവായി വാഴും. അതുകൊണ്ട് ക്രിസ്തു രണ്ടാമതും വന്നേ മതിയാവു. ക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ മാലാഖമാർ വിളിച്ചു പറഞ്ഞ വചനം ശ്രദ്ധിക്കുക. അ.പ്രവൃ 1ന്റെ 11 ഗലീലാ പുരുഷന്മാരേ നിങ്ങൾ ആകാശത്തേക്കു..... ക്രിസ്തു പോകുന്നവനായി കണ്ടതുപോലെ വീണ്ടും വരും... ക്രിസ്തു രാജാവായി വരുമെന്ന് ഏകദേശം 300 പ്രാവശ്യം ബൈബിളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ദൈവത്തിന്റെ പദ്ധതി മനുഷ്യരെക്കൊണ്ടും ഭൂമിയെക്കൊണ്ടുമുള്ളത് എന്തെന്ന് ബൈബിൾ വ്യക്തമായി പറഞ്ഞിരിക്കുന്നു.

## രാജാവും പ്രജകളും

സാധാരണ ഭരണാധികാരികൾ ജനങ്ങളുടെ സുഖസൗകര്യങ്ങളെക്കാൾ ശ്രദ്ധവയ്ക്കുന്നത് സ്വന്തം സുഖസൗകര്യങ്ങൾക്കായിരിക്കും. എന്നാൽ ക്രിസ്തുവെന്ന ഭരണാധികാരിയേയും അവന്റെ വിശുദ്ധന്മാരേയും സംബന്ധിച്ച് നാലു സുവിശേഷങ്ങളിലും കാണുന്നത് അവൻ ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പ്രഥമസ്ഥാനവും സ്വന്ത ആവശ്യങ്ങൾക്ക് ഏറ്റവും ഒടുവിലത്തെ പ്രാധാന്യവും കൊടുത്തിരിക്കുന്നു എന്നാണ്. ക്രിസ്തു കുറ്റമറ്റ ഭരണാധികാരിയാകും എന്നതിന് വ്യക്തമായ തെളിവുകൾ ബൈബിളിൽ കാണാൻ സാധിക്കും.

യെശയ്യ 11: 2–4 വരെ വായിക്കുമ്പോൾ ദൈവത്തിന്റെ ആത്മാവ് അവന്റെമേൽ ആവസിക്കും. സങ്കീ 72: 11–14ൽ ക്രിസ്തുവിന്റെ ഭരണത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുന്നുണ്ട്. “എല്ലാ രാജാക്കന്മാരും അവനെ സേവിക്കും. ദരിദ്രനേയും എളിയവരേയും വിടുവിക്കും. ദരിദ്രന്മാരുടെ ജീവനെ രക്ഷിക്കും”. ക്രിസ്തു ഭരിക്കുമ്പോൾ ജനങ്ങളുടെ ക്ഷേമമാണ് ലക്ഷ്യം.

## ലോകത്തിന്റെ തലസ്ഥാനം.

ലോകതലസ്ഥാനം യരുശലേം ആയിരിക്കും മിഖ. 4: 2 ഉം സഖറിയ 14: 9ഉം  17ഉം വായിക്കുക. സമാധാനവും സമൃദ്ധിയും എങ്ങും കളിയാടും യെശയ്യ 32: 1ഉം 17ഉം വായിക്കുക ഒരു രാജാവ് നീതിയോടു വാഴും. പ്രഭുക്കന്മാർ ന്യായത്തോടെ അധികാരം നടത്തും മിഖാ. 4ൽ വായിക്കുന്നത് മറ്റൊരുവശമാണ്. രാജ്യം രാജ്യവുമായി ഇനി യുദ്ധം ചെയ്യുകയില്ല. തൽഫലമായി പട്ടിണി കഷ്ടത മുതലായവ അപ്രത്യക്ഷമാകും. യുദ്ധസമയത്തുണ്ടാകാറുള്ള ക്ഷാമം നീങ്ങും. സമൃദ്ധിയുണ്ടാകും. ആമോസ് 9: 13 ഈ നല്ല അവസ്ഥയുടെ ഒരു വിശദീകരണം കൂടിയാണ്. പർവ്വതങ്ങൾ പുതുവീഞ്ഞുപൊഴിക്കും. ശൂന്യമായി പോയതിൽ മുന്തിരിത്തോട്ടങ്ങൾ ഉണ്ടാകും. ഇതു സംബന്ധിച്ചു ബൈബിൾ നൽകുന്ന ചിത്രം വളരെ വ്യക്തവും വിപുലവുമാണ്. ഇതെല്ലാം ഇവിടെ ഉദ്ധരിക്കാൻ പ്രയാസം എങ്കിലും യെശയ്യ. 35 ന്റെ 1, 2, 5, 6, 10ഉം 65ന്റെ 19–22ഉം കൂടി ദയവായി വായിക്കുക.

വരാനിരിക്കുന്ന ദൈവരാജ്യത്തിന്റെ നന്മകളിൽ ചിലത് യേശുക്രിസ്തു ഈ ഭൂമിയിൽ ജീവിച്ചിരുന്നപ്പോൾ നല്കിയിരുന്നല്ലോ. അനേകം രോഗികളെ സൗഖ്യമാക്കിയതും മരിച്ചവരിൽ ചിലരെ ഉയിർപ്പിച്ചതും അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചതും എല്ലാം ആ നന്മകളിൽ ചിലതു മാത്രമായിരുന്നു. ദൈവരാജ്യത്തിന്റെ പുനസ്ഥാപനത്തിന്റെ ആദ്യഘട്ടമായ സഹസ്രാബ്ദ വാഴ്ചക്കാലത്ത് മരണഭീതി ജനങ്ങളിൽനിന്ന് അധികമായും മാറ്റപ്പെട്ടിരിക്കും. പാപ സ്വഭാവംതന്നെ വളരെയധികം നിയന്ത്രിക്കപ്പെടും.

ഇവിടെ ഒരു പ്രധാന ആശയം വ്യക്തമാക്കാനുണ്ട്. യേശുക്രിസ്തുവിന്റെ സഹസ്രാബ്ദ വാഴ്ചയുടെ കാലഘട്ടത്തിൽ ഇവിടെ രണ്ടുതരത്തിലുള്ള ആളുകൾ ഉണ്ടായിരിക്കും. ഒന്ന് മർത്യരായ ആളുകളും അമർത്യത പ്രാപിച്ചവരും. അമർത്യത പ്രാപിച്ചവർ ഭരണത്തിൽ ക്രിസ്തുവിനെ സഹായിക്കും, അവർ ഭരിക്കുന്നത് മർത്യരായ മനുഷ്യരെയാണ്. അന്നത്തെ ജീവിത രീതിയെപ്പറ്റി വേദപുസ്തകം പറയുന്നത് മാരകായുധങ്ങളെ കൃഷിയായുധങ്ങളായി മാറ്റും. മുന്തിരിതോട്ടങ്ങൾ നട്ടുവളർത്തും ആർക്കും ഭയം ഉണ്ടാകയില്ല. മനുഷ്യർ ദീർഘായുസ്സുള്ളവരാകും. എന്നാൽ എന്നേക്കും ജീവിക്കുകയില്ലതാനും. അവർ സന്തുഷ്ട മാനസ്സരായിരിക്കും. എന്നാൽ



മർത്യരാണുതാനും. അവർ വിശ്വസ്തരായി ജീവിക്കാൻ ഇന്നത്തേതിലും അധികം സാഹചര്യം അന്ന് ഉണ്ടായിരിക്കും. ആയിരം ആണ്ടിന്റെ അവസാനത്തിൽ അവർ അമർത്യത പ്രാപിക്കുകയും ചെയ്യും. 2തിമൊ. 2: 11–12ഉം നാം അവനോടുകൂടെ (ക്രിസ്തുവിനോടുകൂടെ) മരിച്ചു എങ്കിൽ കൂടെ ജീവിക്കും. സഹിക്കുന്നുവെങ്കിൽ കൂടെ വാഴും. വെളി. 20: 6. ഒന്നാകത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു. അവരുടെമേൽ രണ്ടാം മരണത്തിന് അധികാരമില്ല. അവർ ദൈവത്തിനും ക്രിസ്തുവിനും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടുവാഴും. വെളി 5: 10 കൂടിവായിക്കാം “ഞങ്ങളുടെ ദൈവത്തിന് അവരെ രാജാവും പുരോഹിന്മാരും ആക്കിവെച്ചു അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയ പാട്ട് അവർ പാടുന്നു.

ദൈവം എത്ര മനോഹരമായ ഒരു രാജ്യം ഈ ലോകത്തു സ്ഥാപിക്കാൻ പോകുന്നു എന്നു കാണിക്കുന്ന വേദഭാഗങ്ങളും ആശയങ്ങളും ചുരുക്കമായിട്ടാണെങ്കിലും ലളിതമായും വ്യക്തമായും ഇവിടെ പറഞ്ഞു കഴിഞ്ഞു. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്നുകാണിക്കുന്ന ധാരാളം വേദഭാഗങ്ങളും നമുക്കു ബൈബിളിൽ കാണാം. അതിൽ ഏറ്റവും പ്രധാനമായത് യഹൂദന്മാരുടെ യിസ്രായേലിലേക്കുള്ള കുടിയേറ്റമാണ്. ഒരു കാര്യംകൂടി നോക്കാം. പൗലൊസ് അഥേനയിലുള്ള യവനന്മാരോട് ഇപ്രകാരം പറയുന്നതായി അ.പ്രവൃ. 17ന്റെ 30–31 ൽ രേഖപ്പെടുത്തിയിരിക്കുന്നതു വായിക്കുക “എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോടു കൽപ്പിക്കുന്നു”. താൻ നിയമിച്ച പുരുഷൻ മുഖാന്തരം ലോകത്തെ നീതിയിൽ ന്യായം വിധിപ്പാൻ അവൻ ഒരു ദിവസത്തെ നിശ്ചയിച്ചു. അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചതിനാൽ എല്ലാവർക്കും അതിന്റെ ഉറപ്പ് നല്കിയുമിരിക്കുന്നു.

ഇത്രമാത്രം പ്രത്യാശ ദൈവരാജ്യത്തെക്കുറിച്ചു നമുക്കു തന്നിരിക്കുന്ന സ്ഥിതിക്ക് നാം തീർച്ചയായും വളരെ ജാഗ്രതയോടെ നിന്റെ രാജ്യം വരേണമേ, നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലുമാകേണമേ എന്ന പ്രാർത്ഥന ചൊല്ലാൻ പ്രേരിതരാകുന്നു. എന്നാൽ ദൈവം നമ്മോട് ആവശ്യപ്പെടുന്നത് പശ്ചാത്തപിക്കുക സ്വന്തം വഴികളെ ഉപേക്ഷിക്കുക എന്നാണ്. ദൈവിക പ്ലാനും പദ്ധതിയും ഗ്രഹിച്ച് അസത്യത്തിന്റെ വഴി ഉപേക്ഷിക്കുക. സത്യം അറിയാതെ പ്രവർത്തിച്ചു പോയതിനെ ദൈവം ക്ഷമിക്കും. എന്നാൽ വചനം വെച്ച് ന്യായം വിധിക്കുന്ന ഒരുനാൾ ഉണ്ട്. ആ ദിവസം നമുക്കു കെണിയാകാതിരിപ്പാൻ ഇന്നു സത്യം അറിയുക.

## പാഠത്തിന്റെ ചുരുക്കം.

1. ദൈവം ഭൂമിയെ സൃഷ്ടിച്ചത് പാർപ്പിനാണ്. ഭൂമിയെക്കുറിച്ചു ദുഃഖിക്കാനല്ല സന്തോഷിക്കാനാണ് ദൈവം ആഗ്രഹിക്കുന്നത്.

2. അത് ഉറപ്പാക്കാനും ഭൂമിയെ നശിപ്പിക്കുന്നവരെ ദൈവം നശിപ്പിച്ച് തന്റെ രാജത്വം സുസ്ഥിരതമാക്കാനും ദൈവം ആഗ്രഹിക്കുന്നു.

3. ദൈവത്തിന്റെ പുത്രനായ യേശു രാജാവായി ഭൂമിയെ ഭരിക്കുവാൻ ദൈവം പദ്ധതി തയ്യാറാക്കിയിരിക്കുന്നു.

4. ക്രിസ്തുവിന്റെ നിസ്തുല്യമായ ഭരണ രീതിയെക്കൊണ്ട് ഭൂമി ജീവിക്കാൻ പറ്റിയ തരത്തിൽ ആയിത്തീരുകയും കഷ്ടത, ദുഖം, മരണം ഇവ നീങ്ങി സമാധാനം സന്തോഷം എന്നിവയാൽ ഭൂമി നിറയുകയും ചെയ്യും. അവരവരുടെ പ്രയത്നത്തിന്റെ ഫലം പൂർണ്ണമായി അനുഭവിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്ന ഒരന്തരീക്ഷം ഇവിടെ സംജാതമാകും.

## ചോദ്യങ്ങൾ

ശരിയായുള്ളത് ടിക് ചെയ്യുക.

1. ദൈവം ദാവീദിനു വാഗ്ദത്തം ചെയ്ത സന്തതി.
   1) ഫെലിസ്ത്യരെ നശിപ്പിക്കും.
   2) യിസ്രയേലിനെ ഉയർത്തും.
   3) ദാവീദിന്റെ സിംഹാസനത്തിൽ എന്നേക്കും ഭരിക്കും.

2. മേല്പറഞ്ഞ വാഗ്ദത്ത സന്തതി ആരാണ്?.
   1) ഹെരോദാവ്.
   2) യേശു ക്രിസ്തു.
   3) ശലോമോൻ.

3. ഭൂലോകത്തിന്റെ ഭാവി തലസ്ഥാനം.
   1) ന്യൂയോർക്ക്.
   2) സ്വർഗ്ഗം.
   3) ജെറുശലേം.



4. രാജാവയ യേശുവും വിശുദ്ധന്മാരുംകൂടി ഭരിക്കുന്നത്.
   1) സ്വർഗ്ഗത്തിൽ ഇരുന്നുകൊണ്ട്.
   2) ഭൂമിയിൽ.
   3) മദ്ധ്യാകാശത്തിൽ.

5. ദൈവത്തിനുവേണ്ടി എന്തുചെയ്യാനാണ് ദാവീദ് ആഗ്രഹിച്ചത്?
6. വാഗ്ദത്ത സന്തതി ഭൂമിയെ എന്നേക്കും ഭരിക്കും എന്നു കാണിക്കുന്ന ഒരു ബൈബിൾ വാക്യം എഴുതുക.

7. ദൈവരാജ്യത്തിനുപറ്റിയ ഭരണാധികാരി ക്രിസ്തുവായിരിക്കും എന്നതിന് നിങ്ങൾ പറയുന്ന ചില കാരണങ്ങൾ എഴുതുക.

# പാഠം 8.
# മനുഷ്യൻ

വായനാഭാഗം: ഉല്പത്തി. 2ഉം 3ഉം

## മരണം

എല്ലാമനുഷ്യരും മരിക്കും എന്നു നാം അറിയുന്നു. മരണശേഷം സംഭവിക്കുന്നതിനെപ്പറ്റി ഏകാഭിപ്രായം ഉണ്ടായിട്ടില്ല. അതേക്കുറിച്ച് അനുഭവത്തിൽ നിന്ന് ആർക്കും ഒന്നും പറയാൻ കഴിയുകയില്ലല്ലോ. മരണത്തിൽനിന്നും തിരിച്ചുവന്ന ആരെയും ഇന്നു നാം കാണുന്നില്ല. എന്നാൽ ബൈബിളിൽ അങ്ങനെയുള്ള ചിലരെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. അവരിൽ ചിലരാണ് ക്രിസ്തുവിന്റെ സ്നേഹിതനായ ലാസർ, നയീനിലെ വിധവയുടെ മകൻ, യായീറോസിന്റെ മകൾ, യേശുക്രിസ്തു തുടങ്ങിയവർ, തബീഥയെ പത്രോസും യുത്തിക്കോസിനെ പൗലോസും ഉയർപ്പിച്ചതായി വായിക്കുന്നു. പഴയനിയമ കാലത്തും ചുരക്കം ചിലരെ ദൈവത്തിന്റെ ദാസന്മാർ ഉയിർപ്പിച്ചതായും കാണുന്നുണ്ട്.

## മനുഷ്യൻ എന്താണ്?

ജനിച്ച് ഒരു നിശ്ചിതകാലം ജീവിച്ചു മരിക്കുന്ന ഒരു ജീവിയാണ് മനുഷ്യൻ എന്ന് നമ്മുടെ അനുഭവത്തിൽനിന്നു പറയാം. എന്നാൽ ബൈബിളിൽ മനുഷ്യനെക്കുറിച്ച് ചിലകാര്യങ്ങൾകൂടി പറയുന്നുണ്ട്. ദൈവം നമ്മുടെ സ്രഷ്ടാവാണ്, നാം അറിയേണ്ട ചില കാര്യങ്ങൾ നമ്മേ അറിയിക്കുവാനാണ് ബൈബിൾ എഴുതപ്പെട്ടത്. നാം എന്തുകൊണ്ട് മരിക്കുന്നു എന്നും മരണത്തിൽനിന്ന് എങ്ങനെ വീണ്ടും ജീവനിലേക്കു വരാമെന്നും ബൈബിൾ നമ്മോടു പറയുന്നു.

ദൈവം മനുഷ്യനെ സൃഷ്ടിച്ചതെങ്ങനെയെന്ന് ഉല്പത്തി. 2: 7ൽ നാം വായിക്കുന്നു "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു" നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി. മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു" നിർമ്മിച്ചപ്പോൾ ശരീരം ജീവനില്ലാത്ത ദേഹമായിരുന്നു. പിന്നീട് അതിനെ ജീവനുള്ള ദേഹി ആക്കുകയായിരുന്നു. മൂക്കിൽ ജീവശ്വാസം ഊതിയാണ് അതു ചെയ്തത്. മുക്കിൽ ജീവശ്വാസമുള്ള എല്ലാം എന്ന് പിന്നീട് ജീവനുള്ള ദേഹിക്ക് തർജ്ജമ ചെയ്തു കാണുന്നു. ദേഹി എന്ന വാക്ക് പല അർത്ഥത്തിൽ ബൈബിളിൽ



ഉപയോഗിക്കുന്നതായി നമുക്ക് പിന്നീടു കാണാൻ സാധിക്കും. മറ്റൊരു തരത്തിൽ പറഞ്ഞാൽ മനുഷ്യനിൽ നിന്ന് ശ്വാസം ദൈവം എടുത്താൽ അവൻ മരിച്ച മനുഷ്യനായി തീരുന്നു. മൃതശരീരം അല്ലാതെ മറ്റൊരു ഘടകം ശേഷിച്ചതായി കാണുന്നില്ല.

ദൈവം ആദിമനുഷ്യനെയും ഭാര്യയേയും സൃഷ്ടിച്ച് ഏദനിലാക്കി നടുക്കു നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം തിന്നരുതെന്ന നിയമവും കൊടുത്തത് നാം ഉല്പത്തി. 2ൽ വായിക്കുന്നുവല്ലോ. അതിന്റെ 17-ാം വാക്യം വായിക്കുക. ആ ഫലം തിന്നാൽ അവർ മരിക്കും നിശ്ചയം. 3ന്റെ 1മുതൽ 13വരെ വായിക്കുമ്പോൾ യഥാർത്ഥത്തിൽ നടന്നകാര്യം കാണാം. അവർ ദൈവ നിയമത്തെ ലംഘിച്ച് മരണത്തിന് വിധിക്കപ്പെട്ടതായി കാണുന്നു. തിന്ന നാൾ മുതൽ അവർ മരണത്തിന് വിധേയരായി (മരണസ്വഭാവമുള്ളവരായി). അത് നമ്മേ എങ്ങനെ ബാധിക്കുന്നു എന്ന് അപ്പൊസ്തലനായ പൗലൊസ് പറയുന്നതു ശ്രദ്ധിക്കുക. റോമൻ. 5: 12 "ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തു കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും കടന്നിരിക്കുന്നു". ദൈവം ആദാമിനോടു പറഞ്ഞു നിന്റെ മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും നീ പൊടിയാകുന്നു പൊടിയിൽ തിരികെ ചേരും എന്ന്".

വളരെ സൂക്ഷ്മതയോടെ ശ്രദ്ധിച്ച് സഭാപ്രസംഗി 3: 18-20 ദയവായി വായക്കുക. "പിന്നെയും ഞാൻ മനസ്സിൽ വിചാരിച്ചത്: ഇത് മനുഷ്യർ നിമിത്തമത്രേ, ദൈവം അവരെ ശോധന കഴിക്കേണ്ടതിനും തങ്ങൾ മൃഗങ്ങൾ മാത്രമെന്ന് അവർ കാണേണ്ടതിന്നുംതന്നേ. മനുഷ്യർക്കു ഭവിക്കുന്നതു മൃഗങ്ങൾക്കും ഭവിക്കുന്നു. രണ്ടിനും ഗതി ഒന്നുതന്നെ. അതുമരിക്കുന്നപോലെ മനുഷ്യനും മരിക്കുന്നു. രണ്ടിനും ശ്വാസം ഒന്നത്രേ മനുഷ്യന്നു മൃഗത്തേക്കാൾ വിശേഷതയില്ല. എല്ലാം പൊടിയിൽ നിന്നുണ്ടായി എല്ലാം പൊടിയിലേക്കു മടങ്ങുന്നു."

ഈ ഭാഗത്തു വ്യക്തമാക്കിയിരിക്കുന്ന സത്യം എന്താണ്. ദൈവം പറയുന്നു മനുഷ്യനും മൃഗവും മരണാനന്തരം ജീവിക്കുന്നില്ല എന്ന്. മരണശേഷം മരിക്കാത്ത ഒരുഘടകം മനുഷ്യനോ മൃഗത്തിനോ ഇല്ല. ഇതോടുചേർത്ത് സഭാപ്രസംഗി. 9: 5-6. സങ്കീ. 6: 5. സങ്കീ. 49 വായിക്കുക.

മരിച്ച വിശ്വാസികൾ നിദ്രയിലായിരിക്കുന്നു എന്നാണ് വേദപുസ്തകം പറയുന്നത്. ദാനി 12: 1–2. നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും............... അ.പ്രവൃ. 13: 36. 1കൊരി.15: 6. എന്നീ ഭാഗങ്ങളും വായിക്കുക.

## മരിക്കാത്ത ഒരാത്മാവ് മനുഷ്യനില്ല

അമർത്യമായ-മരിക്കാത്ത-ഒരാത്മാവ് മനുഷ്യനില്ല. അമർത്യമായ ഒരാത്മാവുണ്ടെന്നും മരിച്ചാലുടൻ ആ ആത്മാവ് സ്വർഗ്ഗത്തിലോ നരകത്തിലോ യാതനാസ്ഥലത്തോ പോകുന്നുവെന്നും മിക്ക സഭകളും പഠിപ്പിക്കുന്നു. ഇത് വേദാനുസൃതമായ പഠിപ്പിക്കൽ അല്ല. വേദപുസ്തകം ഈ വിഷയത്തെക്കുറിച്ച് പറയുന്നത് നോക്കാം. അക്ഷയനെന്നോ അമർത്യനെന്നോ ഉള്ള വിശേഷണം പിതാവാം ദൈവത്തിനു മാത്രമേ ബൈബിളിൽ കാണുകയുള്ളു. Immortal എന്ന പദം ഇഗ്ലീഷ് ബൈബിളിൽ ഒരിടത്തുമാത്രമേ ഉള്ളു അത്. 1തിമൊ. 1ന്റെ 17 ൽ ആണ്. പിതാവാം ദൈവം മാത്രമേ Immortal (അമത്യനായി) ആയിട്ടുള്ള എന്നാണ് വ്യക്തമായി പറഞ്ഞിരിക്കുന്നത്. മാലാഖമാർക്കും ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനും അമർത്യത ദൈവം കൊടുത്തതാണ്. വിശ്വാസികൾക്കും അമർത്യത ക്രിസ്തുവിന്റെ രണ്ടാം വരവിൽ കിട്ടും. അക്ഷയത, അമർത്യത എന്നീ നാമ ശബ്ദങ്ങൾ ബൈബിളിൽ അഞ്ചു സ്ഥലങ്ങളിൽ മാത്രമേ ഉപയോഗിച്ചിട്ടുള്ളു റോമ. 2: 7, 1കൊരി. 15: 53–54. 1തിമൊ. 6: 16. 2തിമൊ. 1: 10. ആണ് ആ ഭാഗങ്ങൾ. നമുക്ക് 1തിമൊ. 6: 16 ഒരുപ്രാവശ്യം കൂടി വായിക്കാം. താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും............ അമർത്യത സ്വതേ ഒരാൾക്കു മാത്രമേയുള്ളു. അതു പിതാവാം ദൈവം ആണ്. മനുഷ്യന്റെ ദേഹവും ദേഹിയും പാപത്തിന്റെ ഫലമായി മരിക്കും. യെഹ. 18: 4 മത്താ. 10: 28. ലൂക്കൊ. 12: 6. ദേഹവും ദേഹിയും ആത്മാവും ഉണ്ടെന്നു പറയുന്നവർ ഒരു കാര്യം ചിന്തിക്കുക. ദേഹിയിൽ ദേഹവും പ്രാണനും ആണുള്ളത്. ആ പ്രാണനാണ് ജീവൻ ആത്മാവ് ശ്വാസം എന്നൊക്കെ തർജ്ജമ ചെയ്യാവുന്ന വായു എന്ന ഘടകം യേശു ക്രൂശിൽ കിടന്നുകൊണ്ട് പിതാവിനെ ഏല്പിച്ച ഘടകം. അതുതന്നെയായിരുന്നു. ജീവനെ, പ്രാണനെ, ആത്മാവിനെ തൃക്കരങ്ങളിൽ ഏല്പിക്കുന്നു എന്ന് സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക. മൃഗത്തിനില്ലാത്ത ഒരു ഘടകമാണ് ആത്മാവ് അതു മനുഷ്യനു മാത്രമേ ഉള്ളു എന്നൊക്കെ സഭകൾ പഠിപ്പിക്കും. പക്ഷേ ബൈബിൾ അങ്ങനെ പഠിപ്പിക്കുന്നില്ല. മൃഗത്തിന്റെയും മനുഷ്യന്റെയും ശ്വാസം ഒന്നുതന്നെ എന്നാണ് ബൈബിൾ പറയുന്നത്. സഭാ. 3: 19. ഓശാന ബൈബിളും, പി.ഒ.സി. ബൈബിളും നോക്കുക. ആത്മാവ് എന്നാണ് അതിൽ കാണുന്നത്. സഭകളുടെ പഠിപ്പിക്കലിലെ വേദവിപരീതം. അല്പംകൂടി വ്യക്തമാക്കാം.

നിങ്ങൾ മരിക്കുമ്പോൾ മരിക്കാത്ത ഒരാത്മാവു ശേഷിക്കുന്നു എന്നുതന്നെ ഇരിക്കട്ടെ. അത് സ്വർഗ്ഗത്തിലേക്കോ നിശ്ചയിക്കപ്പെട്ട സ്ഥലത്തേക്കോ പോകുന്നെങ്കിൽ താഴെകൊടുത്തിരിക്കുന്ന ആശയങ്ങളെ സംബന്ധിച്ചു നിങ്ങൾ എന്തുപറയും.



1. ആദാം മുതൽ ഇങ്ങോട്ട് എല്ലാവരും അമർത്യരാണെങ്കിൽ ക്രിസ്തു തന്റെ പ്രത്യക്ഷതയാൽ സുവിശേഷം കൊണ്ട് ജീവനും (നിത്യതയും) അക്ഷതയും (അമർത്യതയും) വെളിപ്പെടുത്താൻ എങ്ങനെ കഴിയും? 2തിമൊ. 1: 10.
2. മനുഷ്യർ ന്യായവിധിക്കു മുൻപു തന്നെ അമർത്യരാണെങ്കിൽ ഓരോരുത്തന്റെ പ്രവൃത്തിക്കനുസരിച്ച് അക്ഷയതയും കോപവും ക്രോധവും ഒക്കെ ക്രിസ്തു ന്യായ വിസ്താരത്തിൽ എങ്ങനെ കൊടുക്കും? റോമർ 2:7, 8.
3. ജീവ വൃക്ഷത്തിന്റെ ഫലം തിന്ന് എന്നേക്കും ജീവിക്കാതിരിക്കാൻ ആദമിനെ എന്തിന് പുറത്താക്കി? ആദം അമർത്യനായി സൃഷ്ടിക്കപ്പെട്ടെങ്കിൽ ഒരിക്കലും അവൻ മരിക്കില്ലായിരുന്നല്ലോ. ഉല്പത്തി. 3: 22.
4. നീതിമാന്മാരുടെ ആത്മാക്കൾ പറുദീസയിൽ പോകുമെങ്കിൽ പിന്നീട് ഒരു ഉയിർപ്പിന്റെ ആവശ്യകത ഉണ്ടോ? നീതിമാന്മാരുടെയും നീതികെട്ടവരുടെയും പുനരുത്ഥാനത്തിന്റെ ആവശ്യം ഉണ്ടോ? അ. പ്രവൃ. 24: 15.
5. യോഹ 3: 13ൽ പറയുന്നു ക്രിസ്തുവല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിപോയിട്ടില്ലാ എന്ന്. മരിച്ചവരാരും സ്വർഗ്ഗത്തിലോ പറുദീസയിലോ പോയിട്ടില്ല. ചിലവേദഭാഗങ്ങൾ ശരിക്കു മനസ്സിലാക്കാൻ കഴിയാതെ ചിലർ കള്ളന്റെ ആത്മാവ് ക്രിസ്തുവിന്റെ മരണസമയത്ത് പറുദീസയിൽ പോയി എന്നു പറയാറുണ്ട്. മറ്റുവാക്യങ്ങളുമായി ഒത്തു നോക്കി ബൈബിൾ പഠിക്കുക. ദൈവത്തിന്റെ ഹൃദയപ്രകാരം ജീവിച്ച ദാവീദിന് എന്തു സംഭവിച്ചു എന്ന് അ.പ്ര. 2: 34. വായിച്ച് മനസ്സിലാക്കുക. സഭാ.പ്ര. 12: 7. വായിച്ചിട്ടാണ് അനേകർ അമർത്യമായ ഒരാത്മാവിനെക്കുറിച്ചു പറയുന്നത്. ശ്രദ്ധാപൂർവ്വം ആ ഭാഗം ഒന്നുനോക്കാം. ചില ആശയങ്ങൾ താഴെ എഴുതുന്നു. ആ ഭാഗത്ത് നല്ല ആത്മാവെന്നോ ദുരാത്മാവെന്നോ ഒരു വേർതിരിവും കാണുന്നില്ല. Spirit ജീവൻ ശ്വാസം അത്മാവ് പ്രാണൻ എന്നൊക്കെ തർജ്ജമ ചെയ്യാവുന്ന മനുഷ്യനിലേയും മൃഗങ്ങളിലേയും ഘടകമാണ് അവിടെ കാണുന്നത്. അതു ദൈവത്തിന്റെ അടുക്കലേക്കു മടങ്ങണമെങ്കിൽ നേരത്തെ അവിടെ നിന്നു വന്നതുമായിരിക്കണം. ഓരോ മനുഷ്യനും ജനിക്കും മുൻപ് അവനവനിലെ ആത്മാവ് ദൈവത്തിൽ നേരത്തെ ഉണ്ടോ? ജീവൻ ദൈവം കൊടുക്കുന്നു എന്നാണ് അർത്ഥം. മൂലഗ്രന്ഥത്തിൽ റുഹാ (RUACH) എന്നാണ് ആത്മാവിനുള്ള പദം അതുതന്നെയാണ് സഭാ പ്ര. 3: 19 ൽ ശ്വാസം എന്നു തർജ്ജമ ചെയ്തിരിക്കുന്നതും ജന്തുക്കളുടെ ശ്വാസവും- ജീവനും- അതുതന്നെ. ഈ സത്യം അംഗീകരിച്ചാൽ സകല പള്ളികളിലും പെന്തക്കൊസ്തു ആരാധനാഹാളുകളിലും ഇന്ന് വിശ്വാസത്യാഗം വൻതോതിൽ സംഭവിക്കും. പള്ളികളിലെ വരുമാനം പുജ്യമായിമാറും. ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ മനുഷ്യന്റെ ജീവന്റെ ക്ഷണികതയെ-നശ്വരതയെ-വിശദീകരിക്കുന്നതു ശ്രദ്ധിച്ചു ഗ്രഹിക്കുക ശാലോമോൻ മദ്യപിച്ച് എഴുതിയതാണെന്നുവരെ പറയുന്നവരുണ്ട്. അമർത്യമായ ആത്മാവ് എന്ന ആശയം എവിടെ നിന്നു വന്നു? പുരാതനകാലം

മുതലേ വിവിധ രാജ്യങ്ങളിലെ സംസ്കാരത്തിൽ മതങ്ങൾ സ്വാധീനം ചെയ്തു കൊണ്ടിരുന്നതായി ചരിത്രം തെളിയിക്കുന്നു. ക്രിസ്തുമതം റോമിന്റെ ഔദ്യോഗിക ഭരണം ഏറ്റെടുത്തപ്പോൾ 3-ാം നൂറ്റാണ്ടുമുതലേ ജാതീയ ഉപദേശങ്ങൾ സഭയിൽ കടന്നു കൂടാൻ തുടങ്ങി. ബൈബിളിൽ നിന്നല്ല ഗ്രീക്കുകാരുടെ വിശ്വാസങ്ങളിൽ നിന്നാണ് ആത്മാവിന്റെ അനശ്വരതയെ പ്പറ്റിയുള്ള പഠിപ്പിക്കൽ കടന്നുവന്നതെന്ന് 1945 ൽ ഇംഗ്ലണ്ടിലെ ക്രൈസ്തവ സഭ പ്രസിദ്ധീകരിച്ച ഒരു പുസ്തകത്തിൽ കാണുന്നു. (Towards the Conversion of England page 23) അതുകൊണ്ട് തെറ്റായ ഉപദേശം ഉപേക്ഷിച്ച് ആത്മാവിനെക്കുറിച്ച് ബൈബിൾ പറയുന്ന സത്യങ്ങൾ സ്വീകരിച്ച് നമുക്കു ജീവിക്കാം. ചിലർ ചോദിച്ചേക്കാം ആത്മാവിനെക്കുറിച്ചു ഇപ്രകാരം പഠിച്ചില്ലെങ്കിൽ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുകയില്ലേ എന്ന്. സത്യനമസ്കാരികൾ ദൈവത്തെ സത്യത്തിലും ആത്മാവിലും ആരാധിക്കുന്നു എന്ന വാക്യം മാത്രം തൽക്കാലം മറുപടിയായി പറയുന്നു.

## നരകം ശവക്കുഴിമാത്രമാണ്.

മനുഷ്യർ മരിക്കുമ്പോൾ അവരുടെ നിലനിൽപ് അവസാനിച്ചു എന്നു നാം കണ്ടുകഴിഞ്ഞു. ശവശരീരം മണ്ണിൽ അടക്കം ചെയ്യുകയാണുസാധാരണ ചെയ്യുന്നത് ചിലർ ദഹിപ്പിക്കാറുമുണ്ട്. രണ്ടായാലും ആത്മാവ് മറ്റെവിടെയോ പോയി ജീവിക്കുന്നു എന്ന ധാരണ ബൈബിളിൽ നിന്നുള്ളതല്ല. പഴയനിയമത്തിൽ അടക്കം ചെയ്യാനുള്ള സ്ഥലത്തിന് ഷിയോൾ (Sheol) എന്നാണ് ഹെബ്രായ ഭാഷ, ഇംഗ്ലീഷ് ബൈബിളിൽ ഷിയോളിനെ 31 പ്രാവശ്യം hell (നരകം) മറ്റു 31 പ്രാവശ്യം grave (ശവക്കുഴി, കല്ലറയായും) തർജ്ജമ ചെയ്തിരിക്കുന്നു. കല്ലറയും നരകവും ഷിയോളും പാതാളവും ശ്മശാനവും എല്ലാം ഒന്നുതന്നെ. പുതിയനിയമത്തിൽ ഗ്രീക്ക് ഭാഷയിൽ ഇതിന് ഹെയിസ് (hades) എന്നാണ് അ.പ്ര. 2: 31 ക്രിസ്തു മരിച്ച് അടക്കപ്പെട്ട സ്ഥലത്തിന് hell എന്ന് ഇംഗ്ലീഷിലും പാതാളം എന്ന് മലയാളത്തിലും കാണുന്നു. ഗെഹന്നാ (Gehenna) എന്ന ഒരു ഗ്രീക് പദവും ഈ ആശയത്തെ കാണിക്കാൻ ഗ്രീക് ബൈബിളിൽ ഉപയോഗിച്ചിട്ടുണ്ട്. ശവശരീരവും നഗരത്തിലെ ചപ്പുചവറുകളും ഭൂതങ്ങൾക്ക് അർപ്പിക്കുന്ന ബലിവസ്തുക്കളുടെ അവശിഷ്ടങ്ങളും മനുഷ്യശരീരം ഉൾപ്പെടെയുള്ള വസ്തുക്കൾ പൂർണ്ണമായി നശിപ്പിച്ചു കളയാൻ ജറുശലേമിനു പുറത്തുള്ള ഒരു താഴ്വര യേശുവിന്റെ കാലത്ത് ഉപയോഗിച്ചിരുന്നു. ആ സ്ഥലത്തിനാണ് ജെഹന്നാ എന്നു ഗ്രീക്കു ബൈബിളിൽ കാണുന്നത്. ക്രിസ്തു മനുഷ്യന്റെ പൂർണ്ണമായ നാശത്തെ സൂചിപ്പിക്കാൻ ഉദാഹരണങ്ങൾ പറയുമ്പോൾ ഈ പദം ഉപയോഗിക്കാറുണ്ടായിരുന്നു. അതിന്റെ മലയാള തർജ്ജമ നരകം ഇഗ്ലീഷിൽ (hell) എന്നാണ്. ഗെഹന്നായിൽ ശവശരീരങ്ങൾ അഴുകിയും കത്തിയും കിടക്കുന്നതു കണ്ടാണ് അവിടുത്തെ പുഴു ചാകുന്നില്ല അഗ്നി കെടുന്നില്ല



എന്ന് ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അതാണു നരകത്തിന്റെ ഒരു ചിത്രം. മർക്കൊ. 9: 43, 45, 47. മത്താ.10: 28. ഈ നരകത്തെ ദൈവം ഒടുവിൽ അഗ്നിപ്പൊയ്കയിൽ നശിപ്പിക്കും. പിന്നെ നരകത്തിന്റെ അവശ്യമില്ല. കാരണം മരണം, കരച്ചിൽ, മുറവിളി, രോഗം, ദുഃഖം എല്ലാം പൂർണ്ണമായി അവസാനിച്ചു കഴിഞ്ഞു. വെളിപ്പാട് 20 ന്റെ 14 മുതൽ 21 വരെ വായിക്കുക. ഈ വചനം വിശ്വാസയോഗ്യവും സത്യവും ആകുന്നു. പക്ഷേ ഇന്നത്തെ ഒരു സഭയും ഇത് അംഗീകരിക്കുകയില്ല. അംഗീകരിച്ചാൽ അവർ പഠിപ്പിച്ചതും പഠിപ്പിക്കുന്നതും എല്ലാം പൊളിഞ്ഞുപോകും. ഉപജീവനമാർഗ്ഗത്തിന് പലരും മറ്റുമാർഗ്ഗങ്ങൾ അന്വേഷിച്ചുപോകേണ്ടിവരും. ക്രിസ്റ്റഡൽഫിയൻസ് വിശ്വാസികൾ സുവിശേഷം കൊണ്ട് ഉപജീവിക്കുന്നവരല്ല (2തെസ്സ. 3: 8, 12. 2കൊരി, 11: 7. 7: 3. 1തെസ്സ. 2: 9)

ആത്മാവിന്റെ അമർത്യത കാണിക്കാൻ ചിലർ ഉദ്ധരിക്കുന്ന മറ്റൊരു ഭാഗമാണ് കൊലൊ 3: 3. സൂക്ഷ്മമായി നോക്കുക 1 ാം വാക്യം ക്രിസ്തുവിനോടുകൂടി ഉയിർത്തെഴുന്നേറ്റിരിക്കുന്നുവെങ്കിൽ. കൊലൊ 2ന്റെ 12ൽ കാണുക എങ്ങനെ ക്രിസ്തുവിനോടുകൂടി അടക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നു. സ്നാനത്തിൽ നടക്കുന്ന സംഗതികളാണ് അവ. ഒരാൾ വിശ്വാസ സ്നാനം ഏറ്റു കഴിയുമ്പോൾ അവന്റെ നിത്യജീവൻ ക്രിസ്തുവിൽ ഉറപ്പാകുകയും ക്രിസ്തു രണ്ടാമതു വരുമ്പോൾ അവന് അതു ലഭിക്കയും ചെയ്യുന്ന കാര്യമാണ് അവിടെ പറയുന്നത്. കൊലൊ. 3: 3-4.

## ഉയിർത്തെഴുന്നേൽപ്പ്

മരിച്ച ഒരാൾ ജീവനിലേക്കു മടങ്ങുക എന്നതാണ് പുനരുത്ഥാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വിശ്വസ്തരായ നീതിമാന്മാർ അമർത്യമായ ഒരു ശരീരവും നിത്യമായ ഒരു ജീവനും ദൈവത്തിൽ നിന്നും പ്രാപിക്കും. അതാണു വിശ്വാസികളുടെ പ്രത്യാശ. ദൈവത്തിന് അതിനുള്ള ശക്തിയുണ്ട്. ഇയ്യോബ് പറയുന്നതു കേൾക്കുക എന്നെ വീണ്ടെടുക്കുന്നവൻ ജീവിച്ചിരിക്കുന്നു. അവൻ ഒടുവിൽ പൊടിമേൽ നിൽക്കും......... ഇയ്യോ. 19: 25, 26. ദൈവം മരിച്ച ചിലരെ ഉയിർപ്പിച്ചിട്ടുണ്ടല്ലോ 1രാജ. 17: 17-21. ൽ ഏലിയാവ് ആ കുഞ്ഞിന്റെ ശ്വാസം, പ്രാണൻ (Soul) ദേഹി എന്നാണ് ഇംഗ്ലീഷ് ബൈബിളിൽ കാണുന്നത് തിരികെ വരുത്തി. ആ കുട്ടിയെ ജീവപ്പിച്ചു. ഇവിടെ ദേഹി (പ്രാണൻ) എന്നാൽ ശ്വാസമാണെന്നു പ്രത്യേകം ശ്രദ്ധിക്കുക. അങ്ങനെ ഉയിർത്തെഴുന്നേറ്റവരെല്ലാം കുറേനാൾകൂടി ജീവിച്ച് പിന്നീട് മരിച്ചതായിട്ടാണു കാണുന്നത്. ക്രിസ്തു മരിച്ച് കല്ലറയിൽ അവനെ അടക്കി എന്നാൽ ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർപ്പിച്ചു. അവൻ പിന്നെ ദ്രവത്വം കണ്ടില്ല സ്വർഗ്ഗാരോഹണം ചെയ്തു.

## ഉയിർപ്പും ന്യായവിധിയും

ദൈവരാജ്യത്തെക്കുറിച്ചുള്ള സുവിശേഷത്തിന്റെ ഭാഗമായി യേശുക്രിസ്തു പുനരുത്ഥാനത്തെക്കുറിച്ച് വ്യക്തമായി പഠിപ്പിച്ചു. യോഹ. 5: 21. പിതാവ് മരിച്ചവരെ ഉണർത്തി ജീവിപ്പിക്കുന്നതുപോലെ പുത്രനും താൻ ഇച്ഛിക്കുന്നവരെ ജീവപ്പിക്കുന്നു. 5ന്റെ 25–29 വരെ ദയവായി വായിക്കുക. (വായിച്ചില്ലെങ്കിൽ ആശയം മുഴുവനും കിട്ടാതെ പോകും) ഈ ഭാഗത്ത് ചില നല്ല ആശയങ്ങൾ ശ്രദ്ധിക്കാനുണ്ട്.

1. മരിച്ചവരെ ഉയിർപ്പിക്കാനുള്ള കഴിവ് പിതാവാം ദൈവത്തിനുണ്ട്. ആ കഴിവും അധികാരവും ക്രിസ്തുവിനു കൊടുത്തിരിക്കുന്നു ഇതിൽ ആരും ആശ്ചര്യപ്പെടേണ്ട. അവന്റെ ശബ്ദം കേൾക്കുന്നവൻ ജീവിക്കും.
2. മരിച്ചവർ ഉയിർക്കും. അതിനുശേഷം ഒരു ന്യായവിധി ഉണ്ടാകും.
3. തിന്മചെയ്തവർ നാശത്തിനായും നന്മചെയ്തവർ നിത്യ ജീവനായും ഉയിർത്തെഴുന്നേക്കും.

ചെമ്മരിയാടുകളേയും കോലാടുകളേയും വേർതിരിക്കുന്ന ഇടയന്റെ ഉപമ ക്രിസ്തു പറഞ്ഞതു ഗ്രഹിച്ചാൽ (മത്തായി 25: 31–46.) ന്യായവിധിയെക്കുറിച്ച് മനസ്സിലാക്കാം. പ്രത്യേകം ശ്രദ്ധിക്കുക ദുഷ്ടന്മാർ നിത്യ ശിക്ഷയിലേക്കും (everlasting Punishment) നീതിമാന്മാർ (Life eternal) നിത്യജീവനിലേക്കും പോകും. നിത്യശിക്ഷയെ നിത്യദണ്ഡനമായി തർജ്ജമ ചെയ്തിട്ടുണ്ട്. ദണ്ഡകൻ സംഹാരകനാണ്. ദണ്ഡനം സംഹാരമാണെന്ന് ബൈബിൾ സത്യങ്ങൾ അറിയാവുന്നവർക്ക് സംശയമില്ലാതെ ബോധ്യമാകും. നിത്യ ജീവൻ എന്ന പ്രതിഫലം കിട്ടിയാൽ പിന്നെ മരണമില്ല എന്നു മനസ്സിലാക്കണം. മരണം എന്ന പദത്തെപ്പോലും ഇന്ന് അനേകം സഭകൾ തെറ്റായി വ്യാഖ്യാനിക്കുകയാണ്. നിത്യജീവന്റെ മാഹാത്മ്യം എത്ര മാത്രമെന്ന് കണ്ണു കണ്ടിട്ടില്ല ചെവി കേട്ടിട്ടില്ല............. എങ്കിലും അത് അതിശ്രേഷ്ഠമെന്ന് വിശ്വാസികൾക്ക് അറിയാം.

## ചോദ്യങ്ങൾ

1. ഒരു മനുഷ്യൻ മരിക്കുമ്പോൾ
   1. അവന്റെ ദേഹി സ്വർഗ്ഗത്തിൽ പോകുന്നു.
   2. അബോധാവസ്ഥയിലായി ഒന്നും അറിയുന്നില്ല. ശരീരം മണ്ണോടു ചേരുന്നു.
   3. മറ്റൊരു ജീവിതത്തിലേക്കു പ്രവേശിക്കുന്നു



2. ദേഹി എന്നാൽ
   1. ജീവിക്കുന്ന ഒരു ജീവി അല്ലെങ്കിൽ ജീവൻ, ശ്വാസം, പ്രാണൻ എന്നിവയോടുകൂടിയ ശരീരം.
   2. മനുഷ്യനിലെ അമർത്യമായ ഘടകം.
   3. അകത്തെ വെളിച്ചം.

3. നരകം എന്നാൽ
   1. ശവക്കുഴി
   2. നിത്യദണ്ഡനത്തിനുള്ള സ്ഥലം
   3. പാപികൾ ചെന്നു ചേരുന്ന സ്ഥലം

4. ആദിമനുഷ്യനെ ദൈവം സൃഷ്ടിച്ചത് എങ്ങനെ?
5. ആദ്യപാപത്തിന്റെ ഫലമായി മനുഷ്യനു കിട്ടിയ ശിക്ഷ എന്ത്?
6. ആ ശിക്ഷ അനന്തര തലമുറയെ ഏതുരീതിയിൽ ബാധിക്കുന്നു.
7. ഒരു മനുഷ്യൻ മരിക്കുമ്പോൾ അവനു സംഭവിക്കുന്നത് എന്ത് എന്ന് വചന അടിസ്ഥാനത്തിൽ എഴുതുക.
8. ക്രിസ്തുവിൽ വിശ്വസിക്കുന്നവരുടെ പ്രത്യാശ എന്ത്?
9. ബൈബിൾ നരകം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത് എന്ത്.
10. താങ്കളുടെ മുൻധാരണക്ക് മാറ്റം വരത്തക്കവണ്ണം എന്തെങ്കിലും പുതിയ ആശയം ഈ പാഠത്തിൽ നിന്നു കിട്ടിയോ? കിട്ടിയെങ്കിൽ അത് എന്താണ്?

**പാഠം 8ന്റെ വായനാഭാഗങ്ങൾ** താഴെക്കൊടുത്തിരിക്കുന്ന അദ്ധ്യായങ്ങളും വാക്യങ്ങളും വായിച്ചു, വായിച്ചില്ല, മനസ്സിസായി, മനസ്സിലായില്ലാ എന്ന് പ്രത്യേകം 4മാർക്ക് കൊണ്ട് അടയാളപ്പെടുത്തുക.

| | വായിച്ചു | വായിച്ചില്ല | മനസ്സിലായി | മനസ്സിലായില്ല |
|---|---|---|---|---|
| 1. ഉല്പത്തി 2: 3 | ☐ | ☐ | ☐ | ☐ |
| 2. ഉല്പത്തി 3:1,13. | ☐ | ☐ | ☐ | ☐ |
| 3. സഭാപ്ര. 9: 5, 6. | ☐ | ☐ | ☐ | ☐ |
| 4. സങ്കീർ. 6: 5 | ☐ | ☐ | ☐ | ☐ |
| 5. സങ്കീർ. 49 | ☐ | ☐ | ☐ | ☐ |
| 6. 1കൊരി. 15: 6. | ☐ | ☐ | ☐ | ☐ |
| 7. 2തിമൊ. 1: 10. | ☐ | ☐ | ☐ | ☐ |
| 8. റോമർ. 2: 7. | ☐ | ☐ | ☐ | ☐ |
| 9. റോമർ. 6: 16. | ☐ | ☐ | ☐ | ☐ |

# പാഠം 9.
# പിശാച്

വായനാഭാഗം: യാക്കോബ് അദ്ധ്യായം. 1.

*പിശാച് അമാനുഷികമോ, പ്രകൃത്യാതീതമോ ആയ ഒരു ജീവിയോ അതോ നമ്മൾ തന്നെയോ?*

ചോദ്യത്തിന് ഉത്തരം പറയുന്നതിനു മുൻപ് ഞങ്ങൾക്ക് പറയാനുള്ളത് കേൾക്കുക. മനുഷ്യർ പാപം ചയ്യുന്നത് തിന്മയുടെ ദൈവമായ ഒരു അമാനുഷിക ശക്തിയുടെ പ്രേരണയാലാണെന്ന് ബഹുഭൂരിപക്ഷം ആളുകളും വിശ്വസിക്കുന്നു. നൂറ്റാണ്ടുകളായി സഭകൽ പഠിപ്പിക്കുന്നത് ദുഷ്ടന്മാരെ നിത്യമായി ദണ്ഡിപ്പിക്കാൻവേണ്ടി കെടാത്ത തീയും ചാകാത്ത പുഴുവുമുള്ള ഒരു ഭീകര സ്ഥലം, നരകം എന്നപേരിൽ പിശാചിന്റെ മേൽനോട്ടത്തിൽ എവിടെയോ സ്ഥിതിചെയ്യുന്നു എന്നാണ്. സഭാ നേതൃത്വം പഠിപ്പിക്കുന്ന കാര്യങ്ങൾ അപ്പാടെ വിശ്വസിക്കാത്തവരെ തീർച്ചയായും നരകത്തിൽ ഇട്ടു ദഹിപ്പിച്ചു കൊണ്ടേയിരിക്കും എന്നാണ് അവർ ചെറുപ്രായം മുതലേ ആളുകളെ പഠിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ബൈബിൾ ഇങ്ങനെ പഠിപ്പിക്കുന്നുണ്ടോ? ഇല്ല എന്നാണ് ഉത്തരം. വിശദമായി നമുക്കു ബൈബിളിൽ നിന്നു നോക്കാം.

വേദപുസ്തകത്തിലെ പഴയനിയമം എബ്രായ ഭാഷയിലും, പുതിയനിയമം ഗ്രീക്കുഭാഷയിലുമാണല്ലോ എഴുതിയത്. തർജ്ജമചെയ്തവർ ഒരേ പദത്തെതന്നെ പല പദങ്ങൾ കൊണ്ട് തർജ്ജമ ചെയ്തിട്ടുണ്ട്. ചില പദങ്ങൾ തർജ്ജമ ചെയ്യാതെ മൂലപദം തന്നെ മാറ്റം വരുത്താതെ പ്രയോഗിച്ചിട്ടുമുണ്ട്.

പിശാച് എന്ന വാക്ക് ഡെവിൾ (Devil) എന്ന ഇംഗ്ലീഷ് വാക്കിന്റെ തർജ്ജമയാണല്ലോ. അങ്ങനെ ഒരു പദം ഒരുഭാഷയിലും ബൈബിളിലും പഴയനിയമത്തിൽ ഇല്ല. അതിന്റെ ബഹുവചനരൂപം പഴയനിയമത്തിൽ 4 സ്ഥലങ്ങളിൽ കാണാം. ആ ഭാഗങ്ങളിൽ അതിന്റെ അർത്ഥത്തിന് ഇന്നത്തെ സഭകൾ പഠിപ്പിക്കുന്ന പിശാചുമായി യാതൊരു ബന്ധവും ഇല്ല. അത് എവിടെയൊക്കെ എന്നു നോക്കാം (1) ലേവ്യ 17: 7 അവർ പരസംഗമായി പിന്തുടരുന്ന ഭൂതങ്ങൾക്ക് (devils, demons എന്ന് ഇംഗ്ലീഷ്) ഇനി തങ്ങളുടെ ബലികൾ അർപ്പിക്കരുത്. സെയിർ (Sair) എന്നാണ് മൂലഭാഷ. അതിന്റെ അർത്ഥം രോമമുള്ള ആട്ടിൻകുട്ടി എന്നാണ്. യിസ്രയേൽ ജനം കാളയെയോ ആട്ടിൻകുട്ടിയെയോ കോലാടിനെയോ യാഗം കഴിക്കേണ്ടതിനുപകരം ആരും അവയുടെ വിഗ്രഹത്തെ ഉണ്ടാക്കിബലികൾ അർപ്പിക്കരുതെന്നു യഹോവ കല്പിക്കുകയാണ്. ഇവിടെ എവിടെയാണ് പിശാച്? ജാതികൾ ഉണ്ടാക്കി



ആരാധിക്കുന്ന ദുർഭൂതമാണ് അതെന്നു ചുരുക്കം. രണ്ടാമത്തെ ഭാഗം 2 ദിനവൃ. 11: 14. ആണ്. അവിടെ മേഷവിഗ്രഹങ്ങൾ എന്നു മലയാളത്തിൽ കാണുന്നതിന്റെ ഇംഗ്ലീഷ് വാക്ക് ഡെവിൾസ് (Devils) എന്നാണ്. ഇംഗ്ലീഷിൽ വാക്യം 15 മേഷം എന്നാൽ മുട്ടാട്. എന്നാണ്. അമാനുഷിക ശക്തിയുള്ള ജീവിയല്ലല്ലോ മുട്ടാട്. നമ്മുടെ സങ്കല്പത്തിലെ പിശാച് ഇവിടെയും ഇല്ലല്ലോ. മൂന്നാമത്തെ ഭാഗം ആവർത്ത. 32: 17. ആണ്. ദുർഭൂതങ്ങൾക്ക് ദൈവമല്ലാത്തവയ്ക്ക് തങ്ങൾ അറിയാത്ത ദേവന്മാർക്ക് ബലികഴിച്ചു. അവരുടെ പിതാക്കന്മാർ അവയെ ഭജിച്ചിട്ടില്ല അവ നൂതനമായി ഉൽഭവിച്ച നവീന മൂർത്തികളത്രേ. ഈ ദുർഭൂതങ്ങൾ എന്താണെന്ന് ഈ വാക്യത്തിൽ തന്നെ വിശദീകരച്ചിട്ടുണ്ടല്ലോ. അവ മനുഷ്യർ നിർമ്മിച്ച വിഗ്രഹങ്ങൾ അത്രേ മനുഷ്യരെകൊണ്ട് പാപംചെയ്യിക്കാൻ കഴിവുള്ള ഒരു ഭൂതമല്ലല്ലോ വിഗ്രഹം. സൂപ്പർ നാച്യുറൽ ഡെവിൾ ഇവിടെയുമില്ല. നാലാമത്തെ ഭാഗം സങ്കീർത്തനം 106: 37, 38. ആണ് ഭൂതങ്ങൾക്കു ബലികഴിച്ചു എന്ന് അവിടെ കാണുന്നു. 38 ാം വാക്യത്തിൽ ആ ഭൂതങ്ങൾ കനാന്യർ ഉണ്ടാക്കിയ വിഗ്രഹങ്ങൾ ആണെന്ന് എഴുതിയിട്ടുണ്ട്. ഇവിടുത്തെ Devils ഭൂതങ്ങൾ ആരെന്നു മനസ്സിലായല്ലോ. ഇനി എന്തു പറയേണ്ടു എന്ന് ചോദിക്കാൻ തോന്നിപ്പോകുന്നു. ഭോഷ്ക്കു വിശ്വസിക്കാൻ മനുഷ്യർക്ക് എന്തു താൽപ്പര്യം!

മറ്റൊരു കാര്യം ശ്രദ്ധിക്കേണ്ടത് ആദാം മുതൽക്കുള്ള നമ്മുടെ പുർവ്വപിതാക്കന്മാരോടു പ്രവാചകന്മാർ മുഖാന്തരം സംസാരിച്ച ദൈവം ഒരിക്കൽ പോലും പഴയനിയമത്തിൽ ഇപ്രകാരം ഒരു പിശാചിനെ സൂക്ഷിച്ചുകൊള്ളണമെന്നു മുന്നറിയിപ്പോ സൂചനയോ കൊടുത്തതായി വേദപുസ്തകത്തിൽ കാണുന്നില്ല. ഒരു പിശാചുണ്ടായിരുന്നെങ്കിൽ മോശെയിലുടെ തന്റെ ജനത്തോടു സംസാരിക്കുമ്പോൾ പാപം ചെയ്യാതിരിക്കാൻ ആ പിശാചിനെ എതിർക്കണമെന്ന് എന്തുകൊണ്ട് ദൈവം കല്പിച്ചില്ല? പുറപ്പാട്. 20: 1, 17. കാണുന്ന പത്തുകല്പനകളിൽ ഇക്കാര്യം തീർച്ചയായും സുചിപ്പിക്കേണ്ടതല്ലേ.?

ഒരു ലൂസിഫറിന്റെ കഥ പലരും പറയാറുണ്ട്. ഇങ്ങനെയൊരു കഥാപാത്രം മലയാളം ബൈബിളിൽ ഇല്ല എന്ന കാര്യംപോലും സാധാരണ ജനങ്ങൾക്ക് അറിഞ്ഞുകൂടാ. ഇംഗ്ലീഷ് ബൈബിളിൽ എല്ലാ തർജ്ജമകളിലും ഇതു വന്നിട്ടുമില്ല, ഈ ഇംഗ്ലീഷ് പദം ഒരു ആശയത്തെ തർജ്ജമചെയ്തപ്പോൾ ഉപയോഗിച്ച ഒരു ഉപമ മാത്രമാണ്. യശയ്യ. 14: 12 ആണ് സഭകൾ ആകെ തെറ്റിദ്ധരിച്ചു പഠിപ്പിച്ചു കൊണ്ടിരിക്കുന്നത്. യെഹെസ്. 28: 14ഉം അവർ ഉദ്ധരിച്ചുകാണിക്കും. രണ്ടു ഭാഗവും ബൈബിളിൽനിന്ന് നമുക്കൊന്നുനോക്കാം. ഈ രണ്ട് അദ്ധ്യായങ്ങൾ വായിക്കുമ്പോഴും പിശാച്, സാത്താൻ എന്നീ പദങ്ങൾ ഉണ്ടോ എന്നുകൂടി ശ്രദ്ധിച്ചുകെള്ളണം.

യശയ്യ. 14: 4 ൽ വളരെ വ്യക്തമായി പറഞ്ഞിരിക്കുന്നു ഇതു ബാബേൽ രാജാവിനെക്കുറിച്ചു പറഞ്ഞിരിക്കുന്നു എന്ന്. അരുണോദയ പുത്രനായ ശുക്രൻ ഒരു നക്ഷത്രമാണെന്നും കവിതാത്മകമായ ഒരു ശൈലിയിൽ ബാബേൽ രാജാവിന്റെ ഉയർച്ചയും താഴ്ചയും ചിത്രീകരിക്കാൻ ഉപയോഗിച്ചിരിക്കുന്ന ഒരു ആലങ്കാരിക വർണ്ണനയാണ് ആ ഭാഗമെന്നും മുൻ വിധിയോടുകൂടി വായിക്കാത്ത ആർക്കും മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. ആ പ്രവചനഭാഗം നിവർത്തിയാകുന്നത് മേദ്യർ ബാബിലോൺ സാമ്രാജ്യത്തെ കീഴ്പ്പെടുത്തിയപ്പോൾ മാത്രമാണ്. ബാബിലോൺ ഒരു കാലത്ത് അഭിവൃദ്ധിയുടെ പാരമ്യത്തിൽ എത്തിയിരുന്നല്ലോ ധനസമൃദ്ധിയുടെ ഔന്നത്യത്തിലെത്തിയ ഒരു പട്ടണമായിരുന്നു ബാബീലോൺ. പ്രഭാപൂർണ്ണനായ പ്രഭാത നക്ഷത്രത്തോട് ബാബേൽ രാജാവിനെ സാദൃശ്യപ്പെടുത്തിയിരിക്കുന്നത് തികച്ചും ഉചിതംതന്നെ. ഉന്നതന്മാരായ വ്യക്തികളെ സൂര്യ, ചന്ദ്ര, നക്ഷത്രാദികളോടു സാദൃശ്യപ്പെടുത്താറുണ്ടല്ലോ. ഈ വർണ്ണനയ്ക്ക് ഒരു ഭീകര ജീവിയായ പിശാചിനോട് യാതൊരു ബന്ധവുമില്ല.

യെഹെസ്കേൽ 28ലെ കാര്യം സോർ രാജാവിനെക്കുറിച്ചാണ്. യെഹെ. 26: 1 മുതൽ 28ന്റെ 26വരെ സമുദ്രമധ്യേയുള്ള സോരിന്റെ ഐശ്വര്യത്തെക്കുറിച്ച് വർണ്ണിക്കുന്ന ഭാഗങ്ങളാണെന്ന് ആർക്കും മനസ്സിലാകുന്ന ഭാഷയിലാണ് എഴുതിയിരിക്കുന്നത്. സോർ ഒരു വ്യാപാര കേന്ദ്രമായിരുന്നു. 28: 12 ദൈവം പറയുന്നു സോർ രാജാവിനെക്കുറിച്ച് നീ ഈ വിലാപം തുടങ്ങി അവനോടു പറയുക വാക്യം 13, 14 നീ ദൈവത്തിന്റെ തോട്ടമായ ഏദനിൽ ആയിരുന്നു. നമുക്കറിയാം ഏദൻ തോട്ടത്തിൽ സോർ രാജാവോ, പിശാചോ, സാത്താനോ ഇല്ലായിരുന്നു എന്ന്. ഉല്പത്തി 3 ാം അദ്ധ്യായം വായിച്ചുനോക്കുക. അവിടെ കെരുബ് വരുന്നത് മനുഷ്യനെ പുറത്താക്കിയതിനു ശേഷമാണ്. വാളുമായി ദൈവം നിർത്തിയ കെരുബ് പാപം ചെയ്തു പിശാചായി എന്ന കഥ വിചിത്രം തന്നെ. ഒരുകൂട്ടം മാലാഖമാർ പാപം ചെയ്തു പിശാചായ സംഭവം വേദുപുസ്തകത്തിൽ ഇല്ല. ഉണ്ടെങ്കിൽ മത നേതാക്കൾ വായിച്ചു കേൾപ്പിക്കട്ടെ. 2പത്രോ.2: 4ഉം യൂദ 6ഉം വായിച്ചു കേൾപ്പിച്ചാലും ഉത്തരമാകുകയില്ല. കാരണം ദൂതന്മാർ ദൂതു വഹിക്കുന്ന മനുഷ്യരും ആണ്. ഈ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്ന പാപം ചെയ്ത ദൂതുവാഹകർ ആരെന്നറിയാൻ മലാഖി. 2: 7ഉം സംഖ്യ.16: 1, 38 ഉം വായിക്കുക. പാപം ചെയ്തു തങ്ങൾക്കു ജീവനാശം വരുത്തുകയും വാസസ്ഥലം കാത്തുകൊള്ളാതിരുന്നതും ചെയ്തത് ആരെന്ന് അവിടെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് മനുഷ്യർ പറയുന്നത് വിശ്വസിക്കാതിരിക്കുക. ദൈവവചനം വിശ്വസിക്കുക.



ഇനി പുതിയനിയമത്തിലേക്കു തിരിയാം. പുതിയനിയമം ഗ്രീക് ഭാഷയിലാണല്ലോ ആദ്യം എഴുതിയത്. അതിലെ രണ്ടു പദങ്ങൾ പ്രത്യേകം ശ്രദ്ധിക്കാം ഒന്ന് ഡൈയാബോളോസ് എന്ന പദമാണ് (Diabolos) ദോഷാരോപകനായ ഒരു വ്യക്തി, ദൂഷ്ടൻ എന്നൊക്കൊ അർത്ഥം. ഈ പദം പുതിയനിയമത്തിൽ 38 പ്രാവശ്യം പ്രയോഗിച്ചിട്ടുണ്ട്. മിക്കയിടത്തും പിശാച് എന്നു തർജ്ജമ ചെയ്തിരിക്കുന്നു പക്ഷേ ചിലയിടത്ത് മറ്റു ചിലപദങ്ങൾ കൊണ്ട് തർജ്ജമ ചെയ്തിട്ടുണ്ട്.

തിത്തൊസ് 2: 3ൽ ഏഷണി പറയാത്തവർ എന്ന് (not false accusers) ഇവിടെ ഏഷണി പറയുന്നവർ എന്നതിന് മൂലഭാഷ ഡൈയാബോളോസ് (പിശാച്) എന്നാണ് 2തിമൊ 3: 3ലും ഇതുതന്നെ കാണാം (ഏഷണിക്കാരും) അതേ പുസ്തകത്തിലെ 2: 26 ലെ പിശാച് എന്ന വാക്കും 3: 3ലെ ഏഷണിക്കാർ എന്ന വാക്കും മൂലഭാഷയിലെ ഒരു വാക്കിന്റെ തന്നെ തർജ്ജമയാണെന്ന് കൺകോഡൻസ് വച്ചുനോക്കിയാൽ ആർക്കും മനസ്സിലാകും. 24-ാം വാക്യം മുതൽ വായിച്ചാൽ (തിമൊ. 2: 24) ക്രിസ്ത്യാനികളെ പീഡിപ്പിച്ച ഭരണാധികാരികൾ അവർക്കെതിരായി ദോഷാരോപണങ്ങൾ നടത്തി അവരെ ജയിലുകളിൽ അടയ്ക്കുകയാണ് എന്നു മനസ്സിലാക്കാം. അതാണ് ചില വാക്യങ്ങൾക്കുശേഷം 2തിമൊ. 3: 3 ൽ ഡൈയാബോളോസ് എന്ന മൂലപദം ശരിയായി ഏഷണിക്കാർ എന്ന് തർജ്ജമ ചെയ്തുകാണുന്നത്. ഈ പദം പിശാച് എന്നാണ് കൂടുതൽ പ്രാവശ്യം തർജ്ജമ ചെയ്തതു. ചില ഭാഗങ്ങൾ താഴെകുറിക്കുന്നു. ദയവായി നിങ്ങളുടെ വേദപുസ്തകത്തിൽ നിന്നും ഈ ഭാഗങ്ങൾ എടുത്തു വായിച്ചുനോക്കുക. പിശാച് എന്നവാക്കിനുപകരം ദോഷാരോപകൻ ഏഷണിക്കാരൻ എന്നോ ചേർത്തു വായിച്ചു നോക്കുക അർത്ഥം കുറച്ചുകൂടി വ്യക്തമായി കിട്ടും യോഹ. 6: 70, എഫേ.4: 27, 1പത്രോ.5: 8, യാക്കോ. 4: 7

താങ്കളുടെ ഹൃദയം നിറയെ മറ്റൊരാശയം നില്ക്കുമ്പോൾ ഈ കാര്യം അംഗീകരിക്കാൻ വളരെ വിഷമമായിരിക്കും. സാവകാശമായി ചിന്തിച്ചുനോക്കുക. ഇനി ബൈബിളിൽ പ്രസ്തുത ഭാഗങ്ങൾ കാണുമ്പോൾ വ്യത്യസ്ത ചിന്താഗതിയോടുകൂടി പരിശേധിക്കുക. ക്രമേണ സത്യം നിങ്ങൾക്കു ബോദ്ധ്യമാകും മുൻ വിധിയോടുകൂടി വായിക്കരുതെന്നുമാത്രം. ഡൈയാബോളോസ് എന്ന ഗ്രീക്പദത്തിന്റെ തർജ്ജമയായി വന്നിട്ടുള്ള എല്ലാ ഭാഗങ്ങളിലേയും പിശാച് മനുഷ്യന്റെ ജഡസ്വഭാവവുമായി ബന്ധമുള്ള ഒരു ഏജന്റായിരിക്കും. അങ്ങനെയുള്ള ഭാഗങ്ങളിലെ പിശാച് മനുഷ്യർ തന്നെയോ ദൈവിക സ്വഭാവത്തിനെതിരായ മനുഷ്യ സ്വഭാവമോ ആയിരിക്കും.

പിശാച്, ഭൂതം, എന്നൊക്കെ തർജ്ജമ ചെയ്തിരിക്കുന്ന രണ്ടാമത്തെ ഗ്രീക് പദം ഡൈയാമോണിയൻ (Daimonion) എന്നാണ്. ഇത്. 64 പ്രാവശ്യം പിശാച് ഭൂതം എന്നൊക്കെയായി തർജ്ജമ ചെയ്തിട്ടുണ്ട്. മാനസികവും ശാരീകവുമായ രോഗവുമായി ബന്ധപ്പെടുന്ന അർത്ഥത്തിലാണ് ഈ പദം തർജ്ജമ ചെയ്തിട്ടുള്ളത്. ഒരു ഗ്രീക് ഡോക്ടറുടെ അടുത്ത് തലവേദനയുമായി നിങ്ങൾ ചെന്നാൽ നിങ്ങൾക്ക് ഒരു (daimonion) ഡയാമോണിയൻ അല്ലെങ്കിൽ പിശാച് ഉണ്ട് എന്നുപറയും. മലയാളത്തിൽ അതു കേട്ടാൽ ഒരു ഭീകരസത്വമായ പിശാചിനെയാണ് ഓർക്കുന്നത്. ചിലവേദഭാഗങ്ങൾ നോക്കാം.

മർക്കൊസ് 1: 34. നാനാവ്യാധികളാൽ വലഞ്ഞിരുന്ന അനേകരെ അവൻ സൗഖ്യമാക്കി. അനേകം ഭൂതങ്ങളേയും (demons or devil) പുറത്താക്കി. ഇവിടെ യേശു രോഗം സൗഖ്യമാക്കി എന്നു മാത്രമേ അർത്ഥമുള്ളു മർക്കൊ.9: 14, 18. നോക്കുക ഊമനായ ആത്മാവുള്ള എന്റെ മകനെ............ മകൻ ഊമനായിരുന്നു എന്നർത്ഥം പക്ഷേ അവന് മറ്റൊരു രോഗവും ഉണ്ട് ചുഴലിദ്ദീനം ചന്ദ്രരോഗം എന്നുപറയുന്ന epilapsy. ചില ഭാഗങ്ങളിൽ ഈ രോഗാവസ്ഥയെ അശുദ്ധാത്മാവു ബാധിച്ചു എന്ന രീതിയിൽ ചിത്രീകരിച്ചിട്ടുണ്ട് (unclean spirit or evil spirit) മർക്കൊസ് 5: 2. 13: 15.

അടുത്തതായി സാത്താൻ എന്ന വാക്കും അതു സംബന്ധിച്ചുള്ള ആശയവും നോക്കാം. ഇത് ഒരു എബ്രായ പദമാണ് പഴയനിയമത്തിലും പുതിയനിയമത്തിലും തർജ്ജമ ചെയ്യപ്പെടാതെയും ധാരാളമായി എല്ലാ ഭാഷക്കാരും ഉപയോഗിച്ചിട്ടുള്ള ഒരു പദമാണ് ഇത്. എതിരാളി, ദൂഷ്ടൻ, അപവാദി, ശത്രു എന്നൊക്കെ അർത്ഥം പറയാം. നന്മയ്ക്കും തിന്മക്കും എതിരായി നില്ക്കുന്ന ഘടകങ്ങളെ കാണിക്കുന്ന ഒരു പദം മാത്രമാണിത്.

സംഖ്യ. 22: 22ലും 1രാജ 11: 14ലും മൂലഗ്രന്ഥത്തിൽ കാണുന്ന സാത്താൻ എന്നപദം തർജ്ജമ ചെയ്ത് ഇംഗ്ലീഷിലും മലയാളത്തിലും പ്രതിയോഗി എന്ന അർത്ഥംവരുന്ന പദങ്ങളായി എഴുതിയിരിക്കുന്ന ഈ രണ്ടു ഭാഗത്തും എതിരാളിയെ (സാത്താനെ) എഴുന്നേൽപ്പിക്കുന്നത് ദൈവമാണെന്നും കാണാം. മറ്റു പല സ്ഥലങ്ങളിലും ഈ പദം തർജ്ജമ ചെയ്യാതെ ദൂഷ്ടത പ്രവർത്തിക്കുന്ന ശക്തിയുള്ള വ്യക്തികളായി രേഖപ്പെടുത്തിയിരിക്കുകയാണ്. പക്ഷേ അമാനുഷിക ശക്തിയുള്ള ഭീകര ജീവിയായി കാണുന്നുമില്ല. 1 ദിന 21: 1 ആണ് തർജ്ജമ ചെയ്യാതെ സാത്താൻ എന്ന പദം ആദ്യമായി മലയാള, ഇംഗ്ലീഷ്, ഹിന്ദി ആദിയായ ഭാഷകളിലെ ബൈബിളിൽ കാണുന്നത്. 2ശമുവേൽ 24: 1 വായിച്ചാൽ ആ (സാത്താൻ) ആരാണെന്നു കാണാം. പുതിയനിയമത്തിൽ ഇതേ പദം (സാത്താൻ) പത്രോസ് ആണെന്ന് മത്തായി 16: 22-23) വായിച്ചാൽ മനസ്സിലാകും പത്രോസ് ദൈവിക പദ്ധതിക്കു എതിരാളി



(പ്രതിയോഗി) ആകയാൽ അവൻ സാത്താൻ ആകുന്നു. ലൂക്കോസ് 13: 11, 17. വായിച്ചാൽ കൂനിയായ ഒരു സ്ത്രീയുടെ രോഗബന്ധനം അഴിഞ്ഞതായി കാണാം 18 വർഷമായി രോഗാത്മാവു ബാധിച്ചവൾ എന്ന വിശേഷണം പ്രത്യേകം ശ്രദ്ധിക്കുക. യേശു അവളെ സുഖപ്പെടുത്തി രോഗം അവളുടെ പ്രതിയോഗിയായിരുന്നു. പ്രതി യോഗിയെ മാറ്റി. ഒരു അമാനുഷിക ശക്തി ഒന്നും അവളെ കുനിച്ചു നിർത്തിയിരുന്നതല്ല.

അ.പ്രവൃ. 5: 1-11 വരെ ഒരു വലിയ സംഭവം വിവരിക്കുന്നുണ്ട്. 3-ാം വാക്യത്തിൽ പത്രോസ് ചോദിക്കുന്നു അനന്യാസേ പരിശുദ്ധാത്മാവിനോടു വ്യാജം പറയാൻ സാത്താൻ എങ്ങനെ നിന്റെ ഹൃദയം കൈവശമാക്കി? വാസ്തവത്തിൽ ഭാര്യാഭർത്താക്കന്മാർ തമ്മിൽ പറഞ്ഞു ഒത്തിരുന്നു കള്ളം പറയാൻ. അതുകൊണ്ടാണ് 9ാം വാക്യത്തിൽ നിങ്ങൾ തമ്മിൽ ഒത്തത് എന്ത് എന്നു ചോദിച്ചത്. സാത്താൻ ഹൃദയത്തിൽ കടന്നു എന്നർത്ഥം. പാപം ചെയ്യിക്കുന്നത് പിശാചോ സാത്താനോ? അല്ലെങ്കിൽ പിന്നെ ആരാണ് ഉത്തരവാദി? ബൈബിൾ പറുയുന്നു മനുഷ്യൻ തന്നെയാണ് എന്ന്. മർക്കൊ 7: 20-23 വായിക്കുക. പുറമേ നിന്ന് ഒന്നുമല്ല മനുഷ്യർക്ക് അശുദ്ധിവരുത്തുന്നത്. ഹൃദയത്തിൽ നിന്നു പുറത്തുവരുന്നതത്രേ. എല്ലാ പാപവും ജന്മമെടുക്കുന്നത് ഹൃദയത്തിലാണ്. ഉല്പത്തി. 6: 5 യിരമ്യാ 17: 9 വായിച്ച് മനുഷ്യ ഹൃദയത്തിന്റെ സ്ഥിതി മനസ്സിലാക്കുക. നാം ചെയ്യുന്ന പാപത്തിന്റെ ഉത്തരവാദിത്വം മറ്റാർക്കും ഏല്പിക്കാൻ ശ്രമിക്കാതിരിക്കുക. നാം തന്നെയാണ് ഉത്തരവാദി. അതാണ് യാക്കോബ് 1: 13-15 വരെ ഇങ്ങനെ വായിക്കുന്നത്. ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നത് സ്വന്തമോഹത്താൽ ആകർഷിച്ച് വശീകരിക്കപ്പെടുകയാൽ ആകുന്നു. മോഹം ഗർഭം ധരിച്ച് പാപത്തെ പെറുന്നു. മറ്റുള്ളവർ പ്രേരിപ്പിക്കാം വശീകരിക്കാം. പക്ഷേ തീരുമാനം നമ്മുടേതാണ് എന്നോർക്കണം.

ആദാമിനെയും ഹവ്വയേയും സൃഷ്ടിച്ചാക്കിയിട്ട് അവർക്ക് സ്വന്ത നിർണ്ണയപ്രകാരം നന്മയോ തിന്മയോ ചെയ്യാൻ സ്വാതന്ത്ര്യം കൊടുത്തു. അവർക്കുസ്വയത്തെ സന്തോഷിപ്പിക്കാമായിരുന്നു. ദൈവത്തെയും സന്തോഷിപ്പിക്കാമായിരുന്നു. പക്ഷേ ചയ്തത് എന്താണ്? ഹവ്വായുടെ മോഹം ആദാമിന്റെ സ്വന്ത ഇഷ്ടം. അതാണ് അവിടെ നടന്നത്.

അതുകൊണ്ട് ഇനി വേദപുസ്തകം വായിക്കുമ്പോൾ അമാനുഷിക ശക്തിയുള്ള ഒരു പിശാചോ സാത്താനോ ഇല്ല എന്നു തന്നെ ചിന്തിച്ചു വായിക്കുക. അപ്പോൾ കാര്യങ്ങൾ കുറേക്കൂടി നന്നായി മനസ്സിലാകയും നിങ്ങളുടെ പാപത്തെക്കുറിച്ച് കുറേക്കൂടി ബോധ്യം വരുകയും ചെയ്യും. തന്റെ സൃഷ്ടികളെ മറ്റൊരു ശക്തി നിയന്ത്രിക്കുവാൻ സർവ്വശക്തനും സ്നേഹസമ്പന്നനുമായ ദൈവം ഒരിക്കലും സമ്മതിക്കുകയില്ല. നന്മയും

തിന്മയും സൃഷ്ടിക്കുന്നത് ദൈവമാണ്. ദൈവത്തിന് അവയെക്കൊണ്ട് ആവശ്യമുണ്ട്. (യശയ്യ. 45: 7).

## സംഗ്രഹം

1. ബൈബിളിലെ സാത്താനും പിശാചും അമാനുഷിക ശക്തിയുള്ള വ്യക്തിയോ ആത്മരുപിയോ അല്ല. എതിരായി നിൽക്കുന്ന ഘടകങ്ങൾക്ക് കൊടുത്തിരിക്കുന്ന ബൈബിൾ പദങ്ങൾ മാത്രമാണ് അവ.
2. പാപചിന്തകൾ വരുന്നത് ഹൃദയത്തിൽ നിന്നാണ് നാം ആഗ്രഹിക്കാതെ പാപം ചെയ്യുന്നില്ല.
3. ബൈബിളിലെ സാത്താൻ മനുഷ്യരോ, മാലാഖയോ, ചിന്തയോ, എതിരാളികളോ ചിലപ്പോൾ ദൈവമോ ഒക്കെ ആയിരിക്കും അമാനുഷിക ആത്മജീവികളല്ല.
4. തിന്മ ചെയ്യുന്ന എതിരാളിയെ (വ്യക്തി, രോഗം, ദുശ്ചിന്ത, ക്രൂരത, അധികാരികൾ ആദിയായവ) പിശാച് എന്ന പദംകൊണ്ട് രേഖപ്പെടുത്തുന്നു. സാത്താൻ എന്ന പദം എതിരാളി എന്നർത്ഥത്തിലാണ്. അത് നന്മചെയ്യുന്ന എതിരാളിയോ തിന്മചെയ്യുന്ന എതിരാളിയോ ആകാം. സംഖ്യ. 22: 22 ലെ പ്രതിയോഗിയും 1തിമൊ. 1: 20 ലെ സാത്താനും നല്ലതു ചെയ്യുന്ന ഏജന്റാണ്.

പാഠം 9-ലെവായനാ ഭാഗങ്ങൾ ഉത്തരം

## ചോദ്യങ്ങൾ

1. പിശാച്
   1) മനുഷ്യനിലെ പാപസ്വഭാവം.
   2) അമാനുഷിക ജീവി.
   3) ഒരു രോഗം.

2. സാത്താൻ.
   1) എപ്പോഴും പിശാച്.
   2) എതിരാളി അല്ലെങ്കിൽ പ്രതിയോഗി.
   3) ദോഷം ചെയ്യുന്ന സത്വം.

3. 1യോഹ. 3: 8 ന്റെ അർത്ഥം താങ്കൾ ഗ്രഹിച്ചിട്ടുള്ളത് എഴുതുക.
4. മനുഷ്യൻ പാപം ചെയ്യുന്നത് എന്തുകൊണ്ട്?
5. എബ്രായർ 2: 14 ന്റെ അർത്ഥം എന്ത്?



## പാഠം 9 ന്റെ വായനാഭാഗങ്ങൾ.

**ഉത്തരം** പ്രത്യേകം 4മാർക്ക് കൊണ്ട് അടയാളപ്പെടുത്തുക.

| പുസ്തകം | വായിച്ചു | വായിച്ചില്ല | മനസ്സിലായി | മനസ്സിലായില്ല |
|---|---|---|---|---|
| 1) യാക്കോ. 1 | ☐ | ☐ | ☐ | ☐ |
| 2) പുറപ്പാട്. 20: 1–17 | ☐ | ☐ | ☐ | ☐ |
| 3) യെശയ്യ. 14. | ☐ | ☐ | ☐ | ☐ |
| 4) യെഹസ്. 28: 14 | ☐ | ☐ | ☐ | ☐ |
| 5) യെഹസ്. 26: 27–28 | ☐ | ☐ | ☐ | ☐ |
| 6) 2തിമോ. 3: 3 | ☐ | ☐ | ☐ | ☐ |
| 7) യോഹ. 6: 70. | ☐ | ☐ | ☐ | ☐ |
| 8) 1പത്രോ. 5: 8. | ☐ | ☐ | ☐ | ☐ |
| 9) അ.പ്രവൃ. 10: 38. | ☐ | ☐ | ☐ | ☐ |
| 10) എഫേ. 4: 27 | ☐ | ☐ | ☐ | ☐ |
| 11). യാക്കോ. 4: 7. | ☐ | ☐ | ☐ | ☐ |
| 12) മർക്കൊ. 9: 14–29. | ☐ | ☐ | ☐ | ☐ |
| 13) മത്തായി. 17: 14–21. | ☐ | ☐ | ☐ | ☐ |
| 14) ലൂക്കോ.. 9: 37–43. | ☐ | ☐ | ☐ | ☐ |
| 15) ലൂക്കോ. 13: 11–17. | ☐ | ☐ | ☐ | ☐ |
| 16) അ.പ്രവൃ. 5: 1–11. | ☐ | ☐ | ☐ | ☐ |

# പാഠം 10.
# സ്നാനം

വായനാഭാഗം: അ. പ്രവൃ. 8. റോമർ. 6

വി. വേദപുസ്തകത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഉപദേശങ്ങളിൽ ഒന്നാണ് സ്നാനം. രക്ഷപ്രാപിച്ച് വാഗ്ദത്തങ്ങളിൽ അവകാശിയാകാൻ സ്നാനം കൂടിയേ തീരു എന്ന് ബൈബിൾ വ്യക്തമായി പഠിപ്പിക്കുന്നു. യേശു ക്രിസ്തു തന്റെ പരസ്യ ശുശ്രൂഷ ആരംഭിച്ചത് യോർദ്ദാനിൽ സ്നാനം ഏറ്റതിനു ശേഷമാണ്. സ്നാനപ്പെടുത്തിയത് യോഹന്നാനാണ്. അദ്ദേഹത്തിന്റെ പേരുതന്നെ സ്നാപകൻ എന്നായിരുന്നു. സ്നാപക യോഹന്നാൻ പ്രസംഗിച്ചത് ദൈവരാജ്യം സമീപിച്ചിരിക്കുന്നതിനാൽ മാനസ്സാന്തരപ്പെട്ടു സുവിശേഷത്തിൽ വിശ്വസിപ്പിൻ എന്നായിരുന്നു വിശ്വസിക്കുന്നവൻ സ്നാനപ്പെടണമെന്നത് യേശുവിന്റെ ഉപദേശവുമാണ്.

ക്രിസ്തു ദൈവത്തെ സ്നേഹിച്ചിരുന്നതുകൊണ്ടും അവന് വിശ്വാസവും അനുസരണയും ഉണ്ടായിരുന്നതുകൊണ്ടുമാണ് സ്നാനപ്പെട്ടത്. താൻ സ്നാനപ്പെടേണ്ടത് ആവശ്യമായിരുന്നു എന്നു ക്രിസ്തു വിശ്വസിച്ചിരുന്നു. നമുക്ക് ഒരു മാതൃക ഇക്കാര്യത്തിലും യേശു കാണിച്ചു തരികയായിരുന്നു. സ്നാനത്തെ സംബന്ധിച്ചുള്ള വ്യക്തമായ വിശദീകരണങ്ങൾ ബൈബിളിൽ ഉണ്ട്.

അതേ! സ്നാനം എന്താണ്? അത് ഒരു വ്യക്തിയുടെ വിനയം, പൂർണ്ണമായ സമർപ്പണം, വിശ്വാസം, പശ്ചാത്താപം എന്നിവയെ കാണിക്കുന്നു. കൂടാതെ വെള്ളത്തിൽ മുങ്ങി മരിച്ച് പുതുജീവിതത്തിലേക്കു ഉയർത്തെഴുന്നേറ്റുവരുന്ന ഒരു പുതിയ സൃഷ്ടിയെ നാം കാണുകയാണ്. ഈ പ്രക്രിയയിൽക്കൂടി ഒരാൾ കടന്നു പോകേണ്ടതിന്റെ ആവശ്യകത എന്ത്? ക്രിസ്ത്യാനിയാകാൻ ഒരുവൻ ചെയ്യേണ്ട ഒരു ചടങ്ങുമാത്രമാണോ അത്. സ്നാനം എന്നത് അതിനേക്കാൾ ഉന്നതമായ ആശയത്തോടുകൂടിയ ഒരു കർമ്മം ആണ്.

സ്നാനത്തെക്കുറിച്ചു പറയുമ്പോൾ വേദപുസ്തകത്തിലെ ഒരു ഭാഗം നല്ല ഒരു വിശദീകണമായി ഓർമ്മയിൽ വരുന്നു. അത് അ. പ്രവൃ. 2: 37, 38. ആണ്. അപ്പൊസ്തൊലനായ പത്രൊസ് ക്രിസ്തുവിനെ ക്രൂശിച്ചവരെക്കുറിച്ച് പറയുകയാണ്. തന്റെ സുവിഷേഷം കേട്ട ജനം ഹൃദയത്തിൽ കുത്തുകൊണ്ടവരായി ഇപ്രകാരം ചോദിച്ചു. "സഹോദരന്മാരായ പുരുഷന്മാരേ ഞങ്ങൾ എന്തു ചെയ്യേണ്ടു?" ഉടൻ തന്നെ മറുപടി കൊടുത്തു നിങ്ങൾ മാനസ്സാന്തരപ്പെട്ട് സ്നാനം ഏല്പിൻ എന്ന്. അപ്പോൾ രക്ഷക്ക് അത്യാവശ്യമായ ഒന്നാണു സ്നാനം എന്നതു തന്നെയാണെന്നു തീർച്ചയാണ്. ഈ സത്യം കാണിക്കുന്ന അനേക വേദവാക്യങ്ങൾ ബൈബിളിൽ കാണിക്കാൻ കഴിയും. മർക്കൊ. 16: 16. 1പത്രോസ് 3: 21 മുതലായവ.

സ്നാനം പാപമോചനവുമായും ബന്ധപ്പെട്ടിരിക്കുന്നു. പാപങ്ങളെ കഴുകിക്കളയുകയാണ് സ്നാനംകൊണ്ട് സാധിക്കുന്നത്. ശൗലിന്റെ സ്നാനത്തോടു ചേർന്ന് അ. പ്രവൃ. 22 ന്റെ 6, 16 വായിക്കുമ്പോൾ അവന്റെ പാപങ്ങൾ കഴുകിക്കളഞ്ഞു എന്നു കാണുന്നു. സ്നാനം ക്രിസ്തുവിനോടു ചേരാനായുള്ള ഒരു പ്രക്രിയയാണെന്നും അത് ക്രിസ്തുവിന്റെ ജീവിതത്തെക്കുറിച്ച് നമ്മേ ഓർമ്മിപ്പിക്കുന്നു. ക്രിസ്തുവിനെ നാം അനുസരിക്കുന്നു എന്നതിന്റെ വ്യക്തമായ തെളിവുകളിൽ ഒന്നാണ് സ്നാനം. റോമാലേഖനം 6 ാം അദ്ധ്യായത്തിൽ പൗലൊസ് സ്നാത്തിന്റെ മർമ്മങ്ങളെക്കുറിച്ച് പ്രസ്താവിക്കുന്നുണ്ട് (റോമ. 6ന്റെ 1 മുതൽ 5 വരെ വായിക്കുക) പുതിയ നിയമത്തിൽ നിന്ന് സ്നാനത്തെക്കുറിച്ച് വായിക്കുംതോറും ക്രിസ്തുവും ശിക്ഷ്യന്മാരും സ്നാനത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞത് കൂടുതൽ ബോധ്യമാകും. അപ്പോൾ ഒരു വിശ്വാസിക്ക് താഴെപ്പറയുന്ന കാര്യങ്ങൾ അനുഭവപ്പെടാൻ തുടങ്ങും.

1. ദൈവത്തെ തന്റെ നന്മകളിൽ സ്തുതിക്കുകയും ബഹുമാനിക്കുകയും വേണം.
2. ദൈവരാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെട്ട് തന്റെ ഇഷ്ടം ഇവിടെ നടപ്പാക്കണം.
3. നമ്മുടെ പാപങ്ങൾ കഴുകിക്കളയപ്പെടണം.
4. ക്രിസ്തുവിലൂടെ വാഗ്ദത്തം ചെയ്യപ്പെട്ടിരിക്കുന്ന നിത്യജീവന് നാം പങ്കാളികളാകണം.
5. ക്രിസ്തുവിനെയും ദൈവത്തെയും പ്രസാദിപ്പിക്കുവാൻ പര്യാപ്തമായ ഒരു പുതിയ ജീവിതം ആരംഭിക്കണം.

ഒന്നാം നൂറ്റാണ്ടിലെ വിശ്വാസികൾ മേൽപ്പറഞ്ഞകാര്യങ്ങൾ വിശ്വസിക്കുകയും അവ ആവശ്യപ്പെടുകയും അതനുസരിച്ച് സ്നാനം ഏല്ക്കുകയും ചെയ്തിരുന്നതായിട്ടാണ് ബൈബിളിൽ കാണുന്നത്. സുവിശേഷം അവരെ വിശ്വാസത്തിലേക്കു നയിച്ചു. അവർ പശ്ചാത്തപിച്ചു. ചിലതു ചെയ്യാനുണ്ടെന്നു ഗ്രഹിച്ച് അനുസരിച്ചു. സ്നാനം അനുസരണത്തിന്റെ ഒരു വലിയ പ്രവൃത്തിതന്നെയാണ്. അനുസരണത്തിന്റെ ആദ്യപടിയായി അവർ സ്നാനപ്പെട്ടു. ഈ സ്നാനത്തെക്കുറിച്ച് അല്പകാര്യങ്ങൾകൂടി ഗ്രഹിക്കാനുണ്ട്. ബൈബിൾ സ്നാനത്തെക്കുറിച്ച് പറയുമ്പോൾ അത് വിശ്വാസത്തിനു ശേഷം മാത്രം നടക്കുന്ന ഒന്നായിട്ടാണു കാണുന്നത്. വിശ്വസിക്കാതെ സ്നാനമില്ല. വിശ്വസിക്കണമെങ്കിൽ അതിനുള്ള

പ്രായംവേണം. വിശ്വസിച്ചു സ്നാനപ്പെടുന്നവരെല്ലാം അതിനാവശ്യമായ മാനസികവളർച്ച ലഭിച്ചവരായിരിക്കും. ശിശുസ്നാനം വേദപുസ്തക പ്രകാരമുള്ളതല്ല. അതുപോലെ മറ്റൊന്ന് ധാരാളം വെള്ളം ഉള്ളയിടത്തേ സ്നാനം നടക്കു. (യോഹ. 3: 23.) മുങ്ങിയാണു സ്നാനം. വെള്ളം തളിച്ചു സ്നാനപ്പെട്ടതായ ഒരു സംഭവം ബൈബിളിൽ ഇല്ല.

സ്നാനം ഒരു വലിയ ആശയത്തെ കാണിക്കുന്നതാണ്. ഒരാൾ വിശ്വാസത്തിലേക്കു വന്നു കഴിഞ്ഞാൽ ബൈബിൾ സത്യങ്ങളാണു വിശ്വസിക്കേണ്ടത്. അയാൾ ക്രിസ്തുവിൽ വിശ്വസിച്ചാണു വരുന്നത് ക്രിസ്തു മരിച്ചെന്നും ഉയിർത്തെന്നും നിത്യജീവൻ പ്രാപിച്ചെന്നും വിശ്വസിക്കുന്നു. അതുപോലെ സ്നാനത്തിൽ മരണവും ഉയിർപ്പും നിത്യജീവന്റെ വാഗ്ദത്തം പ്രാപിക്കലും നടന്നേമതിയാവു. മരിക്കണമെങ്കിൽ വെള്ളത്തിൽ പൂർണ്ണമായും മുങ്ങിത്താഴണമല്ലോ. വെള്ളം എത്രതന്നെ തളിച്ചാലും മരണം സംഭവിക്കുന്നില്ല. ഈ കാര്യം പൗലൊസ് റോമർ. 6ൽ വ്യക്തമാക്കിയിട്ടുണ്ട്. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടെ ഏകീഭവിക്കുന്നു. പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കുന്നു. വെള്ളത്തിൽ മുങ്ങിമരിച്ച് കുഴിച്ചിടപ്പെട്ടശേഷം ഉയിർത്തു വരുന്നപോലെ സ്നാസത്തിൽ മരണവും ഉയിർപ്പും നടക്കുന്നതു പ്രത്യേകം ശ്രദ്ധിക്കുക. ഒടുക്കത്തെ നാളിൽ ഞാൻ അവനെ ഉയർപ്പിക്കും എന്നു ക്രിസ്തു മരിച്ചവരെപ്പറ്റി പറയുന്ന ഭാഗം ഓർക്കുക. സ്നാനത്താൽ ഉയിർപ്പിന്റെ വാഗ്ദത്തം കൂടി ലഭിക്കുകയാണ്.

ചുരുക്കിപ്പറഞ്ഞാൽ ഗ്രഹിക്കാൻ പ്രായമായവർ വചനം കേൾക്കുമ്പോൾ ഗ്രഹിക്കുന്നു. ഗ്രഹിച്ചാൽ ഞാൻ ഇനി എന്തുചെയ്യണം എന്നു ചിന്തിക്കുന്നു. സ്നാനപ്പെട്ടേ മതിയാകു എന്നറിയുന്നു. വേദപുസ്തകാനുസൃതം അയാൾ മുങ്ങി സ്നാനം ഏല്ക്കുന്നു. ഇതിന് വിശ്വാസസ്നാനം എന്നു പറയുന്നു. അത് മനുഷ്യന്റെ കഴിഞ്ഞ കാല പാപങ്ങളെ കഴുകി കളയുന്ന പ്രതിരൂപാത്മകമായ ഒരു കഴുകൽകൂടിയാണ്. പഴയ ജീവിതരീതിയുടെ ഒരു മരണമാണ് അത്. പുതിയ ജീവതത്തിന്റെ ഒരു തുടക്കവും ആണ്.

സ്നാനത്തോടുകൂടി നാം ഒരു പുതിയ ജീവിതം ആരംഭിക്കുന്നു. എന്നാൽ നാം ഈ ജഡത്തിൽ ജീവിക്കും. കാലം പിന്നെയും പാപങ്ങൾക്ക് അടിമകളാകുന്നു. പക്ഷേ നാം ക്രിസ്തുവിലായിതീർന്നാൽ നമ്മേ അവൻ സഹായിക്കുന്നു. പിതാവാം ദൈവത്തോടു നമുക്കുവേണ്ടി അഭയയാചന കഴിക്കുന്നു. ഇന്നു ക്രിസ്തുനമുക്കുവേണ്ടി പക്ഷപാതം ചെയ്തുകൊണ്ട് സ്വർഗ്ഗത്തിൽ പിതാവിന്റെ വലത്തു ഭാഗത്തിരിക്കുകയാണ്. 1 യോഹ. 2: 1 ഒരുത്തൻ പാപം ചയ്തു എങ്കിലോ നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്കു പിതാവിന്റെ അടുക്കൽ ഉണ്ട്. അവൻ നമ്മുടെ



പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുന്നു.

സ്നാനം ദൈവിക കല്പനയാണ്. അത് യേശു ക്രിസ്തു നമ്മേ ഭരമേല്പിച്ചു. മത്തായി 28: 19ൽ യേശുക്രിസ്തു സ്വർഗ്ഗാരോഹണത്തിനു മുൻപ് അവസാനമായി ഇപ്രകാരം പറഞ്ഞു എന്ന് വായിക്കുന്നു, "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോടു കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ടു സകല ജാതികളേയും ശിഷ്യ രാക്കിക്കൊൾവിൻ".

ഈ വാക്യം ദയവായി ഒന്നുകൂടി ശ്രദ്ധിച്ചു വായിക്കുക. ഒരു കാര്യം ശ്രദ്ധിച്ചുവോ? അവർ സുവിശേഷം പറഞ്ഞത് ആളുകളെ ശിഷ്യരാക്കിയപ്പോൾ അവർ അവരെ സ്നാനപ്പെടുത്തേണ്ടതുണ്ടായിരുന്നു. ഒരു പുതിയ ജീവിതം ആരംഭിക്കാൻ ദൈവം കൊടുത്ത മാർഗം സ്നാനം ആയിരുന്നു. ഇന്നും പുതിയ ജീവിതത്തിന്റെ ആരംഭം കുറിക്കുന്നത് സ്നാനം ആകുന്നു.

ഈ ദൈവകല്പന നാം അനുസരിക്കുമ്പോൾ ദൈവം നമ്മുടെ അതുവരെ യുള്ള പാപങ്ങളെ ക്ഷമിക്കുന്നു. യേശുക്രിസ്തു പാപം ഒന്നും ചെയ്യാതിരുന്നിട്ടും നമുക്ക് ഒരു നല്ല മാതൃക ആകേണ്ടതിന് യോഹന്നാനാൽ സ്നാനം ഏറ്റു. മത്തായി 3 ന്റെ 13മുതൽ 17വരെ വാക്യങ്ങൾ ദയവായി വായിക്കുക. അവിടെ ക്രിസ്തുവിന്റെ സ്നാനത്തെക്കുറിച്ച് നാം വായിക്കുന്നു. ക്രിസ്തു യോർദ്ദാനിൽ എത്തുന്നതും തന്റെ കസിനായ (സഹോദരനായ) യോഹന്നാനാൽ സ്നാനം ഏല്ക്കുന്നതും എല്ലാം അവിടെ വായിക്കുന്നു.

യേശുവിനെ സ്നാനപ്പെടുത്തുവാൻ തികച്ചും താൻ അയോഗ്യനാണെന്നു യോഹന്നാൻ പറഞ്ഞപ്പോൾ ക്രിസ്തു പറഞ്ഞ മറുപടി പ്രത്യേകം ശ്രദ്ധിക്കുക. "ഇപ്പോൾ സമ്മതിക്കുക ഇങ്ങനെ സകലനീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം". (മത്തായി 3: 15) ഇവിടെ 'നമുക്ക്' എന്ന പദം ശ്രദ്ധിക്കുക. യേശു പറഞ്ഞില്ല എനിക്ക് ഉചിതം എന്ന്. നുമുക്ക് ഉചിതം എന്നുപറഞ്ഞാൽ നമുക്കെല്ലാം ഉചിതമായിട്ടുള്ളത് എന്നാണ്. തീർച്ചയായും സ്നാനം രക്ഷയ്ക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്തതാകുന്നു.

## വിശ്വസിച്ച് സ്നാനപ്പെട്ട ഒരുവ്യക്തി

എത്യോപ്യ രാജ്ഞിയുടെ വിചാരകനായ ഒരു ഷണ്ഡന്റെ മാനസാന്തരത്തെക്കുറിച്ച് നാം അപ്പൊ.പ്രവൃ. 8-ാം അദ്ധ്യായത്തിൽ വായിക്കുന്നുവല്ലോ അവിടെ അയാൾ പറഞ്ഞ ഒരുകാര്യം പ്രത്യേകം

ശ്രദ്ധിക്കാനുണ്ട്. ഇതാ വെള്ളം ഞാൻ സ്നാനമേൽക്കുന്നതിന് എന്തു വിരോധം എന്ന് അവൻ ചോദിച്ചു. (അദ്ധ്യായം. 8: 36.) ഒരു വ്യവസ്ഥ ഫീലിപ്പോസ് പറഞ്ഞു "നീ പൂർണ്ണ ഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം." (വാക്യം 37) 38-ാം വാക്യത്തിൽ അവർ ഇരുവരും വെള്ളത്തിൽ ഇറങ്ങി എന്നാണ് എഴുതിയിരിക്കുന്നത് അതിനാവശ്യമുണ്ട്. കാരണം ഫിലിപ്പോസ് ഷണ്ഡനെ വെള്ളത്തിൽ മുക്കി സ്നാസപ്പെടുത്താൻ ആണ് തുടങ്ങുന്നത്.

## ഒരു വലിയ തീരുമാനം

സ്നാനത്തെക്കുറിച്ച് ഇതാ മറ്റൊരു വേദഭാഗം. "എന്നാൽ ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ചുള്ള സുവിശേഷം അറിയിക്കുന്ന ഫിലിപ്പോസിനെ അവർ വിശ്വസിച്ചപ്പോൾ പുരഷന്മാരും സ്ത്രീകളും സ്നാനമേറ്റു". (അപ്പൊ.പ്രവൃ. 8: 12)

ഈ വാക്യത്തിൽ നിന്ന് ഒരു കാര്യം നാം മനസ്സിലാക്കുന്നു. നന്നായി ഒരുങ്ങാതെ സ്നാനത്തിനു തിടുക്കം കാട്ടരുത്. ശമര്യയിലെ പുരഷന്മാരും സ്ത്രീകളും ദൈവരാജ്യത്തെയും യേശുക്രിസ്തുവിന്റെ നാമത്തെയും കുറിച്ച് നന്നായി മനസ്സിലാക്കിയതിനു ശേഷമാണ് സ്നാനം സ്വീകരിച്ചത്.

മനുഷ്യന്റെ ജീവിതത്തിലെ പരമപ്രാധാനമായ തീരുമാനമാണ് സ്നാനം ഏല്ക്കണം എന്നുള്ളത്. അത് വളരെ ഗൗരവത്തോടു ചെയ്യേണ്ടതാകുന്നു. ഒരു നിമിഷത്തെ ചിന്തകൊണ്ടോ മറ്റാരുടെയെങ്കിലും പ്രേരണകൊണ്ടോ ഒരിക്കലും സ്നാനം ഏല്ക്കരുത്. വേദപുസ്തകത്തിലെ സത്യങ്ങൾ നന്നായി ഗ്രഹിച്ചതിനു ശേഷമേ സ്നാനപ്പെടാവു. സത്യങ്ങളെ സംബന്ധിച്ചുള്ള ശരിയായ വിശ്വാസം ഉണ്ടാകണം. സ്നാനത്തിനു ശേഷം ആ വിശ്വാസത്തിൽ നിന്നു നമ്മെ വ്യതിചലിപ്പിക്കുന്ന എല്ലാ പരീക്ഷകളെയും അതിജീവിച്ച് ദൈവത്തിന്റെ കല്പനകളെ അവസാനത്തോളം അനുസരിക്കുകയും വേണം.

വേദപുസ്തക സത്യങ്ങൾ വിശ്വസിക്കാതെയും ദൈവകല്പനകളെ മാനിച്ച് അനുസരിക്കാതെയും ഉള്ള സ്നാനം നിരർത്ഥകമാകുന്നു.

## ദൈവമക്കൾ

നാം ആദാമിന്റെ സന്തതികളായി ജനിച്ചു. എന്നാൽ നാം സ്നാനപ്പെടുമ്പോൾ ദൈവകുടുബത്തിലെ അംഗങ്ങളായി ദത്തെടുക്കപ്പെടുന്നു. അങ്ങനെ നാം ദൈവമക്കൾ ആയിതീരുന്നു. ഓരോമനുഷ്യനും ആദാമിന്റെ സന്തതിയാകുന്നു. നാം ആദാമിൽ



ഉള്ളവരാണെന്നും ബൈബിൾ പറുയുന്നു. നാം സ്നാനപ്പെടുമ്പോൾ ക്രിസ്തുവിനെ ധരിക്കുന്നു. അങ്ങനെ നാം ക്രിസ്തുവിൽ ആകുന്നു. ഗലാത്യർ 3: 26–27 വാക്യങ്ങൾ പൗലൊസ് പറയുന്നു "ക്രിസ്തു യേശുവിലെ വിശ്വാസത്താൽ നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു". 29-ാം വാക്യംകൂടി ശ്രദ്ധിക്കുക "ക്രിസ്തുവിനുള്ളവർ എങ്കിലോ നിങ്ങൾ അബ്രാഹാമിന്റെ സന്തതിയും വാഗ്ദത്ത പ്രകരം അവകാശികളും ആകുന്നു". അങ്ങനെയെങ്കിൽ സ്വർഗ്ഗരാജ്യത്തിന് അവകാശിയാകാൻ സ്നാനം എത്ര മാത്രം ആവശ്യമാണെന്ന് ഇവിടെ വ്യക്തമാകുന്നു.

നമുക്ക് ഒരു പുതിയ ജീവിതത്തെക്കുറിച്ചുള്ള പ്രത്യാശ ദൈവം നല്കിയിരിക്കുന്നു. 1 കൊരി. 15: 22 ഇപ്രകാരം നമ്മെ ഉൽബോധിപ്പിക്കുന്നു. "ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിക്കപ്പെടും".

**ചോദ്യങ്ങൾ**

1. നാം സ്നാനപ്പെടണമെന്ന് ദൈവം ആഗ്രഹിക്കുന്നുണ്ടോ? അതിനു തെളിവായി ഒരു വേദവാക്യം എഴുതുക.
2. സ്നാനത്തിനു മുൻപ് വിശ്വാസം ആവശ്യമാണോ?
3. സ്നാനപ്പെടുന്നത്
   1) വെള്ളത്തിൽ മുങ്ങി വേണം.
   2. വെള്ളം ഒഴിച്ചോ തളിച്ചോ ആകാം.

4. റോമർ 6ന്റെ ആദ്യഭാഗത്തുനിന്ന് സ്നാനത്തെക്കുറിച്ച് താങ്കൾ മനസ്സിലാക്കിയത് ചുരുക്കി എഴുതുക.
5. ഒരു പുതിയ ജീവിതത്തിന്റെ തുടക്കമാണ് സ്നാനം എന്ന് വിശദമാക്കുക.
6. ശിശു സ്നാനത്തെക്കുറിച്ച് താങ്കൾ എന്തു ചിന്തിക്കുന്നു?

# പാഠം 11.
# ബൈബിൾ സത്യങ്ങൾ

| | | |
|---|---|---|
| വായനാഭാഗം: | റോമർ. 12, 13. | ഗലാത്യർ 5: 22, 24. |
| ഫിലിപ്പി. 4, 8. | കൊലോ. 3: 12, 15. | 2 പത്രോസ്. 1: 12, 15. |

ബൈബിൾ സത്യങ്ങൾ അറിയുകയും വിശ്വസിക്കുകയും ചെയ്യേണ്ടത് വളരെ ആവശ്യമെന്നു താങ്കളെ മനസ്സിലാക്കുന്ന ഈ പഠന പദ്ധതിയുടെ അവസാനത്തെ പാഠത്തിലേക്കു താങ്കൾ വരികയാണ്. സുവിശേഷത്തിൽ വിശ്വസിക്കുകയും മാനസ്സാന്തരപ്പെട്ട് സ്നാനം ഏല്ക്കുകയും ചെയ്യേണ്ടത് നിത്യജീവൻ നേടാൻ ആവശ്യമായ ഘടകങ്ങളാണെന്ന് ഇതിനോടകം ഗ്രഹിച്ചു കാണുമല്ലോ.

സ്നാനപ്പെടണമെന്ന കല്പന അനുസരിക്കേണ്ടതുള്ളതുകൊണ്ട് അതെടുത്താൽ എല്ലാമായി എന്നു ചിന്തിക്കുന്നവരുണ്ട്. അത് തികച്ചും തെറ്റാണ്. സ്നാനം ക്രിസ്തീയ ജീവിതത്തിന്റെ ഒരു തുടക്കം മാത്രമാണ്. സ്നാനത്തോടുകൂടി ഒരാൾ നിത്യജീവനിലേക്കുള്ള യാത്ര ആരംഭിക്കുകയായി. ക്രിസ്തുവിനോടു ചേരാൻ സ്നാനം ഏല്ക്കുമ്പോൾ ഒരു പുതിയ ജീവിതത്തിന് ആരംഭം കുറിച്ചു. ദൈവത്തെ അനുസരിക്കുകയും സേവിക്കുകയും ചെയ്യുന്ന ഒരു പുതിയ ജീവിതമാണ് അത്. ഇനി പാപത്തെയല്ല ദൈവത്തെ അത്രേ സേവിക്കുന്നത്. ആ വഴിയെക്കുറിച്ച് അല്പംകൂടി ചിന്തിക്കാം.

കർത്താവായ യേശുക്രിസ്തു തന്റെ ഉയിർപ്പിനു ശേഷം സ്വർഗ്ഗാരോഹണത്തിനു മുൻപായി ഒരു പ്രധാന സന്ദേശം നൽകുകയുണ്ടായി. സുവിശേഷം പ്രചരിപ്പിക്കുക വിശ്വസിക്കുന്നവരെ സ്നാനപ്പെടുത്തുക എന്നതായിരുന്നു അത്. മർക്കൊ. 16: 15–16 യേശുവിന്റെ വാക്കുകളെ അനുസരിച്ചുകൊണ്ടുള്ള ഒരു ജീവിതത്തിന്റെ ആരംഭമാണ് അത്. മത്തായി. 28: 20. വായിക്കുക ഈ നിർദ്ദേശങ്ങൾ ബൈബിളിൽ നിന്നു മാത്രമേ കിട്ടു. അതുകൊണ്ട് ദിനം പ്രതിയുള്ള ബൈബിൾ വായന അത്യാവശ്യമായ ഒരു സംഗതിയാണ്. യാക്കോബ്. 1: 18. 1 പത്രോ. 1: 23. എന്നീ ഭാഗങ്ങൾ വായിക്കുമ്പോൾ കാണുന്നത് ദൈവം തന്റെ വചനത്താൽ നമ്മേ വീണ്ടും ജനിപ്പിച്ചിരിക്കുന്നു എന്നാണ്. വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ചിപ്പിൻ. 1 പത്രൊ. 2:2. നമ്മുടെ ധാരണകളെ ശരിയായ രീതിയിൽ തിരുത്താനും ആത്മിക സത്യങ്ങൾ ഗ്രഹിക്കാനും ബൈബിൾ വായനകൊണ്ടേ സാധിക്കൂ എന്നത് ഒരു സത്യം ആകുന്നു. ന്യായവിധിദിവസത്തിൽ രക്ഷപ്രാപിക്കുവാൻ ഈ അറിവുണ്ടായിരിക്കണം.



## കൂട്ടായ്മ

ബൈബിൾ വായനയിലൂടെ വിശ്വാസികളുടെ അനുദിന ജീവിതത്തിൽ ചില പുതിയ പരിചയങ്ങൾ ഉണ്ടാകുന്നുണ്ട്. ക്രിസതു തന്റെ അനുയായികളോടു നിർദ്ദേശിച്ചു. തന്നെ ഒരു പ്രത്യേക രീതിയിൽ ഓർമ്മിക്കണമെന്ന്. അവന്റെ ജന്മദിനമോ ശബത്തോ പ്രത്യേക പെരുന്നാളുകളോ ഓർക്കാനല്ല ക്രിസ്തു പറഞ്ഞത്. പിന്നയോ അപ്പവീഞ്ഞുകളിലൂടെ യേശുവിനെ സ്മരിക്കുവാൻ അവൻ കല്പിച്ചിരിക്കുന്നു. 1 കൊരി. 11: 23–26. മത്തായി. 26: 26–28. മർക്കൊ. 14: 22–25. ലൂക്കൊ. 22: 19–20. അപ്പവും വീഞ്ഞും നമുക്കുവേണ്ടി നല്കപ്പെട്ട ക്രിസ്തുവിന്റെ ശരീര രക്തങ്ങളെ ഓർമ്മിപ്പിക്കുന്ന പ്രതീകങ്ങളാണ്. സ്നാനത്തിൽ എന്നപോലെ അപ്പവീഞ്ഞുകൾ പങ്കിടുമ്പോൾ വിശ്വാസികൾ അവരുടെ വിശ്വാസം ഉറക്കെ പ്രഖ്യാപിക്കുകയാണ്. അവർ പാപമോചനം പ്രാപിക്കുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ആയിരുന്നു ഒന്നാം നൂറ്റാണ്ടിൽ ഈ അനുസ്മരണ ശുശ്രൂഷ നടന്നിരുന്നത് (അ.പ്രവൃ. 2: 7). ദിവസമല്ല ഓർമ്മയാണു പ്രധാനം. ഓർമ്മ കൊണ്ടാടുന്നത് ഒരേ വിശ്വാസത്തിൽ വന്നവർ ഒന്നിച്ചിരുന്നാണ്. ബൈബിൾ സത്യങ്ങൾ ശരിക്കും....... അറിഞ്ഞ് ആ സത്യങ്ങളിൽ സ്നാനം ഏറ്റവർ ഒന്നിച്ചിരുന്നായിരിക്കണം ക്രിസ്തുവിന്റെ മരണത്തെയും ഉയിർപ്പിനെയും രണ്ടാമത്തെ വരവിനെയും സ്മരിക്കേണ്ടത്. ഇത് സ്നാനപ്പെട്ടവരുടെ കടമയാണ്. അതേ വിശ്വാസത്തിൽ ഉള്ളവരുമായി കൂട്ടായ്മ നടത്തുക എന്നത് ഒരു കല്പനയാണ്. കാലം സമീപിക്കും തോറും അത് അധികമധികമായും ചെയ്യേണ്ടതാകുന്നു. എബ്രാ. 10: 24–25.

## പ്രാർത്ഥന

ഒരു വിശ്വാസി സ്വയത്തിലല്ല ദൈവത്തിലാണ് ആശ്രയിച്ചു ജീവിക്കുന്നതെന്നു കാണിക്കുന്ന ഒന്നാണ് പ്രാർത്ഥന. തന്റെ മക്കൾക്ക് ക്രിസ്തുവിലൂടെ പ്രാർത്ഥിക്കുവാനുള്ള അവകാശം കൊടുത്തിരിക്കുകയാണ്. അതു മറന്നു പോകരുത്. ക്രിസ്തുവിനെ മാത്രമേ മദ്ധ്യസ്ഥനായി ദൈവം നിയമിച്ചിട്ടുള്ളു. 1 തിമൊ. 2: 5. എബ്രെ. 7: 20–28. ഇന്ന് ചില ആളുകൾ മറ്റനേകം മദ്ധ്യസ്ഥന്മാരിലൂടെ പ്രാർത്ഥിക്കുന്നതായി കാണുന്നുണ്ട്. അത് വേദ വിപരീതവും ദൈവത്തിന് വെറുപ്പും ആണ്. സദൃ. 28: 9. യോഹ 9: 31. ക്രിസ്തുതന്നെ ഒരു പ്രാർത്ഥനാമനുഷ്യൻ ആയിരുന്നു. മത്തായി. 14: 23. 26: 36. പ്രാർത്ഥന എപ്രകാരമായിരിക്കണം എന്നതിന് യേശുക്രിസ്തു ഒരു നല്ല മാതൃക നമുക്കു നൽകിയിട്ടുണ്ട്. മത്തായി. 6: 6–13. സ്തുതിയും പാപമോചനത്തിനുള്ള യാചനയും അനുദിന സ്ധാരണത്തിനുള്ള അപേക്ഷയും എല്ലാറ്റിനും ഉപരിയായി ദൈവരാജ്യം വരാനുള്ള ആവശ്യവും ആയിരിക്കണം നമ്മുടെ പ്രാർത്ഥനയുടെ ഉള്ളടക്കം.

## വേർപാട്.

യേശു ക്രിസ്തുവിന്റെ രണ്ടാം വരവിൽ ഈ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിച്ച് നമുക്കു നിത്യ ജീവൻ നല്കി നമ്മേ ആ രാജ്യത്തിന്റെ പ്രജകളാക്കും എന്നതാണു നമ്മുടെ പ്രത്യാശ. അതിനായി കാത്തിരിക്കുന്നവരാണ് വിശ്വാസികൾ. അതുകൊണ്ട് ഈ ലോകത്തിന്റെ ഭരണ സംവിധാനത്തിലോ രാഷ്ട്രീയ സംഘടനാ പ്രവർത്തനങ്ങളിലോ വിശ്വാസികൾക്ക് യാതൊരു താല്പര്യം ഇല്ല. രാഷ്ട്രീയ കാര്യങ്ങളിൽ നിന്നും വിട്ടു നിൽക്കുന്ന ക്രിസ്തുവിന്റെ യഥാർത്ഥ ശിഷ്യന്മാർ സത്യസന്ധമായ വരുമാനങ്ങൾ കൊണ്ടു ജീവിക്കുന്നവരായിരിക്കും. അവർ യാതൊരു തരത്തിലുള്ള കൈക്കൂലിയും സ്വീകരിക്കുകയില്ല കൈക്കൂലി ദൈവസന്നിധിയിൽ മ്ലേച്ഛമാണ്. അമോസ്. 5: 12. സദൃശ. 17: 23. ക്രിസ്തുവിന്റെ ശിഷ്യന്മാർ അവരുടെ എല്ലാ പ്രവർത്തനങ്ങളിലും സത്യസന്ധരും നഷ്ടം സഹിക്കേണ്ടിവന്നാലും നിയമ യുദ്ധങ്ങൾക്കു വേണ്ടി കോടതിയെ സമീപിക്കാത്തവരും ആകുന്നു. 1 കൊരി. 6: 7. ഉപജീവനത്തിന് എന്തെങ്കിലും തൊഴിൽ ചെയ്യണം. വേലചെയ്യാത്തവൻ ഭക്ഷണത്തിനു അർഹനല്ല. സുവിശേഷവേല ഉപജീവനമാർഗ്ഗം ആക്കരുത്.

വെളിപ്പാട് 11: 15. പ്രകാരം ക്രിസ്തുവിനുള്ളവർ ഒരു രാഷ്ട്രീയ പാർട്ടിയുടെയും പ്രവർത്തനത്തിൽ പങ്കെടുക്കുകയില്ല. കാരണം ഈ ലോകരാഷ്ട്ര ഭരണങ്ങൾ നമ്മുടെ കർത്താവിന്റെയും ക്രിസ്തുവിന്റെയും രാജ്യത്തിന് കീഴ്പ്പെടേണ്ട ഒരു കാലം അടുത്തുവന്നുകൊണ്ടിരിക്കുകയാണ്. ഇന്നു കാണുന്ന വിവിധ മതവർഗ്ഗ രാഷ്ട്രീയ സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള പ്രകടനങ്ങളിലോ സമാധാന ശ്രമങ്ങളിലോ പങ്കെടുക്കാൻ താല്പര്യം കാണിക്കരുത്. കാരണം സമാധാനം നടത്താൻ ദൈവത്തിനേ സാധിക്കൂ. ക്രിസ്തുവിന്റെ ഭരണം ഈ ലോകത്തു വരുമ്പോൾ മാത്രമേ യഥാർത്ഥ സമാധാനം സ്ഥാപിക്കാൻ കഴുയു. തീർച്ചയായും വിശ്വാസികൾ വ്യക്തിപരമായി സമാധാന ജീവിതം നയിക്കുകയും മറ്റുള്ളവരെ അതിനു ഉത്സാഹിപ്പിച്ചു പ്രേരിപ്പിക്കുകയും ചെയ്യണം.

വിശ്വാസികൾ ഭൂമിയുടെ ഏതു ഭാഗത്തു താമസിച്ചാലും അവിടവിടെയുള്ള ഭരണാധികാരികളെയും ഗവൺമെന്റുകളെയും പൂർണ്ണമായി അനുസരിക്കുകയും രാജ്യത്തിന്റെ നിയമങ്ങൾ അനുസരിക്കുകയും ചെയ്യും. ഏതു ഭരണാധികാരിയെയും ആ സ്ഥാനത്തു കൊണ്ടുവരുന്നത്. ദൈവമാണെന്ന് നാം മറന്നു പോകരുത്. ഏത് ഭരണാധികാരിക്കും നാം കർത്താവിൽ കീഴ്പ്പെടണം എന്നാണ് ദൈവവചനം അനുശാസിക്കുന്നത്. ദാനി. 4: 25. റോമർ: 13: 1–7. ദൈവീക കല്പനകളെ ലംഘിക്കുവാൻ ഇടയാക്കുന്ന ചില ഉദ്യോഗങ്ങൾ വിശ്വാസികൾ സ്വീകരിക്കാൻ പാടില്ല. ഉദാഹരണത്തിന് യുദ്ധ നടപടികളിൽ പങ്കെടുക്കുക, മനുഷ്യരെ കൊല്ലുക, ദേഹോപദ്രവം ഏല്പിക്കുക, ശത്രുക്കളെ സംഹരിക്കുക, മദ്യശാലകൾ വേശ്യാലയങ്ങൾ ഇവ നടത്തുക ആദിയായ ജോലികൾ ഒരിക്കലും സ്വീകരിക്കാൻ പാടില്ല. മത്തായി. 5: 38, 42. റോമർ. 12: 19, 20. മുതലായ ഭാഗങ്ങൾ വായിക്കുക.

വിവാഹത്തെ സംബന്ധിച്ച് വിശ്വാസികൾ അവിശ്വാസികളെ വിവാഹം കഴിക്കാൻ ഇടയാകരുത് 2 കൊരി. 6: 14, 16. വിശ്വാസത്തിലേക്കു വരുന്നതിനു മുൻപ് വിവാഹിതരായവർ തങ്ങളുടെ ഇണകളെ ഉപേക്ഷിക്കണമെന്നല്ല ഉദ്ദേശിക്കുന്നത് 1 കൊരി. 17: 10–16. അവർ ഇണകളെ വിശ്വാസത്തിലേക്കു കൊണ്ടുവരാൻ ഉത്സാഹിപ്പിക്കണം. മത്തായി 19: 5–6. പ്രകാരം വിവാഹം സുദൃഢമായ ഒരു ബന്ധമാണല്ലോ. വിവാഹമോചനം നേടി ഇണ ജീവിച്ചിരിക്കുമ്പോൾ മറ്റൊരാളെ വിവാഹം കഴിക്കുന്നത് വ്യഭിചാരമാണ്. എഫേ. 5: 32–33. 6: 4 സങ്കീ. 127: 3–6.

യേശുക്രിസ്തുവിലുള്ള ജീവിതം സമാധാനപൂർണ്ണവും മാതൃകാ പരവും ആണ് അതിന് ധാരാളം കാര്യങ്ങൾ ചെയ്യാനുണ്ട്. പ്രധാനമായ ഒരു കാര്യം സുവിശേഷം പ്രചരിപ്പിച്ച് ദൈവത്തിന് പ്രസാദകരമായി ജീവിക്കുക എന്നതാണ്. മർക്കൊ.16: 15. റോമർ 10: 13–15. സാക്ഷ്യ ജീവിതം സുവിശേഷ പ്രചരണത്തിന് ശക്തമായ ഒരു ഉപാധിയാണ്. കുട്ടുകാരെയും അയൽവാസികളെയും ആകർഷിക്കാൻ പോരുംവിധം നമ്മുടെ ജീവിതം മാതൃകയായിരിക്കണം. നമ്മോടു വിശ്വാസത്തെക്കുറിച്ച് ചോദിക്കുന്നവരോട് വളരെ സൗമ്യതയോടെ പ്രത്യുത്തരം പറയണം. 1 പത്രോ 3: 15. ഈ ഭൂമിയിൽ ലഭിക്കാൻ പോകുന്ന നിത്യരാജ്യത്തിലെ നിത്യജീവനാണ് നമ്മുടെ ലക്ഷ്യം. എല്ലാ ആത്മീയ പ്രവർത്തനങ്ങളും ദൈവരാജ്യത്തിലെ അംഗമാകാനുള്ള മാർഗ്ഗങ്ങളായിരിക്കണം. ആ രാജ്യത്തിന്റെ സുവിശേഷമാണ് നാം മറ്റുള്ളവരെ അറിയിക്കേണ്ടത്. മറ്റുള്ളവരോടു സ്നേഹപൂർവ്വം ഇടപെട്ട് ഈ സന്ദേശം പ്രചരിപ്പിക്കാൻ നമുക്കു കഴിയണം. ഗലാത്യർ. 6: 10

ഉണ്മാനും ഉടുക്കാനും ഉണ്ടെങ്കിൽ അതുമതി എന്നു പൗലൊസ് പറഞ്ഞല്ലോ. ക്രിസ്തുവിന്റെ ശിഷ്യന്മാർ ദയാശീലരും അനുകമ്പയുള്ളവരും മറ്റുള്ളവരെ സഹായിക്കുന്നവരും ആയിരിക്കണം. ക്രിസ്തു ലോകത്തിൽ ആയിരുന്നപ്പോൾ മറ്റുള്ളവരോടു സ്നേഹവും കരുണയും കാണിച്ചപോലെ സമസൃഷ്ടികളോടു നാമും പെരുമാറണം. ധനവാന്മാരാകാനുള്ള മോഹം ഒട്ടും ഇല്ലാതെ ഉള്ളതു കൊണ്ട് തൃപ്തിപ്പെടുന്നവരായിരിക്കണം. മാത്രമല്ല ദൈവം കൊടുത്തിട്ടുള്ള നന്മകളിൽ നിന്ന് മറ്റുള്ളവരെ സഹായിക്കുന്നവരും ആയിരിക്കണം. ഇങ്ങനെയുള്ള സഹായം സ്വയ ഇച്ഛയനുസരിച്ച്

സന്ദർഭാനുസൃതം ചെയ്യേണ്ടതാകുന്നു ഈ ആശയമാണ്. ലൂക്കോസ് 10: 29-37ൽ നല്ല ശമര്യക്കാരന്റെ ഉപമയിലൂടെ യേശു ക്രിസ്തു പഠിപ്പിക്കുന്നത്.

എല്ലാറ്റിനും ഉപരിയായി ഒരുവൻ ക്രിസ്തുവിൽ ആയിക്കഴിയുമ്പോൾ അനുഭവിക്കുന്ന സന്തോഷവും സമാധാനവും ഒന്നു വേറെ തന്നെയാണ്. യേശുവിലൂടെ പിതാവാം ദൈവം നമുക്കു ക്രമീകരിച്ചു തന്നിരിക്കുന്ന രക്ഷയിൽ നാം എത്രമാത്രം ആനന്ദിക്കേണ്ടവരാണ്. യഥാർത്ഥ സുവിശേഷം അറിയുകയും അതു സ്വീകരിക്കുകയും ചെയ്തവർ (ക്രിസ്തുവിനോട് ചേരാൻ സ്നാനപ്പെട്ടവർ) ആയിരിക്കും ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നവരിൽ ഭാഗ്യവാന്മാർ ഇപ്പോൾ പല കഷ്ടതകളും ഉണ്ടാകുമെന്നുള്ളത് സത്യമാണെങ്കിലും യേശുക്രിസ്തു എത്രയും വേഗം ഈ ഭൂമിയിൽ ദൈവരാജ്യം സ്ഥാപിക്കാൻ വരുമെന്നുള്ള ഉറച്ച വിശ്വാസം നമുക്ക് അത്യധികമായ ആശ്വാസം നൽകുന്ന ഒരു വസ്തുതയാകുന്നു. നമ്മുടെ വീണ്ടെടുപ്പ് അടുത്തിരിക്കുന്നു എന്നോർത്ത് നമ്മുടെ തലകളെ നമുക്ക് ഉയർത്താം.

## ഒരു തീരുമാനം

ഈ പാഠം നിമിഷങ്ങൾക്കകം ഇനി നിങ്ങൾ വായിച്ചുതീരും. രണ്ടായി പിരിയുന്ന വഴിയുട തലയ്ക്കൽ നിങ്ങൾ നിൽക്കുകയാണെന്ന് കരുതുക. അതിൽ ഒരുവഴി മരണത്തിലേക്കും മറ്റേവഴി നാശത്തിലേക്കും നയിക്കുന്നതാണ്. ജീവന്റെ വഴിയേ സഞ്ചരിക്കുന്നവർ ദൈവവചനം വിശ്വസിച്ച് സ്നാനപ്പെട്ട് ക്രിസ്തുവിനെപ്പോലെ ആകാൻ ശ്രമിക്കുന്ന ദൈവമക്കളും ക്രിസ്തുവിന്റെ സഹോദരങ്ങളും ആണ്. അവരോടു ചേർന്ന് യാത്ര തുടരുമോ? ദൈവത്തിന്റെ വചനത്തിലെ സത്യങ്ങൾക്ക് താങ്കൾ ചെവികൊടുക്കുമോ? വചനം വിശ്വസിച്ച് താങ്കൾ സ്നാനം ഏല്ക്കുമോ? ഓർക്കുക യേശു പറയുന്നു വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ രക്ഷിക്കപ്പെടും. വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ ആകും. ഒരു നല്ല തീരുമാനം എടുക്കുവാൻ ദൈവം താങ്കളെ സഹായിക്കട്ടെ.

## ചോദ്യങ്ങൾ

1. ക്രിസ്തുവിന്റെ അനുയായികൾ വേദപുസ്തകം വായിക്കുന്നത്.
   1) ഓരോ ദിവസവും.
   2) പള്ളി ആരാധനയിൽ മാത്രം.
   3) എല്ലാ ഞായറാഴ്ചകളിലും.



2. പ്രാർത്ഥിക്കേണ്ടത്.
   1) വർഷത്തിൽ ഒരിക്കൽ.
   2) ആഴ്ചതോറും പള്ളിയിൽ സഭായോഗത്തിനു പോകുമ്പോൾ
   3) ഓരോ ദിവസവും.

3. അപ്പം നുറുക്കി കൂട്ടായ്മ ആചരിക്കുന്നു എന്നു പറഞ്ഞാൽ.
   1) അപ്പവീഞ്ഞുകളിലൂടെ യേശുവിനെ അനുസ്മരിക്കുന്നു.
   2) യേശുവിന്റെ യഥാർത്ഥ ശരീര രക്തങ്ങൾ അനുഭവിക്കുന്നു.
   3) ആത്മാവിന്റെ ആഹാരം ഭക്ഷിക്കുന്നു.

4. യുദ്ധസമയത്ത് നമ്മുടെ കടമ.
   1) സൈന്യത്തിൽ ചേരുക
   2) യുദ്ധനടപടികളെ കഴിയുന്നവിധം സഹായിക്കുക.
   3) ദൈവകല്പനകളോടു വിശ്വസ്തരായി യുദ്ധം ചെയ്യാൻ തയ്യാറാകാതിരിക്കുക.

5. തെരഞ്ഞെടുപ്പു വരുമ്പോൾ യഥാർത്ഥ ക്രിസ്ത്യാനി.
   1) സാധുക്കളുടെ പാർട്ടിക്കുവേണ്ടി വോട്ടു ചെയ്യുക.
   2) ആർക്കും വോട്ടുചെയ്യാതിരിക്കുക.
   3) വോട്ടുചെയ്യാൻ മറ്റുള്ളവരെ പ്രോത്സാഹിപ്പിക്കുക.

6. സ്നാനത്തിനു ശേഷം ഒരു വിശ്വാസി.
   1) ഒരു ഭാര്യയുടെ ഭർത്താവായിരിക്കുക.
   2) വിവാഹം കഴിക്കാതിരിക്കുക.
   3) ഒന്നിലധികം ഭാര്യമാരെ സ്വീകരിക്കുക.

7. യഥാർത്ഥ വിശ്വാസത്തിൽ വന്ന ഒരാൾ.
   1) ആരുടെയും സുവിശേഷ പ്രവർത്തനങ്ങളെ കഴിയുന്നത്ര സഹായിക്കുക.
   2) തന്റെ വിശ്വാസത്തിലുള്ളവരുമായി മാത്രം സുവിശേഷ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
   3) വിട്ടുവീഴ്ചകളോടുകൂടി ഐക്യ ക്രിസ്തീയ കൂട്ടായ്മകളിൽ പ്രവർത്തിക്കുക.

8. വിശ്വാസി വിവാഹം കഴിക്കുന്നത്.
   1) ഏതു വിശ്വാസത്തിൽ ഉള്ളവരെയും ആകാം.
   2) താൻ സ്വീകരിച്ച വിശ്വാസത്തിൽ ഉള്ളവരെ മാത്രം.
   3) സന്ദർഭാനുസരണം ആരെയും ആകാം.

**9.** ആത്മിക ജീവിതത്തിൽ ഏറ്റവും പ്രധാനമായിട്ടുള്ളത്.

1) താങ്കൾക്കു ബോധിച്ച ഒരു സഭ കണ്ടെത്തുക അതിൽ ചേരുക.

2) നല്ല കൂട്ടുകാരെ അന്വേഷിച്ചു കണ്ടെത്തി അവരിൽ നിന്ന് പരമാവധി പ്രയോജനം നേടുക.

3) യേശുക്രിസ്തുവിന്റെ ഒരു വിശ്വസ്ത ദാസനായിരിക്കുക.

**10.** നമ്മുടെ ഭരണാധികാരികളെ, മേലുദ്യോഗസ്ഥന്മാരെ നാം എങ്ങനെ കാണണം എന്നു കാണിക്കുന്ന ഒരു വേദവാക്യം എഴുതുക.

**11.** ഏതെങ്കിലും സാഹചര്യത്തിൽ രാജ്യത്തിന്റെ നിയമങ്ങളെ ലംഘിക്കാൻ നാം നിർബന്ധിതരായി തീരുമോ? തീരുമെങ്കിൽ ആ സാഹചര്യം എന്ത്?

12. ഒരു വിശ്വാസി ഒരവിശ്വാസിയെ വിവാഹം കഴിച്ചാലുള്ള ദോഷമെന്ത്?

**13.** ഈ പഠന പദ്ധതി കൊണ്ട് ബൈബിൾ സത്യങ്ങൾ ഗ്രഹിക്കാൻ താങ്കൾക്കു സാധിച്ചുവോ?

**14.** ഞങ്ങളോടു ചോദിക്കാൻ താങ്കൾക്ക് ഈ പഠന പദ്ധതിയിൽ എന്തെങ്കിലും ചോദ്യങ്ങൾ ഉണ്ടോ?

**15.** താങ്കളുടെ ജില്ലയിൽ ക്രിസ്തുവിൽ സഹോദരങ്ങളുടെ പഠന ക്ലാസ്സോ ആരാധനയോ നടക്കുന്നു എന്നറിഞ്ഞാൽ അവിടെ പോകാൻ താല്പര്യം ഉണ്ടോ.?

**16.** ഈ പഠന പാഠങ്ങൾ ആരംഭിക്കുന്നതിനു മുൻപ് താങ്കൾക്കുണ്ടായിരുന്ന ഏതെങ്കിലും വിശ്വാസം ഈ പഠനം കൊണ്ട് മാറിയിട്ടുണ്ടോ?

---

N.B. ഉത്തരം എഴുതികഴിഞ്ഞ് പാഠം മറ്റൊരാൾക്കു കൊടുക്കുക, വചന സത്യങ്ങൾ പ്രചരിപ്പിക്കുന്നതിൽ പങ്കുചേരുക.
താങ്കളെ നേരിൽ കണ്ട് സംസാരിക്കുവാൻ താല്പര്യമെങ്കിൽ അതുനുള്ള സൗകര്യം അറിയിക്കുക. പാഠം പ്രയോജനപ്രദമെന്നു ചിന്തിക്കുന്നെങ്കിൽ മറ്റൊരാളെയെങ്കിലും ഞങ്ങളുമായി പരിചയപ്പെടുത്തുക. സഹകരണത്തിനു നന്ദി.



**The Christadelphians**
G.P.O. Box. 159
Hyderabad. 500 001
A.P., India

**CHRISTADELPHIANS**
P.B No. 43
THIRUVALLA
KERALA 689 101

**ക്രിസ്റ്റഡെൽഫിയൻസ്**
പി.ബി. നമ്പർ– 43
തിരുവല്ല,
കേരളം 689 101

Printed by
Printland Publishers Hyderabad-1

Local Address